T62
J61

T62
J61

T.62
J.61

# കള്ളസന്ന്യാസി

(സാമുദായിക ഗദ്യനാടകം)

നാടകകൎത്താവ്

**ശ്രീ. കെ. എം. ജോൺ**

ചെമ്പ്.

T.62
J.61
DHARMARAM COLLEGE LIBRARY
3914.
BANGALORE.

പ്രസാധകർ:
എസ്സ്. എച്ച്. ലീഗ്,
ആലുവാ നോത്ത്. P.O.

വില. 8ണ.

(പകർപ്പവകശം "എസ്സ്. എച്ച്. ലീഗി"ന്)

ഒന്നാംപതിപ്പ്                    കോപ്പി 2000

25—12—1954.

# കഥാപാത്രങ്ങൾ.

ജോസഫ്.........ദരിദ്രനെങ്കിലും ആദർശസമ്പന്നനായ ഒരു യുവാവ്.

സഖറിയാ........യാഥാസ്ഥിതികനായ ഒരു കുബേരൻ.

ജോൺ...........സഖറിയായുടെ മകൻ. വിൻസെൻറു ഡി പോൾ പ്രവർത്തകൻ.

മേരി..............സഖറിയായുടെ മകൾ. ആദർശ പ്രേമി.

പീററർ...........ഹൃദയമില്ലാത്ത ഒരു മനുഷ്യൻ.

റീത്ത..............പീറററിൻെറ സഹോദരി.

ആൻറു്..........ഒരു സാമ്പിൾ ഇത്തിക്കണ്ണി.

യാചകൻ.......ഒരു കാലത്തു കുബേരനായിരുന്നു, അയാൾ.

വൈദികൻ.....സ്നേഹഹൃദയൻ; ഔദാര്യനിധി.

തൊമ്മി..........പരമാർത്ഥബുദ്ധിയെങ്കിലും വിടുവായനായ വേലക്കാരൻ.

ഇൻസ്പെക്ടർ.

പോലീസ്.

ഡോക്ടർ.

പോസ്ററുമാൻ.

Printed by Bro. C. F. Joseph at the J. M. Press,
Ap. Seminary, Alwaye North P. O.

# രണ്ടുവാക്ക്

കലാരാമത്തിലേയ്ക്കൊന്നെത്തിനോക്കുകയാണു്; ഒരു ആരാധകൻ എന്ന നിലയിൽമാത്രം. ആരാധന അനുകരണത്തിലേയ്ക്കു നയിക്കുമല്ലോ. അകത്തുള്ള പൂക്കളുടെ വർണ്ണശബളതയിൽ ആകൃഷ്ടനായി അതുപോലൊന്നുണ്ടാക്കാൻ ഞാൻ ശ്രമിച്ചുനോക്കി. അതിൻെറ ഫലമാണു് ഈ 'കള്ളസന്യാസി'. രൂപവടിവൊത്ത ഒരു ശില്പമാണു് 'കള്ളസന്യാസി'യുടേതെന്നു ഞാൻ അഭിമാനിക്കുന്നില്ല. പ്രഥമസംരംഭമെന്ന നിലയിൽ പാകപ്പിഴകൾ പലതും വന്നുപോയിട്ടുണ്ടാകാം. ഉദ്ദേശ്യശുദ്ധിയെക്കുറിച്ചെങ്കിലും അതിനു മാപ്പു തരണേ എന്നു മാത്രമേ കലാസ്വാദകരായ അനുവാചകരോട് എനിക്കഭ്യർത്ഥിക്കുവാനുള്ളു.

വളരെ ആശങ്കകളോടും എന്നാൽ വളരെയേറെ പ്രതീക്ഷകളോടുംകൂടിയാണു് ഈ എളിയ കൃതിയെ നിങ്ങളുടെ മുമ്പിലേയ്ക്കു് ആനയിക്കുന്നതു്. കൃതഹസ്തരായ പലരും ഇതിനെ തലോടിയിട്ടുണ്ടെന്നുള്ളതു സന്തോഷത്തോടെ ഇവിടെ സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. സാഹിത്യരസികനും, ഭാവനാസമ്പുഷ്ടനും, കർമ്മകുശലനുമായ വെരി റവ. ഫാദർ മാത്യു വടക്കേൽ അവർകളുടെ സൌമനസ്യസമ്പൂർണ്ണവും പ്രോത്സാഹനസന്നദ്ധവുമായ സഹൃദയത്വത്തിന്നു മുമ്പിൽ എൻെറ കൃതജ്ഞതാനിർഭരവും വിനീതവുമായ കൂപ്പുകൈ.

എൻെറ ജീവിതചക്രവാളത്തിൽ വെളിച്ചം വീശിക്കൊണ്ടിരിക്കുന്ന ഒരു വെള്ളിനക്ഷത്രമുണ്ടു്: റവ. ഫാദർ ജോസഫ് മുട്ടമന. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ചൊരിയുന്ന പ്രഭാപ്രസരത്തിലൂടെ സഞ്ചരിക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ആ 'ലൈററ് ഹൌസ്' മററുള്ളവർക്കെന്നപോലെ എനിക്കും ഒരനുഗ്രഹമാണു്. ഔദാര്യനിധിയായ ആ സ്നേഹസമ്പന്നൻെറ മുമ്പിലും എൻെറ ഹാർദ്ദമായ കൂപ്പുകൈ.

ആദർശസംഘട്ടനങ്ങൾ രൂക്ഷതരമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു നിസ്വാർത്ഥമായ സാഹിതീസേവനംവഴി സനാതനമായ തത്വസംഹിതകൾക്കുവേണ്ടി നിർഭയം പോരാടിക്കൊണ്ടിരിക്കുന്ന എസ്. എച്ച്. ലീഗ് ഭാരവാഹികൾ എന്റെ "കള്ളസന്ന്യാസി"യെ വേണ്ടവിധത്തിലണിയിച്ചു രംഗത്തിറക്കുന്നതിൽ കാണിച്ച മഹാമനസ്കതയ്ക്കു് അകമഴിഞ്ഞ കൃതജ്ഞത.

വളരെ ക്ലേശങ്ങൾ സഹിച്ചു് ഈ നാടകം പ്രഥമതഃ അഭിനയിച്ച മാന്യസുഹൃത്തുക്കൾക്കും ഇതിന്റെ രചനയിൽ എന്നെ സഹായിച്ച എന്റെ ആത്മസുഹൃത്തിനും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം മേലിലും അവരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടു് ഈ വിനീതകൃതിയെ സഹൃദയരായ അനുവാചകരുടെ ഹസ്തങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

ചെമ്പ്.
12—11—1954.

ഗ്രന്ഥകർത്താ.

# കള്ളസന്യാസി

## രംഗം 1

(തെരുവീഥി— അനാഥനായ ജോസഫ് അവശനായി പ്രവേശിക്കുന്നു.)

ജോസഫ്: (വിയപ്പുതുടച്ചിട്ട്) ദൈവമേ! പാപി ചെല്ലുന്നിടമെല്ലാം പാതാളം എന്നതു് എത്രയോ പരമാത്ഥം! ഏതു നാട്ടിൽ ചെന്നാലും, ആരെ സമീപിച്ചാലും നിരാശമാത്രമാണു ലഭിക്കുക! ആശയുടെ നേരിയ നിഴൽമാത്രമെങ്കിലും ഈ പാപിയുടെമേൽ പകരുവാൻ ഒരു ജീവിപോലുമില്ലല്ലോ!

എവിടെ ചെന്നാലും ആട്ടും തുപ്പുംതന്നെ; ഇതെല്ലാം സഹിക്കാം. പക്ഷേ, ഞാനൊരു കള്ളനാണുപോലും! എൻെറ ഭാവവും വേഷവും കണ്ടാൽ ഒരു കള്ളൻേറതുപോലെയാണൊന്നു്! നീറിപ്പുകയുന്ന ഹൃദയവുമേന്തി ദിവസങ്ങൾ തള്ളിനീക്കുന്ന ഈ ജീവി ഒരു കള്ളനാണുപോലും!! എന്നെപ്പോലെ സങ്കടങ്ങളുടേയും തീരാവ്യഥകളുടേയും അഗാധത്തിൽ വീണുവലയുന്ന ജീവനുള്ള അസ്ഥിപഞ്ജരങ്ങൾ, താങ്ങും തണലുമില്ലാത്ത ആയിരമായിരം പാവങ്ങൾ,(വികാരവിജൃംഭിതനായി)എല്ലാം കള്ളന്മാരാണുപോലും!!! അതേ, ഒരു കൂട്ടരുടെ സുഖസമ്പൂണ്ണമായ ജീവിതത്തിനുമുന്നിൽ ഒരുനേരത്തെ ആഹാരത്തിനുവേണ്ടി കെഞ്ചുന്ന—ജീവിക്കുവാൻ അനുവാദം യാചിക്കുന്ന—പട്ടിണിക്കോലങ്ങൾ കള്ളന്മാരാണെന്നു പറയുവാൻ അവരുടെ നാവുകൾ പൊങ്ങും!

(ഒരു പെട്ടിയുമായി ആൻറ് പ്രവേശിക്കുന്നു. ജോസഫിനെക്കണ്ടു പെട്ടി താഴെ വച്ചിട്ട്)

ആൻറ്: എടാ, ഇങ്ങു വരൂ. (വേറെ ആരെയോ വിളിക്കുകയാണെന്നു ജോസഫ് തെററിദ്ധരിക്കുന്നു.)

ആൻറ്: എടാ ഇങ്ങുവരൂ.

ജോസഫ്: എന്നെയോ?

ആ: നിൻെറയൊക്കെ ചെവിക്ക് എന്തു പററിയെടാ?

ജോ: എന്നെയല്ലേ?

ആ: നിന്നെത്തന്നെ, ഇവിടെ വാടാ. (ജോസഫ് അടുത്തുചെല്ലുന്നു.) എടാ, ഈ പെട്ടിയുമെടുത്തുകൊണ്ട് എൻെറകൂടെ പോരാമോ?

ജോ: (സംശയഗ്രസ്തനായി) ഞാനോ?

ആ: എന്തെടാ, ഇത്ര സംശയം?

ജോ: ഒന്നുമില്ല; എത്രദൂരം കൊണ്ടുപോകണം?

ആ: കഷ്ടിച്ച് രണ്ടുമൈൽ.

ജോ: (അത്ഭുതത്തോടെ) രണ്ടുമൈലോ!

ആ: (ഹാസ്യഭാവത്തിൽ) ഇല്ലെടാ, അര ഫർലോങ്ങേ ഉള്ളൂ! കള്ളനു കഞ്ഞിവെച്ചവനൊക്കെ നടക്കുന്നു. എടാ മിനുങ്ങാക്കള്ളനായി കഴിഞ്ഞുകൂടിയാൽ വയററിലോട്ടൊന്നും പോകത്തില്ല. ആട്ടെ, നിനക്ക് എട്ടണ തന്നേക്കാം. പെട്ടിയെടുത്തോളൂ. (ജോസഫ് പെട്ടിയെടുക്കുന്നു ഇരുവരും പോകുന്നു.)

കർട്ടൻ

## രംഗം 2

(മംഗലശ്ശേരി ബംഗ്ലാവിൻെറ മുൻവശം- യഥാക്രമം ആൻറും ജോസഫും പ്രവേശിക്കുന്നു.)

ആ: എടാ, ഇവിടെ വച്ചേക്കൂ. (ജോസഫ് പെട്ടി താഴെ വെയ്ക്കുന്നു.) എടാ തൊമ്മീ, (തൊമ്മി വിളികേട്ടുകൊണ്ടു് പ്രവേശിക്കുന്നു.) എടാ, ഈ പെട്ടിയെടുത്തു് അങ്ങു വച്ചേക്കൂ.

തൊമ്മി: (ജോസഫിനെ സൂക്ഷിച്ചുനോക്കിയിട്ടു്) അയ്യോ! ഇവനേതാ?

ആ: എടാ, ഒരു പാവപ്പെട്ടവൻ! (സഹതാപസ്വരത്തിൽ) നോക്കു്, എല്ലും തൊലിയും മാത്രമേയുള്ളൂ. അയ്യോ പാവം!

തൊ: പാവമാണെങ്കി ചേട്ടനൊരു പത്തുപറയ്ക്കു നിലം അങ്ങെഴുതിക്കൊടുക്കൂ. ഹോ! സാധുക്കളോടെന്തു കരുണയാണെന്നറിയാമോ. അല്ലേ ഒന്നു തെരക്കിനോക്കു്?

ആ: ഛേ അതു കള.

തൊ: ങും, ചേട്ടനല്ലേ കളയുന്ന ആളു്; നല്ല പുള്ളിയാ. (തൊമ്മി പെട്ടിയുമായി പോകുന്നു.)

ആ: (അലസമായി ഒരണ കൊടുത്തിട്ടു്) ഇതാ, കൊണ്ടുപൊയ്ക്കോളൂ.

ജോ: (വാങ്ങി അതിശയത്തോടെ അണത്തുട്ടിനേയും ആൻറിനേയും മാറിമാറി നോക്കി) ഇതൊരണയാണു്.

ആ: അപ്പോഠം ചോദിക്കട്ടെ; നിൻെറ വീടെവിടെയാണു്.

ജോ: കോട്ടയത്താണു്; ചേട്ടാ, ഇതൊരണയല്ലേയുള്ളൂ?

ആ: ഛേ അതു കള.

ജോ: ഏതു കളയാൻ. നിങ്ങഠം പിച്ചുപറയുകയാണോ.

ആ: നിനക്ക് അപ്പനെത്രപേരുണ്ട്.

ജോ: (വികാരാധീനനായി) അപ്പനെത്രയെന്നോ?

ആ:(പെട്ടെന്ന്)തെററിപ്പോയി;നിനക്ക്അപ്പനുണ്ടോ?

ജോ: ഉണ്ട്. ഇനി ബാക്കി കൂലി?

ആ: സഹോദരന്മാരുണ്ടോ?

ജോ: ഉണ്ട്; ചേട്ടാ, ബാക്കി തന്നാൽ ഞാൻ............

ആ: ഛേ അതു കള; നീ എന്താണ് ഇത്ര ചെറുപ്പത്തിലേ അലഞ്ഞു തിരിയാൻ കാരണം.

ജോ: അതു കള, ഇതുകള, എന്നു പറഞ്ഞു കളിപ്പിക്കാതെ ബാക്കിഅണ തരൂ.

ആ: ഓഹോ മനസ്സിലായി; ഭാര്യ കൊള്ളുകില്ലാത്തവളാണല്ലേ?

ജോ: (അസഹ്യതയോടെ) എന്തു മനസ്സിലായെന്നാണു നിങ്ങൾ പറയുന്നത്? നിങ്ങൾ കളിയാക്കുകയാണല്ലേ? ചേട്ടാ, പോയി വല്ലതും കഴിക്കട്ടെ; വല്ലാതെ വിശക്കുന്നു.

ആ: കൂട്ടം; വിശപ്പുകൂട്ടം. എന്തു ചെയ്യാം. വിധി. (തിരിഞ്ഞു നടക്കാൻ ഭാവിക്കുന്നു.)

ജോ: ഹേയ് സഹോദരാ, (ആൻറു തിരിയുന്നു) എനിക്കു കൂലി തന്നിട്ടുപോകൂ.

ആ: അതു ഞാൻ തന്നില്ലേ?

ജോ: കൂലിയല്ല, ധർമ്മമാണു തന്നത്

ആ: ഛേ അതു കള.

ജോ: ഏതു കളയാൻ. എന്തു 'പൈത്ര്യ'മാണു നിങ്ങളീ പറയുന്നത്.

ആ: പോടാ.

ജോ: നിങ്ങൾ എട്ടണയല്ലേ തരാമെന്നു പറഞ്ഞത്.

ആ: അതൊക്കെ ശരിതന്നെ. എടാ, ഇനി അങ്ങു തുറന്നു പറയാമല്ലോ. നിനക്ക്ഒരണ തന്നതുതന്നെ കൂടുതലാണ്. പിന്നെ നീയായതുകൊണ്ടാണ് അതെങ്കിലും തന്നത്.

ജോ: നിങ്ങളുടെ ഔദാര്യമൊന്നും എനിക്കാവശ്യമില്ല. എൻെറ വേലയ്ക്കു കൂലി തന്നാൽ മതി. ഈ പെട്ടിയുമെടുത്തു തീപോലുള്ള ഈ വെയിലത്തു നിങ്ങളുടെകൂടെ പോന്നതു്, ഇതിൻെറ കൂലി കിട്ടിയാൽ ഒരുനേരത്തെ ആഹാരമെങ്കിലും കഴിക്കുവാൻ സാധിക്കുമല്ലോ എന്നോർത്താണു്. ഞാൻ പട്ടിണികിടന്നു ശീലിച്ചവനല്ല. കൂലിവേലചെയ്തു ജീവിച്ചവനുമല്ല. എന്നാൽ, ഇന്നത്തെ എൻെറ നിലയിൽ ഇതെല്ലാം ചെയ്യേണ്ടിവന്നു. അതുകൊണ്ടു സഹോദരാ, കൂലിതന്നാൽ ഞാൻ...........

ആ: നിനക്കെന്തു വേണമെന്നാണു് പറയുന്നതു്.

ജോ: നിങ്ങൾ തരാമെന്നുപറഞ്ഞതു തന്നേക്കു.

ആ: അതൊന്നും തരാനൊക്കുകയില്ല.

ജോ: സഹോദരാ, നാലണ തന്നേക്കൂ. ഞാൻ പൊയ്ക്കൊള്ളാം.

ആ: നാലണയല്ല കാൽ പൈപോലും തരാനൊക്കുകില്ല.

ജോ: നാലണപോലും............

ആ: ഛേ അതു കള.

ജോ: (സഗൗരവം) നിങ്ങൾ 'പിത്തലാട്ട'മെടുക്കുകയാണു്; അല്ലേ?.

ആ: എന്തു്? എന്തുപറഞ്ഞെടാ നീ?

ജോ: പറഞ്ഞതു നിങ്ങൾ കേട്ടില്ലേ?

ആ: നിനക്കു ഞാനൊരു പറമ്പെഴുതി തരട്ടെ?

ജോ: അതു ഞാൻ ആവശ്യപ്പെട്ടില്ല; ആഗ്രഹിക്കുന്നുമില്ല.

ആ: ഹോ, നിൻെറ ഭാവം കണ്ടാൽ തോന്നും ഒരു മലമറിച്ചിട്ടു നില്ക്കുകയാണെന്നു്. (സഗൗരവം) പോടാ അവിടന്നു്.

ജോ: ഞാൻ പോകാൻ വന്നവനാണു്.

ആ: എന്നാൽ, പോടാ പാട്ടിന്ന്.

ജോ: പോകാം. നിങ്ങൾ സമ്മതിച്ച തുക തരണം.

ആ: അതു ഞാൻ തന്നുകഴിഞ്ഞു.

ജോ: പാവപ്പെട്ടവക്കു നിങ്ങളെപ്പോലുള്ളവർ കൊടുക്കുന്ന ധമ്മക്കാശ് എനിക്കും കിട്ടി.

ആ: നീ മയ്യാദയ്ക്കു പോകുന്നുണ്ടോ?

ജോ: ഇല്ലെങ്കിൽ?

ആ: നിന്നെ ഞാൻ വിടും.

ജോ: വിടുമ്പോൾ പോകും.

ആ: (സഗൗരവം) ഛടാ, നാശം! പോടാ നിൻെറ പാട്ടിന്ന്. (മേരി പ്രവേശിച്ചു ശ്രദ്ധിക്കുന്നു. ഇരുവരും കാണുന്നില്ല.)

ജോ: നിങ്ങൾ നാലണപോലും എനിക്കു തരികയില്ലെന്നോ?

ആ: ഒരു പൈപോലും തരില്ല.

ജോ: ഇതെന്തു നീതി?

ആ: ഇതാണു നീതി.

ജോ: നിങ്ങളുടെ നീതി! നിങ്ങളും നിങ്ങളെപ്പോലുള്ളവരും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന നീതി. പാവപ്പെട്ടവരെക്കൊണ്ടു് പണിയെടുപ്പിച്ചിട്ടു് കണ്ണുരുട്ടിക്കാണിച്ചു ഭയപ്പെടുത്തി അയക്കുന്ന കിരാതനീതി.

ആ: (ഗൗരവത്തിൽ) നീ ശബ്ദിച്ചുപോകരുതു്.

ജോ: ശബ്ദിച്ചുപോകരുതു്; അല്ലേ? നിങ്ങൾക്കു വേണ്ടതു് എന്നെപ്പോലുള്ളവരുടെ നിശ്ശബ്ദതയാണു്.

ആ: എടാ, നീ ആരോടാണു് കളിക്കുന്നതെന്നറിയാമോ?

ജോ: അറിയാം; അനീതിയും അക്രമവും ഉരുകിച്ചേർന്ന തീക്കട്ടയോടാണു കളിക്കുന്നതെന്നു്; സാധുക്കളെക്കൊണ്ടു വേല ചെയ്യിച്ചിട്ടു് പ്രതിഫലംപോലും കൊടുക്കാതെ അവരുടെ

മേൽ കുതിരകയറുന്ന പണക്കൊതിയനോടാണു കളിക്കു ന്നതെന്ന് എനിക്കറിയാം.

ആ: (പല്ലുകടിച്ച്) എന്തെടാ നീ പറഞ്ഞത്. തെരുവു തെണ്ടിത്തിരിഞ്ഞു നടക്കുന്ന കള്ളപ്പരിഷേ നിന്നെ ഞാൻ.... (മുഷ്ടിചുരുട്ടുന്നു.)

ജോ: അതേ, ഞാൻ കള്ളനാണ്. നിങ്ങളെപ്പോലുള്ള വർ വൎദ്ധിക്കുന്തോറും എന്നെപ്പോലുള്ളവർ കള്ളന്മാരാവുകത ന്നെ ചെയ്യും.

ആ: ഛാ, തെണ്ടി.

ജോ: പാവപ്പെട്ടവരെ തെണ്ടിയെന്ന് ആയിരമായിരം പ്രാവശ്യം വിളിച്ചു തഴമ്പിച്ച ആ നാക്കുകൊണ്ട് എന്നെയും തെണ്ടിയെന്നു വിളിച്ചതിൽ ഞാൻ അതിശയിക്കുന്നില്ല. ഇ നിയും എത്രപേരെ തെണ്ടിയെന്നു വിളിക്കുവാനുള്ള നാക്കാണ ത്. (ക്രോധാവേശനായ ആൻറ് ജോസഫിനെ കഴുത്തിനു പി ടിക്കുവാൻ മുന്നോട്ടു കുതിക്കുന്നു. ജോസഫ് കൈക്കുപിടിച്ചു നിറുത്തുന്നു. ആൻറ് പിടിവിടുവിച്ചിട്ടു മർദ്ദിക്കുവാനടുക്കുന്നു. മേരി തടയുന്നു.)

മേരി: ആൻറ്, അരുത്. ഈ വീടിൻെറ മുററത്തുവെ ച്ച് ഇതു ഞാൻ അനുവദിക്കുകയില്ല. (ആൻറ് സ്വരം കേ ട്ടിടത്തേയ്ക്കു നോക്കി ഒരു പരുങ്ങലോടെ പിൻവലിയുന്നു. മേരിനടന്നടുക്കുന്നു.)

ആ: എടാ, നീ ഇനി ഇവിടെ നില്ക്കാൻ ഞാൻ സമ്മ തിക്കുകില്ല. വേഗം പടികടക്കണം. ങും. (കൈചൂണ്ടി കയ ർത്തുനില്ക്കുന്നു.)

ജോ: ബാക്കി ഏഴണകൂടി തരണം. പറഞ്ഞു സമ്മതി ച്ചതല്ലേ. അതു കിട്ടാതെ ഞാൻ പോകുകില്ല.

മേ: ആൻറ് ഇതു വളരെ കഷ്ടമാണ്. ഈ ചതിപ്ര യോഗം ഇനിയും നിങ്ങൾ ഉപേക്ഷിച്ചിട്ടില്ല; അല്ലേ. കൈ യിൽ കാശില്ലെങ്കിൽ ഉള്ളതുകൊടുത്തു നല്ലവാക്കു പറഞ്ഞയ

ക്കരുതോ. നിങ്ങൾ പോകുക. ഞാൻ കൊടുത്തുകൊള്ളാം. (ആൻറ് പോകുന്നു. മേരി ജോസഫിൻെറനേരെ തിരിഞ്ഞ്) നിങ്ങൾ ഇവിടെ നില്ക്കുക. ഞാൻ പണം എടുത്തുകൊണ്ടുവരാം. (മേരി പോകുവാൻ ഭാവിക്കുന്നു.)

ജോ: വേണ്ടാ; നിങ്ങളുടെ പണം എനിക്കാവശ്യമില്ല.

മേ: അയാൾക്കുവേണ്ടി ഞാൻ തരുന്നതായി കരുതിയാൽമതി.

ജോ: വേണ്ടാ; നിങ്ങളുടെ ഔദാര്യത്തിന് വളരെ ഉപകാരം. എനിക്കു ദൈവം തന്നുകൊള്ളും. (ജോസഫ് തിരിഞ്ഞു നടക്കുന്നു.)

മേ: ദൈവമേ, ഇങ്ങനെയുള്ള ശുദ്ധഹൃദയരുമുണ്ടല്ലോ ഈ ലോകത്തിൽ!! (നോക്കിനില്ക്കുന്നു.)

കർട്ടൻ

## രംഗം 3

(പള്ളിമേട—വിശുദ്ധരുടെ ഛായാപടങ്ങൾ—മേശയിൽ ക്രൂശിതരൂപവും പുസ്തകങ്ങളും— നാലഞ്ചു കസേരകൾ— യുവാവായ വൈദികൻ പത്രപാരായണത്തിൽ ശ്രദ്ധനായിരിക്കുന്നു—ശാന്തഗംഭീരമായ മുഖഭാവം—സമയം സായാഹ്നം—ജോസഫ് പ്രവേശിച്ച് ആചാരം ചെയ്യുന്നു.)

വൈ: മനസ്സിലായില്ലല്ലോ?

ജോ: (ശാന്തസ്വരത്തിൽ)ഒരു നിർദ്ധനനാണ്;പേര് ജോസഫ്.

വൈ: എന്താ വിശേഷിച്ച്?

ജോ: എന്തെങ്കിലും ഒരു സഹായം...........

വൈ: സഹായമോ? നിങ്ങളുടെ സ്വദേശം?

ജോ: കോട്ടയമാണ്. ഞാൻ ചെറുപ്പത്തിലേ വീടുവിട്ടു.

ഒരു മാസത്തോളം കഷ്ടപ്പെട്ടു ചുററിത്തിരിഞ്ഞു കൊച്ചിയിലെത്തി. അവിടെനിന്ന് ഒരു പട്ടാള ഉദ്യോഗസ്ഥൻ എന്നെ ബോംബയിൽ കൊണ്ടുപോവുകയും അദ്ദേഹത്തിൻെറ വീട്ടിൽ താമസിപ്പിച്ചുകൊണ്ട് സ്കൂൾഫൈനൽവരെ പഠിപ്പിക്കുകയുംചെയ്തു. അനന്തരം വീട്ടുകാര്യങ്ങൾ അന്വേഷിച്ചുകൊണ്ടു കുറേക്കൊല്ലം അവിടെത്തന്നെ താമസിച്ചു.

വൈ: അപരിചിതനായ നിങ്ങളോട് അദ്ദേഹത്തിനു കരുണ തോന്നുവാൻ കാരണം?

ജോ: കാരണം, അദ്ദേഹത്തിനു സന്താനമില്ലാതിരുന്നതുകൊണ്ടുമാത്രമാണ്.

വൈ: ഉം, എന്നിട്ട്.

ജോ: ആ ഉദാരമനസ്കൻ നല്കിയിരുന്ന ശമ്പളത്തുക ഞാൻ ബാങ്കിൽ നിക്ഷേപിച്ചുപോന്നു. രണ്ടുമാസത്തിനുമുൻപ് ഞാൻ ബോംബയിൽനിന്നും വീട്ടിലേക്കു തിരിച്ചപ്പോൾ എൻെറ കൈവശം മൂവായിരം രൂപായുണ്ടായിരുന്നു. നിർഭാഗ്യമെന്നേ പറയേണ്ടൂ; ഞാൻ മദ്രാസിൽ വന്നപ്പോൾ ഒരു തെണ്ടിയായി കഴിഞ്ഞു.

വൈ: തെണ്ടിയോ; എങ്ങനെ?

ജോ: എൻെറ ബാഗ് യാത്രാമദ്ധ്യേ ആരോ തട്ടിക്കൊണ്ടുപോയി. പിന്നീട് എൻെറ പക്കൽ ഉണ്ടായിരുന്ന സാധനങ്ങൾ വില്ക്കുകയും, പല സ്ഥലത്തും ജോലി യാചിക്കുകയും ചെയ്തു. എന്നാൽ, കിട്ടിയതു നിരാശമാത്രം. പ്രിയപിതാവേ, നിസ്സഹായനായ ഞാൻ അങ്ങയുടെ സഹായം അഭ്യർത്ഥിക്കുകയാണ്.

വൈ: രൂപാ നഷ്ടപ്പെട്ടപ്പോൾ നിങ്ങൾക്കു തിരിച്ചു ബോംബെയിലേക്കു പോകാമായിരുന്നില്ലേ?

ജോ: അതാണു ഭാഗ്യദോഷമെന്നു ഞാൻ പറഞ്ഞത്. എന്നെ പരിരക്ഷിച്ചുപോന്ന ആ സ്നേഹസമ്പന്നൻ മരിച്ചതിനുശേഷമാണു ഞാൻ ബോംബയിൽനിന്നും തിരിച്ചത്.

വൈ: അങ്ങനെയോ? ഞാൻ എന്തു സഹായം ചെയ്യണമെന്നാണു നിങ്ങൾ പറയുന്നത്.

ജോ: അങ്ങു വിചാരിച്ചാൽ ഈ നാട്ടിൽ എവിടെയെങ്കിലും ഒരു ജോലി...........

വൈ: ജോലിയോ? (ആലോചനാമഗ്നനായശേഷം) സ്ഥലത്തെ ഒരു കുബേരനായ മംഗലശ്ശേരി സഖറിയായ്ക്കു് ഒരു ജോലിക്കാരനെ വേണമെന്നു് സന്ദർഭവശാൽ എന്നോടു പറയുകയുണ്ടായി. അതിനെപ്പററി ഞാൻ അന്വേഷിക്കാം. ആകട്ടെ, കോട്ടയത്തെവിടെയാണു വീട്.

ജോ: കോട്ടയത്തു മലർമുററത്തു് ഔസേപ്പച്ചൻ എന്ന കുബേരൻെറ മകനായി ജനിക്കുവാനുള്ള ദൗർഭാഗ്യമാണു് എനിക്കുണ്ടായതു്.

വൈ: ഒരു കുബേരൻെറ മകനായി ജനിക്കുക ദൗർഭാഗ്യമാണോ?

ജോ: അതേ, അതൊരു വലിയ കഥയാണു്.

വൈ: വിരോധമില്ലെങ്കിൽ പറയൂ.

ജോ: എൻെറ പ്രിയമാതാവു മരിക്കുമ്പോൾ എനിക്കു് ഏഴു വയസ്സേ ഉണ്ടായിരുന്നുള്ളൂ. അപ്പച്ചൻ പുനർവിവാഹം ചെയ്തു. ആ രണ്ടാനമ്മ, വജ്രഹൃദയായ ആ സ്ത്രീ എന്നോടു നിഷ്ഠുരണം വർത്തിക്കുകയും അപ്പച്ചൻ എന്നെ കഠിനമായി വെറുക്കത്തക്കവിധം ദോഷാരോപണം ചെയ്യുകയും വീട്ടുവേലക്കാരനെക്കാൾ ഹീനനായി വിചാരിക്കുകയും ചെയ്തു. നിരാശനിറഞ്ഞ ആ ചുററുപാടിൽനിന്നു രക്ഷപെടുന്നതിനുവേണ്ടി നാടുവിട്ടിട്ടു് നീണ്ട വർഷങ്ങൾ ഇരുപതു കഴിഞ്ഞു. രണ്ടാനമ്മയുടെ അംഗുലീചലനത്തിനൊത്തു തുള്ളിക്കൊണ്ടിരുന്ന എൻെറ അപ്പച്ചൻ ഇന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഞാൻ നാടുവിടുമ്പോൾ രണ്ടാനമ്മയ്ക്കുണ്ടായിരുന്ന രണ്ടോമനമക്കൾ ജീവിച്ചിരിക്കുന്നോ എന്നും എനിക്കറിവില്ല.

വൈ: ശരി; കഷ്ടതകൾ സഹിക്കുവാനുള്ള വൈഷ

മ്യം; അതാണു നിങ്ങൾ നാടുവിടാനുള്ള കാരണം; അല്ലേ?

ജോ: നിശ്ചയമായും അല്ല. പക്ഷേ............

വൈ: പക്ഷേ?

ജോ: അവർ, പിതാവേ ക്ഷമിക്കണം അമ്മയെന്ന വാക്കിന് അർഹയല്ലാത്ത ആ കുടിലഹൃദയ ഞാൻ കഴിക്കുവാനുള്ള ആഹാരത്തിൽ വിഷം കലർത്തി. എന്നാൽ, അന്നത്തെ ഞങ്ങളുടെ വേലക്കാരൻ ആ അപകടത്തിൽനിന്ന് എന്നെ രക്ഷിച്ചു. അന്നുരാത്രി അവൻെറ വീട്ടിൽ താമസിച്ചു. പ്രഭാതമാകുന്നതിനുമുമ്പ് ഞാൻ നാടുവിട്ടു. വെറുംകൈയ്യുമായി പുറപ്പെട്ട ഞാൻ ഒടുവിൽ ആ പട്ടാള ഉദ്യോഗസ്ഥൻെറ കരുണയ്ക്കു് പാത്രമായിത്തീരുകയും ചെയ്തു.

വൈ: ഹോ! ഭയങ്കരം. എന്തൊരു മാത്സര്യബുദ്ധി; പണമോഹം മനുഷ്യൻെറ മനുഷ്യത്വത്തെപ്പോലും നീററി ചാമ്പലാക്കുന്നു. ഏതായാലും, നിങ്ങൾ സമാധാനപ്പെടുക. ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് മുന്നോട്ടു പോകുക. (നിശ്ശബ്ദത) വല്ലതും കഴിച്ചോ?

ജോ: ഇല്ലെന്നുവേണം പറയുവാൻ.

വൈ: എടാ വക്കീ,(അണിയറയിൽ വേലക്കാരൻ വിളികേൾക്കുന്നു.)ഇൗയാൾക്കു് ചോറുകൊടുക്കൂ.(തിരിഞ്ഞു് ജോസഫിനോട്) പോയി ഉണ്ടിട്ടുവരൂ. (ജോസഫ് പോകുന്നു. വൈദികൻ പത്രപാരായണം തുടരുന്നു. മംഗലശ്ശേരി സഖറിയാ പ്രവേശിച്ച് ആചാരം ചെയ്യുന്നു.)

വൈ: (പുഞ്ചിരിച്ച്) ഇരിക്കൂ; (സഖറിയാ ഇരിക്കുന്നു.) തേടിയവള്ളി കാലിൽ ചുററിയല്ലോ?

സഖറിയാ: എന്താ വല്ല ലാഭക്കച്ചവടവുമാണോ?

വൈ: (ചിരിച്ചിട്ട്)കൊള്ളാം, വൈദികൻ്ക്കു ലാഭക്കച്ചവടമാണോ തൊഴിൽ?

സഖ: സംശയമുണ്ടോ?

വൈ: അതു തെററാണു്. സ്വാർത്ഥതയുടെ കരിപുരളാത്ത സേവനമാണു് ഒരു വൈദികൻെറ ജീവിതവ്രതം.

ഞാൻ ആത്മപ്രശംസ ചെയ്യുകയല്ല. അപവാദങ്ങളുണ്ടാകാമെന്നുള്ള കാര്യം നിഷേധിക്കുന്നില്ല. മനുഷ്യൻ മനുഷ്യനായിരിക്കുന്നിടത്തോളംകാലം ജീവിതത്തിന്റെ ഏതൊരു മണ്ഡലത്തിലും അവ ഏറക്കുറേ ഉണ്ടായിരിക്കുകതന്നെ ചെയ്യും. ഉന്നതമായ ആദർശങ്ങളിലേക്കു പറന്നുയരുവാൻ ശ്രമിക്കുന്ന എല്ലാവരും വിജയിച്ചെന്നു വരുകയില്ലല്ലോ. ചിലർ ഉച്ചിയിലെത്തിയേക്കാം. മററു ചിലർ ഇടവിതാനത്തിലും. പലരും താഴ്വാരത്തിൽത്തന്നെ അടിഞ്ഞുവീണെന്നും വരാം.

സഖ: (വാട്ടച്ചിരിയോടെ) ക്ഷമിക്കണം. ഞാൻ മറെറാന്നും ഉദ്ദേശിച്ചു പറഞ്ഞതല്ല. വൈദികർക്കു ലാഭക്കച്ചവടമാണു തൊഴിലെന്നു ഞാൻ തെളിയിക്കാൻ പോവുകയാണ്. മനക്കടിയുടേയും നിരാശയുടേയും ഇരുട്ടറകളിൽ ആശ്വാസമില്ലാതെ വലയുന്ന അനേകം മനുഷ്യഹൃദയങ്ങളിൽ ശാന്തിയുടേയും സമാധാനത്തിന്റേയും പ്രഭവിതറി അവരെ ദൈവത്തിനുവേണ്ടി സമ്പാദിക്കുന്ന വൈദികർക്കു ലാഭക്കച്ചവടമല്ലാതെ മറെറന്താണു തൊഴിൽ. (ഇരുവരും ചിരിക്കുന്നു.)

വൈ: അതിരിക്കട്ടെ; ഒരിക്കൽ എന്നോടു പറഞ്ഞിരുന്നില്ലേ, ഏതോ ജോലിക്ക് ഒരാളെ വേണമെന്ന്.

സഖ: അതേയതെ; വിശ്വസ്തനായ ഒരു ക്ലർക്കിനെ. ഹോ! എന്തുമാത്രം കണക്ക് എഴുതിത്തീർക്കുവാൻ കിടക്കുന്നു. ഞാൻതന്നെ എഴുതിയെഴുതി വിഷമിച്ചു.

വൈ: എന്നാൽ, അതിനു പററിയ ഒരാൾ വന്നിട്ടുണ്ട്.

സഖ: എവിടെ? അച്ചോ, പിന്നെ ഒരു കാര്യം. കുറഞ്ഞ ശമ്പളത്തിനാണെങ്കിലേ എനിക്കു വേണ്ടു.

വൈ: അതൊന്നും പററുകില്ല; ശരിയായ ശമ്പളം കൊടുക്കണം.

സഖ: അതൊക്കെ ശരിപ്പെടുത്താം. ആൾ വിശ്വസ്തനാണോ?

വൈ: ഞാനാദ്യമായി കാണുകയാണു്. സ്കൂൾഫൈനൽകാരനാണെന്നും ഒരു ഗവ. ഉദ്യോഗസ്ഥൻെറ സെക്രട്ടറിയായി ജോലി നോക്കിയിട്ടുണ്ടെന്നും പറഞ്ഞു. ഏതായാലും ഒന്നു വിശ്വസിച്ചു നോക്കു്. വിശ്വാസത്തിൻെറ പേരിലല്ലേ ലോകം മുന്നോട്ടു പോകുന്നതു്.

സഖ: അതൊക്കെശരി; പക്ഷേ, ഒരു കുഴപ്പം. ഇവററകളെയൊക്കെ വിളിച്ചു കയററിയാൽ ഒരു പത്തു ദിവസം കഴിയുമ്പോഠം അവർ "ഇങ്കുലാബു്"വിളിക്കും; "ഇങ്കുലാബ്."

വൈ: അതെല്ലാം നിങ്ങളുടെ പെരുമാററത്തെ ആശ്രയിച്ചിരിക്കും. (ജോസഫ് പ്രവേശിക്കുന്നു.) ഇതാ, ഞാൻ പറഞ്ഞയാഠം ഇതുതന്നെ.

സഖ: (ജോസഫിനെ നഖശിഖാന്തം നോക്കിയിട്ടു്) നിൻെറ പേരു്?

ജോ: (വിനയാന്വിതം) ജോസഫ്.

സഖ: സ്വദേശം?

ജോ: കോട്ടയം.

വൈ: (ജോസഫിനോട്ടു്) ഞാൻ കുറച്ചു മുമ്പു പറഞ്ഞ മംഗലശ്ശേരി സഖറിയായെന്ന കുബേരനാണിദ്ദേഹം. (സഖറിയാ ഗാംഭീര്യം നടിക്കുന്നു.)

ജോ: ഞാനാദ്യമായി കാണുകയാണു്.

സഖ: ഉം. വിവരമെല്ലാം ഞാനറിഞ്ഞു. നീ നാളെത്തന്നെ എൻെറ ബംഗ്ലാവിലേക്കു വരണം.

ജോ: അവിടത്തെ ബംഗ്ലാവേതാണു്?

സഖ: അധികം ദൂരമില്ല. ആ റോഡിൽക്കൂടി രണ്ടു ഫർലോങ്ങു് തെക്കോട്ടു നടക്കുമ്പോഠം പടിഞ്ഞാറുവശത്തായി ഒരു മാളികകാണാം. അവിടെ വന്നാൽമതി.

വൈ: (ജോസഫിനോട്ടു്) എന്നാൽ, പുറത്തേക്കു പോ

യിട്ടു വരൂ. (ജോസഫ് പോകാൻ ഭാവിക്കുമ്പോൾ ഒരു യാചകൻ പ്രവേശിക്കുന്നു. ജോസഫ് പോകുന്നു.)

യാചകൻ: (സ്തുതി ചൊല്ലിയിട്ട്) അച്ചോ, വല്ലതും തരണേ.

സഖ: (പെട്ടന്ന്) പോടോ, ശനിയാഴ്ച വാ, പോ.

വൈ: (ചിരിച്ചുകൊണ്ട്) ശനിയാഴ്ചയോ? ഇതാരുടെ വേദാന്തം? വിശന്നു പൊരിഞ്ഞുവരുന്നവനോടു ശനിയാഴ്ച വരാൻ! (സഖറിയാ വിഷണ്ണനാകുന്നു. അച്ചൻ യാചകനോട്) തനിക്കാരുമില്ലേ?

യാചം: ഒരു മകനുണ്ട്. കൊള്ളരുതാത്തവൻ. അവനെ വളർത്തി പഠിപ്പിച്ചുകൊണ്ടു വന്നപ്പോൾ അവനും അവന്റെ അമ്മയുംകൂടി എന്നെ അടിച്ചു പുറത്താക്കി. (നിശ്വസിച്ച്) എന്റെ വിധി!

വൈ: അങ്ങനെയോ. (നാണയത്തുട്ടുകൾ കൊടുത്തിട്ട്) കുശിനിയിൽ ചെന്ന് എന്തെങ്കിലും വാങ്ങിക്കഴിച്ചിട്ടു പൊയ്ക്കൊള്ളൂ.

യാചം: ഓ! (സ്തുതിപറഞ്ഞു പോകുന്നു.)

കർട്ടൻ

## രംഗം 4

(തെരുവീഥിയിലുള്ള മരച്ചുവട്ടിൽ ഒരു യാചകനിരിക്കുന്നു.)

യാചകൻ: ദൈവമേ, എനിക്കീ ഗതിയായല്ലോ! എന്റെ ബന്ധുക്കളുടെ ഗൃഹങ്ങളിൽ ചെന്നിട്ടുപോലും ഒരു ദിവസം താമസിക്കുന്നതിന് അവരാരും സമ്മതിച്ചില്ലല്ലോ! (നിശ്വസിച്ചിട്ട്) അല്ലെങ്കിൽത്തന്നെ ഈ നിർദ്ധനനെക്കൊണ്ട് അവർക്കെന്തു പ്രയോജനം? പണമുള്ള ബന്ധുവിനെയാണവർക്കാവശ്യം; വെടിയുമ്പോഴെല്ലാവരും വെടിയുന്നു. (നീണ്ട നിശ്ശ

ബ്ദത. അല്പം കഴിഞ്ഞ് പൈശാചികഭാവത്തോടെ) അവൾ! അവളാണ ഭയങ്കരി! കുടുംബത്തിലിരിക്കാൻ കൊള്ളുകയില്ലാത്ത രാക്ഷസി! അമ്പടീ, അവളുടെ വഞ്ചന! അവളെ കല്യാണം ചെയ്തതുമൂലമല്ലേ ഞാൻ നശിച്ചത്; അവളുടെ താളത്തിനൊത്തു തുള്ളിയതുമൂലമല്ലേ എൻെറ ജീവിതം തകൎന്നത്. എൻെറ മക്കൾ, എൻെറ മക്കൾ എന്നുംപറഞ്ഞുകൊണ്ട് എനിക്കുള്ളതെല്ലാം അവളിഷ്ടദാനം ചെയ്തില്ലേ. അങ്ങനെ അവളുടെ മകൻെറ കയ്യിൽ എൻെറ സ്വത്തു ചെന്നെത്തിയപ്പോൾ ഞാൻ തെണ്ടിയുമായി. (സരോഷം) അതേ—അവൻ എന്നെ പെരുവഴിയിലിറക്കിയ ആ ദുഷ്ടൻ! അവനെങ്ങനെ ദുഷ്ടനാകാതിരിക്കും! (തുറിച്ചുനോക്കുന്നു; മൗനം; ശാന്തത; കുറെ കഴിഞ്ഞ് മകനെ മുന്നിൽ കണ്ടതുപോലെ ഉച്ചത്തിൽ) രാക്ഷസാ! ദ്രോഹീ! നീയെന്നെ അടിച്ചിറക്കി! തെണ്ടിയാക്കി; നീ നിൻെറ അപ്പച്ചനെ തെണ്ടിയാക്കിവിട്ടു!! (സങ്കടത്തോടെ) നിനക്കെങ്ങനെ തോന്നിയെടാ എന്നെ അടിച്ചിറക്കാൻ! നിന്നെ പോററിവളൎത്തിയയെന്നെ (തൊണ്ടയിടറി) ഒരു തെണ്ടിയാക്കി പെരുവഴിയിലിറക്കാൻ. നിനക്കെങ്ങനെ തോന്നിയെടാ!! അയ്യോ! നിന്നെ ഞാൻ.......(തലയ്ക്കടിച്ചു തുറിച്ചുനോക്കുന്നു. കുറെക്കഴിഞ്ഞു ശാന്തനായി) വേണ്ടാ. ദൈവമുണ്ടതിന്; ദൈവം! എടാ, നീയുമൊരു പിതാവാകും. നിൻെറ മകനും നിന്നോടിതു ചെയ്യുന്നു വരും! അന്നു നീ ആ വേദനയറിയും! (നിശ്വസിച്ചു കാലിലെ വ്രണത്തിൽനിന്നു ചാടുന്ന പഴുപ്പു തുടച്ചുകളഞ്ഞുകൊണ്ട്) ദൈവമേ, എന്തൊരു വേദന! പഴുത്തു പഴുത്തു കാൽ തീരാറായി. ദേഹം മുഴുവൻ ചൊറിയും വ്രണവുംകൊണ്ടു നിറഞ്ഞു. ഇങ്ങനെ ജീവിക്കുന്നതിൽ ഭേദം മരിച്ചിരുന്നു എങ്കിൽ! (കൈകൾ ആകാശത്തിലേക്കുയൎത്തി) ദൈവമേ! എന്നെ അങ്ങോട്ടെടുത്തേക്കണേ! (ജോൺ പ്രവേശിക്കുന്നു.)

ജോ: എങ്ങോട്ടെടുക്കാനാണു കാർന്നോരേ?

യാച: എൻെറ പൊന്നമകനേ, വേദന തിന്നതിന്ന മടുത്തു. ഇനി എങ്ങനെയെങ്കിലും ചത്താൽമതി.

ജോ: നിങ്ങൾക്കാരുമില്ലേ?

യാച: ഓ, എല്ലാവരുമുണ്ട്. പക്ഷേ........

ജോ: ഒരു ഫലവുമില്ലന്നമാത്രം, അല്ലേ?

യാച: അതേ മോനേ; ആ പറഞ്ഞതാ ശരി.

ജോ: ആൺമക്കളാരുമില്ലേ?

യാച: എല്ലാവരുമുണ്ട്........

ജോ: പിന്നെയെന്തിനാ അപ്പൂപ്പനിങ്ങനെ അലഞ്ഞു തിരിയുന്നതു്?

യാച: അതൊക്കെ പറഞ്ഞാൽ ഒരുപാടൊണ്ടുമോനെ; അത്താഴത്തിനു വല്ലതും തരണേ അപ്പീ. (ജോൺ അണത്തുട്ടുകൾകൊടുക്കുന്നു.)

ജോ: കാരണോരേ, പള്ളിയിലേക്കു പോകാൻ തിടുക്കമുണ്ട്. നിങ്ങൾ സൗകര്യംപോലെ മംഗലശ്ശേരിയിലേക്കു വരു. വേണ്ട സഹായങ്ങളൊക്കെ ചെയ്തുതരാം, കേട്ടോ?

യാച: ഏതു വീടാ, മംഗലശ്ശേരിയോ?

ജോ: അതേ; ആരോടെങ്കിലും ചോദിച്ചാൽ കാണിച്ചുതരും. (പോകുന്നു.)

യാച: നല്ല കുഞ്ഞ്. എൻെറ മകനെപ്പോലെ കൊള്ളുകില്ലാത്തവനല്ല അവൻ. ദൈവം അവനെ അനുഗ്രഹിക്കട്ടെ!

കർട്ടൻ

## രംഗം 5

(മംഗലശ്ശേരി ഭവനം—മോടിയുള്ള ഒരു മുറി—മൂന്നുനാലു കസേരകൾ—ഒരു മേശ—സഖറിയായും ജോസപ്പും ഇരുന്നു കണക്കുകൾ പരിശോധിക്കുന്നു—മേശപ്പുറത്തു കണക്കുബുക്കുകൾ അടുക്കി വച്ചിരിക്കുന്നു.)

സഖ: ഇനി അടുത്തതായി ഇപ്രാവശ്യത്തെ നാളികേരത്തിൻെറ കണക്കാണു ചേക്കേണ്ടതു്.

ജോസ: അതു ഞാൻ കൂട്ടി ശരിപ്പെടുത്തിവച്ചിട്ടുണ്ടു്. ഇനി ഇതിലേക്കു ചേത്താൽ മതിയല്ലോ?

സഖ: അതു മതി. ('അപ്പച്ചാ'എന്നു വിളിച്ചുകൊണ്ടു മേരി പ്രവേശിച്ചു സഖറിയായോടു ചേർന്നു പിറകിൽനില്ക്കുന്നു.)

സഖ: മകളെ സമയമെന്തായി.

മേരി: (വാച്ചു നോക്കി) അഞ്ചുകഴിഞ്ഞു.

സഖ: (ജോസഫിനോടു്) ഇനി തല്ക്കാലം നിറുത്താം. സമയമിത്രയുമായില്ലെ; നീ പോയി കാപ്പികുടിച്ചു് ഒന്നു വിശ്രമിച്ചു വരു; ഞാനും ഒന്നു വിശ്രമിക്കട്ടെ.

(ജോസഫ് എഴുന്നേററു ബുക്കുകൾ അടുക്കിവച്ചിട്ടു പോകുന്നു.)

സഖ: മകളേ, നിൻെറ ചേട്ടനിന്നെവിടെ പോയി?

മേരി: ചേട്ടൻ വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ പിരിവിനായി പോയിരിക്കുകയാണു്.

സഖ: അവൻെറ വിൻസെൻറു് ഡി പോൾ. ബി.ഏ. പാസായിട്ടു് അവനു കിട്ടിയ ജോലി കണ്ടില്ലേ? വീടുതോറും നടന്നു തെണ്ടല്ലു്. നാണംകെട്ട കഴുത. അവനിങ്ങു വരട്ടെ.

മേരി: അപ്പച്ചൻ കാപ്പി കുടിച്ചോ?

സഖ: എനിക്കിപ്പോൾ കാപ്പി വേണ്ട മകളേ.

മേരി: അപ്പച്ചനു വല്ല അസുഖവും........

സഖ: ഏയ്, ഒന്നുമില്ല. അല്പം കഴിയട്ടെ.

മേരി: അപ്പച്ചാ, ഞാൻ പറഞ്ഞതു്?

സഖ: ഛേ! വന്നല്ലോ അല്പം വിശ്രമിക്കാമെന്നു വിചാരിച്ചാൽ........

മേരി: എല്ലാവരും കൊടുത്തുകഴിഞ്ഞു.

സഖ: എന്നാൽ നീയും കുറെ അങ്ങു കൊടുത്തേക്ക്.

മേരി: അപ്പച്ചൻ തരാതെ എനിക്കെവിടന്നാ പണം. അപ്പച്ചാ, തല്ക്കാലം ന്തൂറുമതി. (തൊമ്മി കാപ്പികൊണ്ടുവന്നു വച്ചു മാറി നില്ക്കുന്നു.)

സഖ: ഇവിടെ ഒരു പൈപോലുമില്ല.

തൊ: നേരാ കൊച്ചമ്മേ; ഒന്നു തെരക്കിനോക്ക്.

മേരി: പോടാ. (സഖറിയായോട്) ഇന്നലെ തേങ്ങായുടെ രൂപാ കൊണ്ടുവന്നല്ലോ.

സഖ: അതിനിവിടെ ചെലവൊന്നുമില്ലേ? നീയെന്തറിയുന്നു. ഒരു കുടുംബം പുലർത്തിക്കൊണ്ടുപോകുന്നതിന് കുറച്ചൊക്കെ വിഷമമുണ്ട്. അതൊന്നും നിനക്കറിഞ്ഞുകൂടാ.

തൊ: ശരിയാ വല്യങ്ങത്തേ. ഈ കൊച്ചമ്മയ്ക്ക് കുടുംബമെന്നുവച്ചാ എന്നാ അറിയാം. ഉപ്പുവേണം; മൊളകു വേണം; കൂട്ടാൻവെയ്ക്കാൻ വേണം. അതുവേണം; ഇതുവേണം പിന്നെ കെടക്കുന്നു ന്തൂറുകൂട്ടം. ആട്ടെ, കൊച്ചമ്മയ്ക്ക് സാരി വേണോ?, പൗഡർ....ർ....

മേരി: മതിയെടാ നിൻെറ പ്രസംഗം.

തൊ: എന്നാ, ദേ തൊമ്മി നിറുത്തി.

മേരി: അപ്പച്ചാ, ആ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നതുകയിൽനിന്നെങ്കിലും........

സഖ: അതിനാവശ്യം വേറെയുണ്ട്.

മേരി: എന്താവശ്യമാണെങ്കിലും ഞങ്ങളെക്കവിഞ്ഞ്.

സഖ: അതു നിനക്കുവേണ്ടിത്തന്നെ. നിൻെറ കല്യാണത്തിനു വേണ്ടിത്തന്നെ.

മേരി: എനിക്കു കല്യാണം വേണ്ടെന്നുവച്ചാലോ?

തൊ: അയ്യോ! കല്യാണം വേണം കൊച്ചമ്മേ; അല്ലെങ്കിൽ ഒന്നു തെരക്കിനോക്ക്.

സഖ: എടാ, നീ കൊറെ അധികമാകുന്നുണ്ട്. മേരീ, നിങ്ങളുടെ എല്ലാം അഭിവൃദ്ധിക്കുവേണ്ടിയാണു ഞാൻ ജീവിക്കുന്നത്. മരിക്കുന്നതിനു മുൻപ് എല്ലാം മംഗളമായി കാണണമെന്നാണ് എന്റെ ആഗ്രഹം. മരണം എപ്പോഴാണെന്ന് ആർക്കറിയാം?

മേരി: ഒരു നൂറു കൊല്ലംകൂടി അപ്പച്ചൻ ജീവിച്ചിരിക്കും.

തൊ: അതുതന്നെയാ ഞാനും പറയുന്നേ.

മേരി: കാപ്പി തണുത്തു പോകും. (കാപ്പി എടുത്തു കൊടുക്കുന്നു, കുടിക്കുന്നു. തൊമ്മി പാത്രവുമായി പോകുന്നു.)

സഖ: അതുകൊണ്ടു മേരീ, നീ നിന്റെ കാര്യം നോക്കിയാൽ മതി.

മേരി: നമ്മെപ്പോലുള്ളവർ സ്വന്തം കാര്യം നോക്കിയാൽ മതിയോ അപ്പച്ചാ. കഷ്ടപ്പാടുകൾ സഹിക്കുന്ന എത്ര മാത്രം ആളുകൾ നമ്മുടെ കൺമുമ്പിൽത്തന്നെയുണ്ട്. സഹായമർത്ഥിക്കുന്ന ആ സഹോദരങ്ങളെ കഴിവിനനുസരണമായി സംരക്ഷിക്കേണ്ട ചുമതല നമ്മെപ്പോലുള്ളവർക്കല്ലെങ്കിൽ പിന്നെ ആർക്കാണ്?

സഖ: എടീ, (ഹാസ്യമായ ചിരിയോടെ) നീയൊരു കാര്യം ചെയ്യ്, കഷ്ടപ്പെടുന്നവർക്ക് ഒരു നാലേക്കർ സ്ഥലമങ്ങെഴുതി കൊടുക്ക്; അവർ പാവങ്ങളല്ലേ, ഭ്രാന്തി; നിനക്കു ഭ്രാന്താണ്.

മേരി: അപ്പച്ചാ, ഒന്നാലോചിച്ചുനോക്കുക. അസീസിയിലെ ഫ്രാൻസീസ്, പാവങ്ങളുടെ 'പാതിരി' എന്ന അപരനാമത്താൽ അറിയപ്പെടുന്ന വിൻസെൻറ് ഡി പോൾ, ഫാദർ ഡാമിയൻ തുടങ്ങി സാധുജനസംരക്ഷണത്തിനായി ജീവൻ ഹോമിച്ച വീരാത്മാക്കളെല്ലാം ഭ്രാന്തന്മാരായിരുന്നുവെന്നാണോ അപ്പച്ചൻ പറയുന്നത്?

സഖ: ങും, പെണ്ണു പറഞ്ഞുപറഞ്ഞു ഞാൻ പറയാത്തതുമൊക്കെ വളച്ചുകെട്ടി ഉണ്ടാക്കുകയാണല്ലേ?

മേരി: അല്ലപ്പച്ചാ, അനേകതരത്തിൽ ദുരിതമനുഭവിക്കുന്നവർ നമ്മുടെ ചുററിലുമുണ്ട്. തീരാവ്യാധിയാലും നിത്യദാരിദ്ര്യത്താലും കഷ്ടപ്പെടുന്ന ആ സഹോദരങ്ങളുടെ കണ്ണീർ തുടച്ച് ആശ്വാസം പ്രദാനം ചെയ്യുന്ന എത്രയെത്ര ജീവകാരുണ്യസ്ഥാപനങ്ങളാണ് ഇന്നു ലോകത്തിലുള്ളത്. ദുരിതമനുഭവിക്കുന്നവക്കുവേണ്ടി സ്വസുഖങ്ങൾ പരിത്യജിച്ചു കഷ്ടപ്പാടുകൾ സ്വയം വരിച്ച എത്രയെത്ര പരസ്നേഹപ്രേഷിതരാണ് ഉള്ളത്. ഒരു പക്ഷേ, അപ്പച്ചന്റെ ദൃഷ്ടിയിൽ അവക്കെല്ലാം ഭ്രാന്തായിരിക്കാം എന്നേ ഞാൻ പറഞ്ഞുള്ളു.

സഖ: എന്താ, തീന്നോ! ഹോ! നിന്റെയൊരു പ്രസംഗം. എന്നെ പഠിപ്പിക്കുവാൻ തുടങ്ങുകയാണോ?

മേരി: അല്ല, അപ്പച്ചനുകൂടി അറിയാവുന്ന ചില പരമാത്ഥങ്ങൾ പറഞ്ഞെന്നേയുള്ളു. അവിവേകമായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. ഞങ്ങളുടെ ക്ഷേമം മാത്രമാണ് അപ്പച്ചന്റെ ലക്ഷ്യമെന്നു ഞങ്ങൾക്കറിയാം. എന്നാലും, ദുരിതമനുഭവിക്കുന്ന സഹജീവികളോടു കരുണ കാണിക്കുകയെന്നതാണു നമ്മുടെ പ്രഥമവും പ്രധാനവുമായ കത്തവ്യം.

സഖ: (സഗൗരവം) ഈ പ്രഥമവും പ്രധാനവുമായ കത്തവ്യങ്ങളൊക്കെ (ഉച്ചത്തിൽ) എന്നെ മാത്രമേ ബാധിക്കയുള്ളോ?

മേരി: ഒരിക്കലുമല്ല. മററുള്ളവർ ഇരുനൂറും അഞ്ഞൂറും വീതം സംഭാവന ചെയ്തിരിക്കുന്ന സ്ഥിതിക്ക് അപ്പച്ചൻ മാത്രം ഒരു പൈപോലും കൊടുക്കുകില്ലെന്നു പറയുന്നതു മോശമല്ലേ. അപ്പച്ചാ, "നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക" എന്നല്ലേ ക്രിസ്തുനാഥൻ പഠിപ്പിച്ചിരിക്കുന്നത്.

('എന്താ മേരി പ്രസംഗമാണോ' എന്നു ചോദിച്ചുകൊണ്ടു ജോൺ പ്രവേശിക്കുന്നു.)

മേരി: പ്രസംഗമൊന്നുമല്ല ചേട്ടാ; സംഘത്തിൻെറ കാര്യം പറയുകയായിരുന്നു.

സഖ: എടീ,(സ്നേഹഭാവത്തിൽ)തെണ്ടിത്തിരിഞ്ഞു നടക്കുന്നവരെയെല്ലാം സംരക്ഷിക്കണമെന്നൊരു നിയമവുമില്ല. പിന്നെ മനസ്സുണ്ടെങ്കിൽ വല്ലതും കൊടുക്കണം, അത്രേയുള്ളു; നിനക്കറിയാമോ, കഴിഞ്ഞമാസത്തിലെ കണക്കൊന്നെടുത്തു നോക്ക്, എട്ടണയോളം ധർമ്മച്ചിലവിനായിട്ടുണ്ട്. അങ്ങനെ ഓരോ മാസത്തിലും കൊടുക്കുമ്പോൾ ഒരാണ്ടിൽ രൂപായെത്രയായി? ഇതിൽക്കൂടുതലായി എന്തു ചെയ്യണമെന്നാണു നീ പറയുന്നതു്. (ജോണും മേരിയും ചിരിക്കുന്നു.) കണ്ടോ, കാര്യം പറയുമ്പോൾ അവർ ചിരിക്കുന്നതുകണ്ടോ. പണമുണ്ടാക്കാനുള്ള വിഷമം നിങ്ങൾക്കറിഞ്ഞുകൂടാ.

ജോൺ: അപ്പച്ചാ, ഞാനൊന്നു ചോദിക്കട്ടെ...........

സഖ: ഹോ! വന്നല്ലോ. ഒരുത്തിയെക്കൊണ്ടു ഞാൻ മടുത്തു. അപ്പോൾ വന്നിരിക്കുന്നു വേറൊരുത്തൻ. ദൈവമേ, രണ്ടുമക്കളും ഒരുപോലെ തലതിരിഞ്ഞുപോയല്ലോ! (നീണ്ട മൗനം) ഞാനിപ്പോൾ എന്തു ചെയ്യണമെന്നാണു നിങ്ങൾ പറയുന്നതു്?

ജോൺ: തല്ക്കാലം അഞ്ഞൂറു രൂപാ സംഘത്തിനു്!.....

സഖ: ഛരടാ! ഇവൾക്കു നൂറുമതിയായിരുന്നു. അവൻ വന്നപ്പോൾ അഞ്ഞൂറായി! കുടുംബം നശിപ്പിക്കാൻ ജനിച്ച സന്തതികൾ! എൻെറ കണ്ണൊന്നടയട്ടെ അപ്പോൾ കാണാം....(അങ്ങുമിങ്ങും നടന്നാലോചിക്കുന്നു.)ഞാൻ സമ്പാദിച്ചതു നിങ്ങൾക്കുവേണ്ടെങ്കിൽ എനിക്കെന്തു്? (താക്കോൽ വലിച്ചെറിഞ്ഞു കൊടുക്കുന്നു.) ഇതാ കൊണ്ടുപോയി തുലയ്ക്കു്.

ജോൺ: (താക്കോൽ എടുത്തു്) എത്രയെടുക്കണം അപ്പച്ചാ?

സഖ: പത്തേപത്തുമാത്രം. ശ്രുപാ കൊട്ടത്തിട്ടുള്ള സ്വ ൎഗ്ഗം എനിക്കു വേണ്ട!...........(ജോണും മേരിയും പോകുന്നു)

(അണിയറയിൽ)

"വല്യേഞ്ഞാനേ വയറുപൊരിയുന്നേ ഇത്ര കഞ്ഞി തന്നേ"....

സഖ: വന്നല്ലോ ശവങ്ങളു്. ഇവററകളെക്കൊണ്ടു വി ഷമിച്ചു. ഇറങ്ങിപോടാ അവിടന്നു്. (തൊമ്മി പ്രവേശി ക്കുന്നു.)

തൊമ്മി: വല്യങ്ങുന്നേ, ഞാനെന്നാ കുററം ചെയ്തു?

(അണിയറയിൽ)

"അയ്യോ! ധമ്മം തരണേ പൊന്നച്ചോ"

സഖ: (സഗൗരവം) എടാ, ആ ശവങ്ങളെ അടിച്ചോടി ച്ചു പടിപ്പുരയടയ്ക്കു്. ഉം, വേഗം.

തൊ: തൊമ്മി ഇപ്പക്കഴിച്ചേക്കാം (മുഷ്ടിചുരുട്ടി പോ കുന്നു.)

സഖ: സമയമിതായിട്ടും ആ നശിച്ചവനെ കാണുന്നി ല്ലല്ലോ! (തൊമ്മി തിരിച്ചുവരുന്നു.)

തൊ: വല്യങ്ങുന്നേ, അയാൾ വന്നു പടിപ്പുരയിൽ നി ല്ക്കുന്നു. മീശ പിരിച്ചുകൊണ്ടു പറയുന്നു, വല്യങ്ങുന്നിനെ കാ ണണമെന്നു്.

സഖ: ആരാണെടാ?

തൊ: അയാൾ.

സഖ: ആരു്?

തൊ: ആ ബാൻറു്.

സഖ: (ചിരിക്കുന്നു.) ബാൻേറാ? എടാ ബാൻറല്ല. ആൻറു്.

തൊ: ആ, ആ, അതുതന്നെ.

സഖ: നീ ചെന്നു വിളിച്ചുകൊണ്ടു വരു. (തൊമ്മി

പോകുന്നു. സ്വല്പം കഴിഞ്ഞു് ആൻറും തൊമ്മിയും പ്രവേശിക്കുന്നു.)

തൊ: വല്യങ്ങുന്നേ, കണ്ടാൽ പൊടി തട്ടിപ്പിന്റെ നോട്ടമുണ്ടു്.

സഖ: (സഗൗരവം) പോടാ.

തൊ: (പോകുന്നു.)

സഖ: ഇരിക്കു, എത്ര നേരമായി ഞാൻ പ്രതീക്ഷിക്കുന്നു.

ആൻറു്: തൊമ്മി കുറെ ധിക്കാരിയാണു് അല്ലേ?

സഖ: അവനൊരു കഥയില്ലാത്തവനാണു്. അതൊന്നും സാരമില്ല.

ആൻറു്: എന്നാലും എന്തിനുമുണ്ടല്ലോ ഒരു 'ലിമിററു്'.

സഖ: എന്താണിത്ര താമസിച്ചതു്? ഞാൻ വിചാരിച്ചു....വല്ല ഇടക്കേടും........

ആൻറു്: ഈ ആൻറു് ഏററകാര്യത്തിനോ? ഛെ അതു കള.

സഖ: എനിക്കു സന്ദേഹമില്ല.

ആൻറു്: നിങ്ങളൊക്കെ ഒരു കാര്യമേല്പിച്ചാൽ അതു ശരിക്കു നിറവേററിയില്ലെങ്കിൽ പിന്നെ ജീവിക്കുന്നതെന്തിനു്? പോരെങ്കിൽ, അങ്ങു് ഇന്നാട്ടിലെ ഒരു കുബേരൻ.

സഖ: എന്തിനു മുഖസ്തുതി പറയുന്നു?

ആൻറു്: മുഖസ്തുതിയോ! ഒരു പ്രഭുവായ അങ്ങയുടെ സഹവാസം ലഭിച്ച ഞാൻ പരമഭാഗ്യവാനല്ലേ! അങ്ങൊന്നു മൂളിയാൽ മതി ഈ നാടൊന്നു മറിച്ചുവയ്ക്കുവാൻ! അത്തരത്തിലുള്ള ഒരു ജനസമ്മതന്റെ കല്പന കേവലം നിസ്സാരനായ ഈ ആൻറു് ധിക്കരിക്കുകയോ?

സഖ: അതൊക്കെപ്പോകട്ടെ. നമ്മുടെ കാര്യമെന്തായി?

ആൻറ്: എല്ലാം ശരിയായി; പക്ഷേ, ഒരു കുഴപ്പം.

സഖ: (ജിജ്ഞാസയോടെ) ങ്! എന്തു കുഴപ്പം?

ആൻറ്: പീററർ സമ്മതിക്കുന്നില്ല.

സഖ: (അല്പം പരിഭവത്തിൽ) ങ്ാ, കാരണം?

ആൻറ്: മറെറാന്നുമല്ല, (തല ചൊറിഞ്ഞ്) അങ്ങേക്കു പ്രായം........

സഖ: എനിക്കോ? (സ്വയം അവലോകനം ചെയ്തിട്ട്) എനിക്കു പ്രായമോ? ആവട്ടെ, റീത്തായുടെ അഭിപ്രായമെന്താണ്?

ആൻറ്: റീത്ത നേരത്തെ സമ്മതിച്ചില്ലേ? ഈ മംഗലശ്ശേരിയിലെ നായികയായി ശോഭിക്കുവാൻ ആരാണ് അഭിലഷിക്കാത്തത്? പോരെങ്കിൽ ഈ ആൻറ് ഇടപെട്ടതല്ലേ!

സഖ: അപ്പോൾ പീറററാണു തടസ്സം, അല്ലേ?

ആൻറ്: അതെ പ്രായത്തിൻെറ കാര്യത്തിൽ.

സഖ: അപ്പൊഴേ, ആൻേറ, എനിക്കെന്തു പ്രായം തോന്നും?

ആൻറ്: അതു ഞാനെങ്ങനെ പറയും?

സഖ: എങ്കിലും, അഭിപ്രായം പറയരുതോ?

ആൻറ്: അതൊരു കുഴഞ്ഞ പ്രശ്നമാണ്.

സഖ: എങ്കിലും?

ആൻറ്: കേവലം പതിനെട്ടു വയസ്സുമാത്രം പ്രായമുള്ള റീത്ത അങ്ങയുടെ ഭാര്യയായിരിക്കാൻ സമ്മതിക്കണമെങ്കിൽ അവൾക്കെന്തു തോന്നണം?

സഖ: (ചിരിച്ചുകൊണ്ട്) ഞാൻ ചെറുപ്പമാണെന്നു തോന്നണം.

ആൻറു്: പിന്നെ ഞാനെന്തിന് അങ്ങേയുടെ പ്രായം പറയണം?

സഖ: പിന്നെ എന്താണു പീററർ ഇങ്ങനെ പറയുന്നതു്?

ആൻറു്: അതയാളുടെ കണ്ണിൻെറമോശം. അയാൾക്കു വെള്ളെഴുത്തു തുടങ്ങിക്കാണും. (അല്പം ആലോചിച്ചു്) പീറററിൻെറ അഭിപ്രായം മാറിക്കിട്ടാൻ ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ.

സഖ: എന്തായാലും തുറന്നു പറയൂ?

ആൻറു്: പീററർ ഒരു പണക്കൊതിയനാണു്. ആ സ്ഥിതിക്കു........

സഖ: ആ സ്ഥിതിക്കു്?

(ആൻറു് എന്തോ ചെവിയിൽ പറയുന്നു.)

സഖ: (നിസ്സാരമായി) അത്രേയുള്ളോ? അതിനെന്താ, ആയിരമോ രണ്ടായിരമോ കൊടുക്കാമല്ലോ.

ആൻറു്: എന്നാൽ കാര്യം റെഡി.

സഖ: അടുത്ത ദിവസംതന്നെ........

ആൻറു്: തീയതി നിശ്ചയിച്ചു കളയാം. എന്നാൽ ഞാനിറങ്ങട്ടെ.

(ആൻറു് തിരിഞ്ഞു നടക്കുന്നു.)

സഖ: നമ്മുടെ കാര്യം ശ്രദ്ധിച്ചുകൊള്ളണം. ങേ?

ആൻറു്: ഒക്കെ പററിച്ചേക്കാം.

കർട്ടൻ.

## രംഗം 6

(മംഗലശ്ശേരി—ജോസഫ് കണക്കുബുക്കുകൾ മറിച്ചു നോക്കുന്നു—എഴുതുന്നു—ഒരലസഭാവം—മുഖത്തു ചിന്തയുടെ നിഴലുകൾ—പോക്കററിൽനിന്നു് ഒരു കത്തെടുത്തു് അതിൽ

മൗനമായി കണ്ണോടിക്കുന്നു — നെടുനിശ്വാസം — ചിന്താക്രാന്തനായി കൈവെള്ളയിൽ തലചായിച്ചിരിക്കുന്നു — മേരി ഒരു പാത്രത്തിൽ കാപ്പിയുമായി പ്രവേശിച്ചു മേശമേൽ വയ്ക്കുന്നു.)

മേരി: ഇതാ....കാപ്പി.

ജോ: എന്തു്? (തൊമ്മി ഒളിച്ചുനിന്നു ശ്രദ്ധിക്കുന്നു.)

മേരി: കാപ്പി.

ജോ: (അതിശയത്തോടെ) എനിയ്ക്കോ?

മേരി: അതേ—അങ്ങേയ്ക്കു്.

ജോ: (അത്ഭുതാധീനനായി) കാപ്പി!....അങ്ങേയ്ക്കു്!!... മേരി!!! മേരി എനിക്കു കാപ്പികൊണ്ടു വരികയോ?

മേരി: അതിനെന്തു്?

ജോ: അയ്യോ!........

മേരി: എന്തു്?

ജോ: മനുഷ്യനെ ഭ്രാന്തു പിടിപ്പിക്കും...

മേരി: എന്താണ് അങ്ങു വല്ലാതെ വികാരാധീനനായിരിക്കുന്നതു്?

ജോ: ആ ചോദ്യം മേരി, മേരിയോടുതന്നെ ചോദിക്കൂ.

മേരി: ഞാനെന്തിനു സ്വയം ചോദിയ്ക്കണം?

ജോ: (കത്തു കാണിച്ചുകൊണ്ടു്) ഇതെന്താണിതു്?

മേരി: ഒരെഴുത്തു്.

ജോ: വെറും ഒരെഴുത്തു്; അല്ലേ? (മേരി കാപ്പിവെച്ചിട്ടു പോകുന്നു. ജോസഫിന്റെ കൈയിൽനിന്നു് എഴുത്തു താഴെ വീഴുന്നു.)

(തൊമ്മി പിറകിൽ ചിരിച്ചുകൊണ്ടു നില്ക്കുമ്പോൾ ജോൺ പ്രവേശിക്കുന്നു.)

ജോൺ: എന്തെടാ, ഇളിച്ചുകൊണ്ടു നില്ക്കുന്നതു്?

തൊ: (ചിരിച്ചുകൊണ്ടുതന്നെ) ഞാനൊരു കാഴ്ചകണ്ടു ചിരിച്ചതാ.

(ജോസഫിന്റെ ശ്വാസം നിലച്ചതുപോലെ.)

ജോൺ: എന്തെടാ കാഴ്ച?

തൊ: ഞാനേ (ജോസഫിനെ ഒളിഞ്ഞു നോക്കുന്നു. മിണ്ടരുതെന്ന് അയാൾ ആംഗ്യം കാണിക്കുന്നു.) ഒരു കാഴ്ചകണ്ടു ചിരിച്ചതാ. ഞാനേ........(ആലോചിക്കുന്നു.) ഞാനേ.... ഒന്നു തെരക്കിനോക്ക്.

ജോൺ: (സഗൗരവം)'തെരക്കി നോക്ക്'; നിനക്ക് ഇതൊരു വെച്ചുകെട്ടായിത്തീർന്നിട്ടുണ്ട്....പറയെടാ, നീ കണ്ടതെന്താണെന്ന്?

തൊ: ഞാനേ, നമ്മുടെ ഗയിററുവാതുക്കെ ചെന്നപ്പോൾ ഒരുക്കൂട്ടം കണ്ടു. അല്ലേ, ഒരുത്തി പള്ളിക്കൂടത്തിപ്പോണ്.

ജോൺ: അതിലെന്തടാ ഇത്ര ഇളിയ്ക്കാൻ?

തൊ: അല്ലേ, ഈ അരീല്ലാത്തകാലത്തെ ഒരഞ്ചിടങ്ങഴി അരിയുടെ പൊടിയുണ്ട് അവളുടെ മൊകത്ത്. അല്ലേ, ഒന്നു തെരക്കിനോക്ക്. (ജോസഫ് നെടുതായി ഒന്നു നിശ്വസിക്കുന്നു.)

ജോൺ: (ചിരിക്കുന്നു.) പോടാ അപ്പറത്ത്. നിന്നെക്കൊണ്ടു മടുത്തു. (തൊമ്മി പോകുന്നു. തറയിൽ കിടക്കുന്ന എഴുത്തിന്റെ കാര്യം അപ്പോഴാണു ജോസഫ് ഓർക്കുന്നത്. "എന്താണിത്?" എന്നു ചോദിച്ചുകൊണ്ടു ജോൺ അതെടുക്കുവാൻ കുനിയുമ്പോൾ "ഇതൊരു കത്താണ്" എന്നു പറഞ്ഞുകൊണ്ടു പെട്ടെന്ന് ജോസഫ് അതെടുത്തു പോക്കററിലിടുന്നു.)

ജോൺ: ആ വിടുവായന്റെ സംസാരം ജോലിക്കു തടസ്സമായി, അല്ലേ?

ജോസ: ഒന്നുമില്ല. അവനുണ്ടെങ്കിൽ ഒരു രസമുണ്ട്.

ജോൺ: താങ്കൾ ഇവിടെ വന്നിട്ടു കുറെ ആയെങ്കിലും സൗകര്യമായി ഒന്നു സംസാരിക്കാൻ സാധിച്ചിട്ടില്ല.

ജോസ: ഞാനും അങ്ങനെതന്നെ. നിങ്ങൾക്കു ധാരാളം ജോലിയുണ്ടല്ലോ. പിന്നെ എങ്ങനെ സംസാരിയ്ക്കും?

ജോൺ: അതൊരു ജോലിയായി ഞാൻ കരുതുന്നില്ല. അതെൻെറ കത്തവ്യം മാത്രമാണു്.

ജോസ: അവശരുടെ ഉദ്ധാരണത്തിനായി അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ക്രിസ്തുവിൻെറ തികഞ്ഞ ഒരനുഗാമിയാണു്.

ജോൺ: അതൊരു പ്രശംസയായി മാത്രം ഞാൻ കരുതുന്നു.

(പീററർ പ്രവേശിക്കുന്നു. ചുണ്ടിൽ എരിയുന്ന സിഗററു്. എല്ലാം നിസ്സാരമെന്ന ഭാവം.)

ജോൺ: അല്ല, മിസ്റ്റർ പീററർ, ഇരിയ്ക്കാം. (പീററർ ഇരിക്കുന്നു.)

പീററർ: എന്തൊക്കെയാണു മിസ്റ്റർ ജോൺ; ഫാദർ ഇവിടെ ഇല്ലേ? (ജോസഫിനെ സൂക്ഷിയ്ക്കുന്നു. ജോസഫും )

ജോൺ: അപ്പച്ചൻ ഇവിടെ ഇല്ലല്ലോ. എന്താ വിശേഷിച്ചു്?

ജോസ: (ജോണിനോടു്)എനിയ്ക്കു്, (പീറററെ ചൂണ്ടി) ഇദ്ദേഹത്തെ മനസ്സിലായില്ലല്ലോ?

ജോൺ: ഇദ്ദേഹം ഇവിടെ അടുത്തുതന്നെ താമസിക്കുന്ന ഒരു ധനികനാണു്. പേരു പീററർ.

പീററർ: ജോൺ, (ജോസഫിനെ ചൂണ്ടി) ഇദ്ദേഹം?

ജോൺ: ജോസഫ് എന്നാണു് പേരു്. കുറെ നാളായി ഇവിടെ ക്ലാർക്കു ജോലി നോക്കുന്നു.

പീററർ: (തലയാട്ടി) ഓ ഹോ! ക്ലാർക്കു്! ഞാൻ കുറെയായി ജോണിനോടു് ഒരു കാര്യം ചോദിക്കണമെന്നു വിചാരിച്ചിട്ടു്.

ജോൺ: ചോദിയ്ക്കാമല്ലോ.

പീററർ: (ഹാസ്യഭാവത്തിൽ) ഇവിടത്തെ വികാരി

യച്ചനും നിങ്ങളുമെല്ലാം ചേർന്ന് ഇന്നാട്ടിലേ സാധുജനങ്ങ ളെയൊക്കെ ധനികന്മാരാക്കുന്ന ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചിട്ടുള്ളതായി കേട്ടല്ലോ? അതു വാസ്തവമാണോ?

ജോൺ: നിങ്ങളുടെ ചോദ്യം അതർഹിക്കുന്നവിധത്തിൽത്തന്നെ ഞാൻ സ്വീകരിക്കുന്നു. പ്രസ്ഥാനം തുടങ്ങിയതു ശരിതന്നെ. ദാരിദ്ര്യവും പട്ടിണിയും മൂലം നരകിക്കുന്ന സഹജീവികളെ സമാശ്വസിപ്പിക്കുവാൻ ക്രിസ്തീയപരസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയിട്ടുള്ള ഒരു പുതിയ പ്രസ്ഥാനമാണ് ഞങ്ങൾ ആരംഭിച്ചിട്ടുള്ളതു്.

പീററ: (പൊട്ടിച്ചിരിച്ച്) തരക്കേടില്ല. മനുഷ്യൻ ഇത്ര മഠയനായാലോ!

ജോൺ: അർത്ഥം വ്യക്തമായില്ല.

പീററ: ആദ്യംതന്നെ അവനവന്റെ നിലയനുസരിച്ചു ജീവിയ്ക്കുവാൻ പഠിയ്ക്കണം.

ജോൺ: ഒന്നുകൂടി വ്യക്തമാക്കുമോ?

പീററ: ജോൺ, ജീവിതസുഖം അങ്ങേയററം ആസ്വദിച്ച് ആനന്ദിക്കേണ്ട ഒരു കുബേരകുമാരൻ, മററുള്ളവരുടെ മുഖത്തു കരിതേയ്ക്കത്തക്ക വിധത്തിൽ ഒരുകൂട്ടം തൊഴിലില്ലാത്തവർക്കു 'റിസർവ്' ചെയ്തിരിക്കുന്ന ഇത്തരം പാഴ്‌വേലകൾ ചെയ്യുന്നതു കാണുമ്പോൾ....

ജോസ: സഹോദരാ, ഇടയ്ക്കു കയറി പറയേണ്ടിവന്നതിൽ ക്ഷമിയ്ക്കണം. എന്താണ് ജീവിതത്തിന്റെ ലക്ഷ്യം?

പീററ: സ്വന്തംസുഖം.

ജോൺ: മ്ലേഛമായ സ്വാർത്ഥതയാണതു്.

പീററ: ലോകംതന്നെ സ്വാർത്ഥതയുടെ പര്യായമല്ലേ?

ജോസ: സ്വാർത്ഥതയുടെ കണ്ണാടിയിലൂടെയാണ് നിങ്ങൾ ലോകത്തെ വീക്ഷിക്കുന്നതു്.

പീററ: ഒന്നു ചോദിയ്ക്കട്ടെ. (തൊമ്മിപ്രവേശിക്കുന്നു.)

തൊ: കൊച്ചങ്ങുന്നേ, വാടകക്കുലീംകൊണ്ടു പീടിക

ക്കാരൻ വന്നു വാതുക്കെ നിക്കുന്നു. അങ്ങോട്ടുവന്ന് ഒള്ളതു മേടിച്ചേ.

ജോൺ: ശരി; നിങ്ങൾ സംസാരിക്കു. ഞാനിതാ വന്നു കഴിഞ്ഞു. (തൊമ്മിയും ജോണും പോകുന്നു.)

ജോസ: എന്താണു ചോദിയ്ക്കുവാനുള്ളത്?

പീററ: സാധുസംരക്ഷണമെന്നു പറഞ്ഞ് ജനങ്ങളെ പററിച്ചു സ്വന്തം പള്ളവീർപ്പിക്കുവാൻ ഉണ്ടാക്കിയിട്ടുള്ള ഈ പ്രസ്ഥാനം സ്വാത്ഥതയുടെ കൃത്തരങ്ങല്ലേ?

ജോസ: ഏയ്, വെറും തെററിദ്ധാരണ. നിങ്ങളുടെ ജീവിതമാകുന്ന അളവു കോലുകൊണ്ട് മററുള്ളതെല്ലാം അളക്കുന്നതു് അത്ര പന്തിയല്ല. സ്നേഹിതാ, ഭ്രാന്തന്മാരാണ് സാധാരണ മററുള്ളവരെ ഭ്രാന്തരെന്നു വിളിക്കുക.

പീററ: (ഹാസ്യപൂവ്വം ചിരിച്ചിട്ട്) അപ്പോൾ, നിങ്ങൾ ജോണിൻെറ പ്രവൃത്തിയെ നീതീകരിക്കയാണല്ലേ? ഓഹോ, അയാളുടെ ആശ്രിതനാണല്ലോ!

ജോസ: ആശ്രിതൻ! സ്നേഹിതാ, ഇന്നുവരേയും ഞാൻ മന:സാക്ഷിയെ പണയപ്പെടുത്തിയിട്ടില്ല; ആരേയും ആശ്രയിച്ചിട്ടുമില്ല. ആ നിലയ്ക്ക് യാഥാത്ഥ്യങ്ങളുടെ മുന്നിൽ നട്ടെല്ലു നിവത്തി നില്ക്കുവാൻ എനിക്കു കഴിയും.

പീററ: കഴിയും, കഴിയും, ഇതുപോലെത്ര കണ്ടവനാണീ പീററർ.

ജോസ: സഹോദരാ, സ്വാത്ഥ ചിന്ത കളഞ്ഞിട്ടു നെഞ്ചത്തു കൈവച്ചുകൊണ്ടു ചുററുപാടുകളെ ഒന്നു സൂക്ഷിച്ചു നോക്കുക. സുഭിക്ഷതയുടെ തിരയടി ഒരുവശത്ത്. ഇല്ലായ്മയുടെ അത്തിരമ്പൽ മറുവശത്ത്. സംതൃപ്തിയുടെ മോഹനചിത്രം വരച്ച ഒരു വശവും, ക്ലേശത്തിൻെറ പരുപരുത്ത ചിത്രം വരച്ച മറുവശവും. ഈ മറുവശം കാണുവാൻ, അനീതിക്കിടയിൽ കിടന്നു ഞെരുങ്ങുന്ന നീതിയുടെ ദീനരോദനം കേൾക്കുവാൻ, "നിന്നെപ്പോലെ നിൻെറ അയല്ക്കാരനേയും സ്നേ

ഹിക്കുവാൻ" പഠിപ്പിച്ച ആ വിശ്വസ്നേഹിയുടെ, "നിനക്കു ള്ളതെല്ലാം വിററു ദരിദ്രർക്കു ദാനംചെയ്തിട്ട് 'കുരിശു'മെടുത്ത് എന്നെ അനുഗമിക്കുക" എന്നരുളിയ ആ മോഹനാശയൻെറ അനുഗാമികളെന്നഭിമാനിക്കുന്ന നമുക്കു കടമയില്ലേ? കർത്തവ്യമില്ലേ? ആ കർത്തവ്യത്തിൽ ബോധപൂർണ്ണനായി, അതിൻെറ നിർവ്വഹണത്തിൽ ബദ്ധകങ്കണനായി ഇറങ്ങിയിരിക്കുന്ന ആദർശസമ്പന്നനായ (ജോൺ പ്രവേശിക്കുന്നു.) ഒരു യുവാവിൻെറ പ്രവൃത്തിയെ സാധൂകരിക്കുവാൻ ഞാൻ ശ്രമിച്ചതു്, അദ്ദേഹത്തിൻെറ ആശ്രിതനായിട്ടാണെന്നാണോ നിങ്ങൾ പറയുന്നതു്?

ജോൺ: എന്താണിത്ര ആവേശത്തോടേ?

പീററ: (ഹാസ്യഭാവത്തിൽ) ഞാൻ ഇദ്ദേഹത്തിൻെറ കലിതുള്ളൽ കണ്ടു് ഇരിക്കയായിരുന്നു. ഹേ, മിസ്റ്റർ ഇതുപോലെയുള്ള എത്രയെത്ര ആദർശവാദികളെ കണ്ടിട്ടുള്ളവനാണീ പീററർ! പുരോഹിതന്മാരും, നിങ്ങളെപ്പോലുള്ള മററുള്ളവരും, അന്യരുടെ പണം തട്ടാൻവേണ്ടി സമാരംഭിച്ചിട്ടുള്ള ഈ ചൂഷണപ്രസ്ഥാനത്തിൻെറ അസ്തമനം അത്ര ദൂരത്തല്ലെന്നു ഞാനിതാ പ്രവചിക്കുന്നു.

ജോൺ: പീററർ, വെറും ബുദ്ധിശൂന്യത.

ജോസ: സ്നേഹിതാ, രണ്ടായിരം വർഷങ്ങൾക്കു മുൻപ് അന്നാസ്, കയേഫാസ് തുടങ്ങിയ യഹൂദപ്രമാണികൾ വിചാരിച്ചു, ക്രിസ്തുവിനെ ക്രൂശിൽ കയററിയാൽ പിന്നെ അദ്ദേഹത്തിൻെറ പഠനങ്ങളെല്ലാം വിസ്മരിക്കപ്പെടുമെന്നു്. എന്നാൽ, അവിടുന്നു ലോകത്തിനു നല്കിയ ദിവ്യസന്ദേശങ്ങൾ ഇന്നു കോടാനുകോടികളുടെ ഹൃദയത്തിൽ സ്വാധീനശക്തി ചെലുത്തുന്നില്ലേ? അവിടുന്നു നല്കിയ സ്നേഹത്തിൻെറ പ്രമാണത്തെ പ്രയോഗത്തിൽ വരുത്തുവാൻ സമാരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനം പൊടുന്നനവേ അസ്തമിക്കുമെന്നാണോ നിങ്ങൾ പറയുന്നതു്?

പീററ: (ക്രോധപൂർവ്വം) നിറുത്തണം, നിങ്ങളുടെ മതപ്രസംഗം. എനിക്കിതൊന്നും കേൾക്കുവാൻ സമയമില്ല. മിസ്റ്റർ ജോൺ, ഞാൻ അപ്പച്ചനെ അന്വേഷിച്ചതായി പറയണം. (പെട്ടെന്നിറങ്ങിപ്പോകുന്നു. അതു കണ്ടു് ഇരുവരും പരസ്പരം നോക്കുന്നു.)

ജോസ: സംസാരം ഇങ്ങനെ കലാശിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

ജോൺ: എന്തു ചെയ്യാം. വെളിച്ചം സഹിക്കവയ്യാത്ത വവ്വാലുകൾ ഇരുട്ടറകളിലേക്ക് ഓടിഒളിക്കുക സ്വാഭാവികമാണ്. ഇവരും ഒരിക്കൽ വെളിച്ചത്തിലേക്കു പ്രത്യാഗമിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

കർട്ടൻ

## രംഗം 7

(കനകമംഗലം—പീററിന്റെ ഭവനം—ഒരു മുറി—മേശ കസേരമുതലായവ ക്രമാതീതമായി കിടക്കുന്നു—പീററിന്റെ സഹോദരിയായ റീത്ത കീറിയ ബ്ളൗസ് തയ്ച്ചുകൊണ്ടിരിക്കുന്നു—ശോകവിവശയായ അവൾ ഇടയ്ക്കിടയ്ക്കു നിശ്വസിക്കുന്നു—പീററർ ക്ഷുഭിതനായി പ്രവേശിക്കുന്നു. അവൾ എണീററു് അല്പം ഒതുങ്ങി നില്ക്കുന്നു.)

പീററർ: (സരോഷം) എടീ, (റീത്ത മുഖമുയർത്തി നോക്കുന്നു. മൗനം) എടീ, റീത്താ, ഞാൻ ചോദിച്ചതിനു സമാധാനം? (റീത്ത മൗനം) ഹും, പറയൂ. (ഉച്ചത്തിൽ) പറയെടീ, (നീണ്ട നിശബ്ദത. പീററർ അവളുടെ കൈയ്ക്കു ബലമായി പിടിച്ചു വലിച്ചുടപ്പിച്ചിട്ടു്) റീത്താ, (റീത്താ ദയനീയമായി നോക്കുന്നു. മൗനം) എടീ, ധിക്കാരീ, നീ എന്റെ ക്ഷമയെ പരീക്ഷിയ്ക്കുയാണ്. അല്ലേടീ? (പിടിവിട്ടു്) അല്ലെങ്കിൽ എന്തിനു്? നിന്റെ അനുവാദം പ്രതീക്ഷിക്കുന്ന ഈ സഹോദരനാണു

മടയൻ! നിന്നെ സംബന്ധിച്ച് എന്തും പ്രവർത്തിയ്ക്കു വാൻ എനിക്കധികാരമുണ്ടെന്നു നിനക്കറിഞ്ഞുകൂടാ, അല്ലേ? പറയു സമാധാനം?

റീത്ത: (സഗദ്ഗദം) ചേ....ട്ടാ....ഞാൻ....എ....ന്താ... ണ്....പറ....യേണ്ടതു്?

പീററ: എടീ, നീയെൻെറ ഏകസഹോദരി........

റീത്ത: സഹോദരിയെന്നു പറയുവാൻ മാത്രമുള്ള ഒരു വരം!!

പീററ: (പല്ലു കടിച്ച്) മാത്രമുള്ളവരം! ആ നിലയ്ക്കു ഞാനൊന്നുകൂടി ഉപദേശിക്കുന്നു, നീ ആ വിവാഹത്തിനു് സമ്മതിക്കണമെന്ന്. അദ്ദേഹം ഒരു കുബേരൻ. കണക്കില്ലാത്ത ധനത്തിൻെറ അധിപൻ—

റീത്ത: അതിനു ഞാനെന്തുവേണം ചേട്ടാ?

പീററ: നീ ഒന്നു മൂളിയാൽമതി, അടുത്തക്ഷണം നീ സൗഭാഗ്യവതിയായി മാറും. ഇന്നാട്ടുകാരുടെ സ്നേഹബഹുമാനാദരവുകൾക്കു പാത്രീഭൂതയായി മംഗലശ്ശേരി സഖറിയായുടെ സഹധർമ്മിണിയായി വിരാജിക്കുവാനുള്ള അസുലഭസൗഭാഗ്യം കരഗതമാകുന്നതിനു നീ ഒന്നു മൂളിയാൽ മതി.

റീത്ത: ചേ....ട്ടാ!....

പീററ: എടീ, തികയാത്ത ജീവിതാവശ്യങ്ങൾ നിഷ്ക്കരുണം നമ്മെ തുറിച്ചു നോക്കുന്ന ഈ വിപൽസന്ധിയിൽനിന്നു ഞാൻ മുക്തനാവുകയും ചെയ്യും. അങ്ങനെ നമ്മെ ഭാഗ്യത്തിൻെറ കൊടുമുടിയിലേയ്ക്കു മാടി വിളിയ്ക്കുന്ന ഭാവിയെ വെറും മിഥ്യാബോധത്താൽ ആട്ടിപ്പായിക്കുവാനാണോ നീ ഭാവിക്കുന്നതു്?

റീത്ത: ചേട്ടൻ പറയുന്നതു വാസ്തവമാണെങ്കിൽ അതുകൊണ്ടു ചേട്ടൻെറ ഭാവി ശോഭനമായേക്കാം. എന്നാൽ, ചേട്ടാ, എൻെറ ഭാവി! ! ....

പീററ: നിൻെറ ഭാവി സൗഭാഗ്യസമ്പൂർണ്ണം.

റീത്ത: അല്ല ചേട്ടാ, ഇരുൾനിറഞ്ഞ ഒരു കാരാഗ്രഹമായിരിയ്ക്കും ഈ കൊച്ചനുജത്തിയുടെ ഭാവി! മാതാപിതാക്കന്മാരെ പിരിഞ്ഞു ചേട്ടനെമാത്രം വിശ്വസിച്ചിറങ്ങിപ്പുറപ്പെട്ട ഈ കൊച്ചനുജത്തിയെ (കണ്ണിൽ ജലം പെരുകുന്നു. കണ്ഠമിടറുന്നു.) സങ്കടത്തിൽ ആഴ്ത്തുവാനാണു ചേട്ടൻ ശ്രമിക്കുന്നതു്.

പീററ: എടീ, നിൻെറ സന്തോഷത്തിനുവേണ്ടി ശ്രമിക്കുന്ന എന്നോടാണോ നീ ഇതു പറയുന്നതു്?

റീത്ത: ചേട്ടാ, ഒരു യുവതി ഒരിക്കലും അഗ്രഹിയ്ക്കാത്ത ഒരു അൻപതുകാരൻെറ ഭാര്യയാക്കി, കേവലം ചെറുപ്രായമായ എന്നെ കണ്ണീർ കുടിപ്പിച്ചുകൊണ്ടു് മറുവശത്തു ചേട്ടൻെറ ഭാവി സുന്ദരമാക്കുന്നതിനു വ്യഗ്രത കാണിക്കുന്നതു നീതിയാണോ ചേട്ടാ? (കണ്ണീർ തുടയ്ക്കുന്നു.)

പീററ: (സരോഷം) നീതി! (ഗോഷ്ടി കാട്ടി) അമ്പോ! നിൻെറ ലോകനിരീക്ഷണപാടവം! ഹോ! ലോകത്തിൻെറ ഗതിവിഗതികളെ താരതമ്യം ചെയ്തു പഠിച്ചുവച്ചിരിയ്ക്കയല്ലേ എന്നെ ഉപദേശിയ്ക്കാൻ! (അലക്ഷ്യമായി അങ്ങുമിങ്ങും നടക്കുന്നു.)

റീത്ത: ചേ....ട്ടാ....

പീററ: ശരി മനസ്സിലായി. എൻെറ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടു, നിൻെറ സഹോദരനായ എന്നോടു നിനക്കുണ്ടായിരിക്കേണ്ട അനുസരണയുടെ അവസാന കണ്ണിയും നീ പൊട്ടിക്കയാണു്; അല്ലേടീ?

റീത്ത: (സങ്കടത്തോടെ) ചേ....ട്ടാ....ഞാ....

പീററ: (സഗൗരവം) ചേട്ടൻ! ആരു്! ആര് ചേട്ടൻ! എൻെറ ആജ്ഞയെ ധിക്കരിയ്ക്കുന്ന നിനക്കു ഞാൻ ചേട്ടനോ? നന്ദികെട്ട രാക്ഷസി! ഇതുവരെയും നിന്നെ സംരക്ഷിച്ച എനിയ്ക്കു നീ തരുന്ന സമ്മാനം, അനുസരണയില്ലായ്മ! ധിക്കാരി!

റീത്ത: ചേ....ട്ടാ, അങ്ങനെ പറയരുത്. ഈ അനുജ ത്തി എന്നും ചേട്ടനോടു കടപ്പെട്ടവളാണ്. അനുസരണയുള്ള വളാണ്. പക്ഷേ....

പീററ: പക്ഷേ?

റീത്ത: ഒരു സ്ത്രീയ്ക്കു ചില സ്വാതന്ത്ര്യങ്ങൾ അനുവദി യ്ക്കേണ്ടതായുണ്ട്.

പീററ: ഉണ്ട്; പലതും.

റീത്ത: അവളുടെ വിധിനിർണ്ണായകഘട്ടത്തെക്കുറിയ്ക്കു ന്ന വിവാഹമാണ് അതിലൊന്ന്; തന്മൂലം അക്കാര്യത്തെക്കു റിച്ച് ഒരു പുനരാലോചന........

പീററ: (പെട്ടെന്നു) ഛേ! ശബ്ദിച്ചു പോകരുത്. അ തു നീയാണു നിശ്ചയിക്കേണ്ടത്. അതു സ്വീകരിക്കണ മോ, അതോ നിന്റെ ചേട്ടന്റെ അഭിമാനത്തിൽ കളങ്കം ചേർക്കണമോയെന്നു നീയാണു തീരുമാനിക്കേണ്ടത്. എ ന്റെ ഭാഗത്തുനിന്ന് എല്ലാം തീരുമാനിച്ചു കഴിഞ്ഞു. എടീ, അവസാനതീരുമാനത്തിനായി ഒരു നീണ്ട മണിക്കൂർകൂടി ഞാൻ തന്നിരിക്കുന്നു. (തുറിച്ചു നോക്കിയിട്ടു പോകുന്നു.)

റീത്ത: ദൈവമേ!.... കഷ്ടപ്പെടുന്നവരുടെ ആശ്വാസ കേന്ദ്രമായ അവിടന്ന് ഈ നിരാലംബയെ താങ്ങണമേ! ദൈവമേ! എന്റെ അപ്പച്ചനുണ്ടായിരുന്നുവെങ്കിൽ എനിയ്ക്ക് ഈ ദുർവിധി നേരിടുമായിരുന്നോ. എന്റെ അപ്പച്ചാ! അങ്ങ് ....(പൊട്ടിക്കരഞ്ഞ്)അയ്യോ! കഠിനഹൃദയനായ സഹോദരാ, സഹോദരനെങ്ങനെ മനസ്സുവന്നു ആ കഠോരകൃത്യം ചെയ്യു വാൻ. ചേട്ടനും ഒരു മനുഷ്യനാണോ?.... പിതാവിനോടു ക ടുംകൈ ചെയ്തവൻ സഹോദരിയോടും ചെയ്യുവാൻ മടിയ്ക്കു യില്ല! സഹോദരൻ!!, എനിയ്ക്ക് ആഹാരംപോലും തരാതെ, അവസരസേവകരായ കൂട്ടുകാരുമൊത്ത് ഉള്ളതെല്ലാം ധൂർത്ത ടിച്ചു തീർത്തു. അവസാനമായി ഈ കൊച്ചു സഹോദരിയെ, ജരാനരകൾ ബാധിച്ച ഒരു കുബേരന് ഏതാനും വെള്ളി

ത്തുട്ടുകൾക്കുവേണ്ടി വില്ക്കുവാൻ പുറപ്പെട്ടിരിക്കുന്നു. ചേട്ടാ, ചേട്ടൻ ഒരു സഹോദരനോ!!

(കണ്ണീർ തുടച്ചുകൊണ്ടു നിശ്വസിക്കുന്നു. ജോൺ പ്രവേശിക്കുന്നു. റീത്ത പൊട്ടിക്കരയുന്നു. ജോൺ ജിജ്ഞാസുവാകുന്നു.)

ജോൺ: റീ....ത്തേ! (റീത്ത, ദയനീയമായി നോക്കുന്നു. ജോൺ ആവേശഭരിതനായി) ഈ കണ്ണുനീരിൻെറ അത്ഥം?

റീത്ത: (കണ്ണുനീർ തുടച്ച്) ഒന്നുമില്ല.

ജോ: ഒന്നും? എന്തു്! ഈ കണ്ണുനീരിൻെറ പിന്നിൽ ഒന്നുമില്ലെന്നോ?

റീത്ത: ഞാൻ വെറുതെ കരഞ്ഞതാണ്.

ജോ: നീ വെറുതേ കരഞ്ഞതു്.........

റീത്ത: ഞാൻ കരയുവാൻവേണ്ടി ജനിച്ചവളാണെന്ന് അങ്ങേയ്ക്കറിയാമല്ലോ.

ജോ: ഭവതിക്കിതൊരു രസമാണല്ലേ? സ്നേഹമയമായ ഒരു ഹൃദയത്തിന് അന്യൻെറ ഒരുതുള്ളി കണ്ണുനീർപോലും വേദനാജനകമാണെന്നറിയാമോ?

റീത്ത: എനിക്കതു നല്ലവണ്ണമറിയാം. പക്ഷേ,—

ജോ: പക്ഷേ, 'പക്ഷേ'യിൽ അവസാനിയ്ക്കുന്ന വാചകം എനിയ്ക്കു കേൾക്കണ്ടാ. അതു തീർച്ചയില്ലാത്ത ഒരവസ്ഥയാണ്.

റീത്ത: ഞാനെന്തു ചെയ്യണം?

ജോ: നീ എന്തോന്നാണീ പറയുന്നതു്?

റീത്ത: എരിപൊരി കൊള്ളുന്ന സ്നേഹശൂന്യതയുടെ മണലാരണ്യത്തിൽ പെട്ടു വലയുന്ന ഈ നിരാലംബയുടെ അശ്രുകണങ്ങൾ, അങ്ങയെപ്പോലുള്ളവരുടെ ഹൃദയത്തിൽ ക്രമ്പുകൾ തറയ്ക്കുവാനുള്ള പരിതസ്ഥിതികളാണ് എൻെറ ചുററും ഉയർന്നു കൊണ്ടിരിക്കുന്നതു്. അതിൽനിന്നു രക്ഷ നേടുവാനുള്ള മാർഗ്ഗങ്ങളെ ഞാനാരായുകയാണ്.

ജോ: എനിയ്ക്കൊന്നും മനസ്സിലാകുന്നില്ല.

റീത്ത: എൻെറ പരിമിതമായ ബുദ്ധി, അന്വേഷണ ത്തിൻെറ ചിറകുകൾ വിരിച്ചു പറന്നേറുന്തോറും നൈരാശ്യ ത്തിൻെറ ഉയൎന്ന കൊടുമുടികളിലാണു ചെന്നലച്ചുകൊണ്ടി രിക്കുന്നത്! ഞാനെന്തു ചെയ്യട്ടെ!!

ജോ: ഒന്നു തുറന്നു പറയൂ റീത്തേ.

റീത്ത: വിധിയുടെ അലംഘനീയമായ ആജ്ഞ.

ജോ: ജിജ്ഞാസ എന്നെ മഥിയ്ക്കുന്നു. പറയുക.

റീത്ത: ചേട്ടൻെറ നിഷ്ഠൂരമായ അഭിലാഷം ഞാൻ സാധിച്ചുകൊടുക്കണംപോലും!!

ജോ: എന്ത്! നിഷ്ഠൂരമായ അഭിലാഷമോ?

റീത്ത: ഞാനൊരു വിവാഹത്തിനു സമ്മതിയ്ക്കണ മെന്ന്!

ജോ: (പൊട്ടിച്ചിരിയ്ക്കുന്നു.) ഇതാണോ ഇത്ര വലിയ കാര്യം?

റീത്ത: അങ്ങേയ്ക്കു ചിരി; എനിക്കു പ്രാണവേദന!

ജോ: നിനക്കൊരു വിവാഹം. അതൊരു സഹോദര ൻെറ കടമയല്ലേ? അതിൽ ഇത്ര വേദനിയ്ക്കാൻ?

റീത്ത: എൻെറ സ്ഥാനത്ത് അങ്ങായിരുന്നുവെങ്കിൽ അതറിയുമായിരുന്നു.

ജോ: ആവട്ടെ; ആരാണാ ഭാഗ്യശാലി?

റീത്ത: അത് അറിയാതിരിക്കയാണു ഭേദം.

ജോ: ഞാനറിയുന്നതിൽ വിഷമമുണ്ടെങ്കിൽ വേണ്ടാ.

റീത്ത: വിഷമമുണ്ടായിട്ടല്ല. പക്ഷേ, ആ വ്യക്തിയുടെ പേരു പറഞ്ഞാൽ അങ്ങു ഞെട്ടും!

ജോ: ഞാനോ? ഇല്ല; പറയൂ?

(നിശ്ശബ്ദത.)

ജോ: വേണ്ടാ, ആ പേരിന്റെ ആദ്യക്ഷരമൊന്നു പറയാമോ?

റീത്ത: ആദ്യക്ഷരമോ? അതു, സ്........

ജോ: (ഗോഷ്ടികാട്ടി) സ്.... സ.... എന്നു പറഞ്ഞാൽ പേരാകുമോ? (മൗനം) ആയിരം വെള്ളിവിമാനങ്ങൾ ചിറകു വിരിച്ചു പറക്കുകയായിരിക്കാം, അല്ലേ.

റീത്ത: അല്ല, ഒരേ ഒരു വിമാനമേ ഉള്ളു; പക്ഷേ, ആ ഭാവനാവിമാനം കത്തിയെരിയുവാൻ പോകയാണ്.

ജോ: ഞാനതു വിശ്വസിക്കുന്നില്ല.

റീത്ത: വിശ്വസിക്കേണ്ടതായി വരും.

ജോ: ഇല്ല. അന്ന്, ആ വിവാഹമണ്ഡപത്തിൽ റീത്തയുടെ അടുത്തിരുന്നു പുഞ്ചിരിതൂകുന്ന ഭർത്താവിനെ നോക്കി ഞാൻ ഹാർദ്ദമായി ചിരിക്കും.

റീത്ത: ആ വിവാഹം നടക്കുകയില്ല. അഥവാ, നടന്നാൽത്തന്നെയും ആ ഭർത്താവിനെ നോക്കി അങ്ങു മന്ദഹസിക്കയില്ല.

ജോ: എന്തുകൊണ്ടു്?

റീത്ത: അന്ന് അങ്ങേയുടെ ഹൃദയം പൊട്ടിത്തെറിയ്ക്കും.

ജോ: എന്റെ ഹൃദയമോ?

റീത്ത: അതേ! അതു ഭസ്മമാകും.

ജോ: അപ്പോൾ റീത്തയുടെ ഭർത്താവാകാൻ പോകുന്ന ആൾ?....

റീത്ത: മററാരുമല്ല. (കണ്ണുകളിൽ ജലം നിറയുന്നു. ഗദ്ഗദം വാക്കുകളെ തടയുന്നു.)

ജോ: ആരു്? ആരാണതു്? പറയണം.

റീത്ത: അതു്........

ജോ: അതു്?

റീത്ത: അങ്ങയുടെ........

ജോ: അങ്ങയുടെ?

റീത്ത: പ്രിയപ്പെട്ട അപ്പച്ചൻ.

ജോ: (നിശ്ചലൻ. തുറിച്ച കണ്ണുകൾ വിറയ്ക്കുന്ന കൈകാലുകൾ. വേഗതകൂടിയ ശ്വാസഗതികൾ.) എൻെറ അപ്പച്ചനോ!

(കുറേ നിമിഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നു. നിശ്ശബ്ദത.)

ജോ: റീ....ത്തേ, (അവൾ ജലം പെരുകിയ ദൃഷ്ടികൾ ജോണിൽ പതിയ്ക്കുന്നു.) നിൻെറ അഭ്യുദയമാണോ പീററിൻെറ ലക്ഷ്യം?

റീത്ത: എന്നു ചേട്ടൻ പറയുന്നു.

ജോ: ശരി. (നിശ്ശബ്ദത) അങ്ങനെയെങ്കിൽ നിൻെറ ഭാവിശ്രേയസ്സിന് ആരും വിഘാതമായി നില്ക്കുകയില്ല.

റീത്ത: അയ്യോ! എന്താണിപ്പറയുന്നത്!

ജോ: ഭവതിയുടെ സൗഭാഗ്യമാണ് എൻെറയും സൗഭാഗ്യം. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുക എന്നല്ലേ ദിവ്യസൂക്തി.

റീത്ത: വേണ്ടാ; ആ സൗഭാഗ്യം എനിയ്ക്കു വേണ്ടാ.

ജോ: നാം ഒന്നു ചിന്തിയ്ക്കുന്നു; മറിച്ചു സംഭവിയ്ക്കുന്നു. അതാണു സത്യം!

റീത്ത: ചേട്ടൻെറ മക്കടമുഷ്ടി ഞാൻ സമ്മതിച്ചുകൊടുക്കുമെന്ന് അങ്ങു വിചാരിക്കുന്നോ? മററാരേയും ദുഃഖിപ്പിക്കാതെ,(പീററർ വരുന്നു. ഇതുകേട്ടു ക്രോധാന്ധനായിത്തീരുന്നു.)

പീററർ: ഹാ! തെണ്ടി! (ഇരുവരും ഞെട്ടി അകലുന്നു. പീററർ ജോണിനെ വലിച്ചുമാററി നിറുത്തിയിട്ട്) എടാ, നീ ആര്? എന്തിനിവിടെ വന്നു? പറയൂ. (പിടിച്ചുലയ്ക്കുന്നു.) നീ എന്തിനിവിടെ വന്നു? നീ മിണ്ടുകയില്ല. അല്ലേടാ തെണ്ടി! (പിടിച്ചു തള്ളുന്നു.)

ജോ: നിങ്ങൾ എന്നെ അറിയുകില്ല, അല്ലേ? മര്യാദയ്ക്കു പെരുമാറണം പീററർ.

പീററ: അറിയുമെടാ, നിന്നെയൊക്കെ ഞാനറിയും. മററുള്ളവരെ നന്നാക്കാൻ നടക്കുന്ന മനുഷ്യസ്നേഹി!!

ജോ: പീററർ, നിങ്ങൾ കോപംകൊണ്ടു മതിമറന്നിരിക്കയാണ്. നിങ്ങളോടു സംസാരിക്കാൻ പററിയ സമയമല്ല ഇതു്. (ജോൺ പോകുന്നു.)

പീററ: (റീത്തായുടെ നേർക്കു തിരിഞ്ഞു്) എടീ, രാക്ഷസീ, അവൻെറ പ്രേരണകൊണ്ടാണ് നീ എൻെറ ആജ്ഞയെ ധിക്കരിച്ചതു് അല്ലേ? പറയൂ എൻെറ ചോദ്യത്തിനു സമാധാനം? ഹും.

റീത്ത: ചേ....ട്ടാ!

പീററ: (അവളുടെ കഴുത്തിനു പിടിയ്ക്കുന്നു.) എടീ, ഞാൻ നിശ്ചയിച്ച വിവാഹം നിനക്കു സമ്മതമാണോ? പറയെടീ! ഹും, അല്ലെങ്കിൽ ഈ പിടിത്തം, നിന്നെ ഞാൻ........ ണ്ടും....പറയൂ.

റീത്ത: എനി....യ്ക്കു....സാ....ധ്യ....മല്ല.

പീററ: സാധ്യമല്ലേ? ദുഷ്ടേ, (അവളുടെ കഴുത്തിനു പിടിമുറുക്കി ക്രുദ്ധനായി അവളെത്തന്നെ നോക്കിനില്ക്കുന്നു. പിടിവിട്ടിട്ടു്) അല്ലെങ്കിൽ ഇപ്പോൾ വേണ്ടാ. നിന്നെ ശരിപ്പെടുത്താമോ എന്നു നോക്കട്ടെ.

കർട്ടൻ

## രംഗം 8

(മംഗലശ്ശേരി—തൊമ്മി ഒരു മൂളിപ്പാട്ടോടുകൂടി മേശ കസേര മുതലായവ തുടയ്ക്കുന്നു.)

തൊ: കട്ടിയ്ക്കിടിച്ചാൽ അരക്കാശിനു കൊണം ചെ

യ്യാത്ത ഈ പിശുക്കന്മാരൊണ്ടല്ലോ. അവർ ഭൂമിക്ക് ഒരു പാരമാ. 'പട്ടിക്ക മീശ വന്നാൽ അമ്പട്ടനെന്തു പ്രയോജനം' എന്നിട്ടല്ല. ഈ തൊമ്മി പറേണതു നൊണയാണെങ്കിൽ ഒന്നു തെരക്കിനോക്ക്. എൻെറ വല്യങ്ങുന്നിന് എത്രമാത്രം സ്വത്താണുള്ളത്. ഒരു കാശു മനസ്സറിഞ്ഞു കൊടുക്കുകയില്ല. പക്ഷേ, കൊടുക്കുമേ കൊടുക്കും. പെട്ടിയുടെ താക്കോലുപോലും കൊടുക്കും ചിലക്ക്. (ഇതു കേട്ടുകൊണ്ടു മേരി പ്രവേശിക്കുന്നു. അവൻ ഒന്നും അറിയാത്തവനെപ്പോലെ ജോലി തുടരുന്നു.)

മേരി: തൊമ്മീ,

തൊ: എന്തോ.

മേരി: ആരാണു പണപ്പെട്ടിയുടെ താക്കോൽ കൊടുക്കുന്നത്?

തൊ: ഞാൻ വല്യങ്ങുന്നിൻെറ കാര്യമല്ല പറഞ്ഞത്.

മേരി: പിന്നെ?

തൊ: അങ്ങേതിലെ തോമ്മാച്ചേട്ടൻെറ കാര്യമാ.

മേരി: അപ്പോഠം നീ വല്യങ്ങുന്നിൻെറ കാര്യം പറഞ്ഞു?

തൊ: സത്യമായിട്ടും പറഞ്ഞില്ല.

മേരി: തൊമ്മീ,

തൊ: (നീട്ടി വിളി കേഠക്കുന്നു.) എ....ന്തോ.

മേരി: നിന്നെ ഞാൻ കുററപ്പെടുത്തുന്നില്ല.

തൊ: അതു മതി കൊച്ചമ്മേ.

മേരി: അപ്പോഠം നീ പറഞ്ഞു?

തൊ: അയ്യോ തൊമ്മി പറഞ്ഞില്ല. (ജോസഫ് പ്രവേശിക്കുന്നു.)

ജോസഫ്: മേരീ, അപ്പച്ചൻ താക്കോൽ തന്നിട്ടുണ്ടോ?

മേരി: ഏതു താക്കോൽ?

തൊ: പൂട്ടിൻെറ താക്കോലാ കൊച്ചമ്മേ.

മേരി: പോടാ.

തൊ: അയ്യോ! തൊമ്മി പോണേ. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്തു കാര്യം? (തിരിഞ്ഞു നടക്കുന്നു.)

മേരി: എടാ രണ്ടു കാപ്പി. (തല കുലുക്കിക്കൊണ്ടു് അവൻ പോകുന്നു.)

മേരി: (കസേര നീക്കി) ഇരിയ്ക്കാം.

ജോ: വേണ്ട മേരീ.

മേരി: ഭീരുത്വം.

ജോ: ഒരിയ്ക്കലുമല്ല.

മേരി: മനുഷ്യത്വമില്ലായ്മയെ പഴിക്കുന്ന അങ്ങു് മനുഷ്യത്വത്തെ മാനിക്കുന്നവരുടെ മുമ്പിൽ ഭീരുവാകുന്നതു ശരിയല്ല.

ജോ: ഞാൻ ഒരു ഭീരുവല്ല. പക്ഷേ....

മേരി: പക്ഷേ?

ജോ: സമുദായം അത്ര ഉയർന്നിട്ടില്ല! മേരീ.

മേരി: വ്യക്തികൾ നന്നായാൽ കുടുംബം നന്നാകുമെന്നും, കുടുംബം നന്നായാൽ സമുദായം നന്നാകുമെന്നും ഉള്ള തത്വം അങ്ങേയ്ക്കറിവില്ലെന്നു വരുമോ?

ജോ: അറിയാം. അങ്ങനെ വ്യക്തികൾ നന്നാവട്ടെ.

മേരി: അതിനു നമുക്കു് ഒരുമിച്ചു ശ്രമിയ്ക്കാം. ഇവിടെ ഇരിക്കൂ.

ജോ: വേണ്ടാ. ഞാൻ നിന്നുകൊള്ളാം. താക്കോൽ തന്നാൽ........

മേരി: അങ്ങു പലപ്പോഴും അപ്പച്ചന്റെ ഒപ്പം ഇരുന്നു ജോലി ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടല്ലോ?

ജോ: അതു വേറെ കാര്യം. എന്റെ കൃത്യനിർവ്വഹണത്തിനു് അതാവശ്യമാണു്. ഇതു മേരിയുടെ മുറി. ഇവിടെ കയറിവരേണ്ട കാര്യംതന്നെ എനിയ്ക്കില്ല.

മേരി: ആവട്ടെ, അങ്ങു് ഈ കസേരയിൽ ഇരുന്നാൽ എന്തു ദോഷമാണുണ്ടാകുക.

ജോ: മേരീ, സാമ്പത്തികമാണാ പ്രശ്നം. മേരിയ്ക്കറിയാമോ, കുബേരന്മാർ സാമ്പത്തികമായ ഇരുമ്പുയവനികയ്ക്കുള്ളിലാണു കഴിയുന്നതെന്ന്? അതിനുള്ളിലേക്കു കാലെടുത്തു വെച്ചാലത്തെ അനുഭവം കൈപ്പുള്ളതായിരിക്കും. (തൊമ്മി രണ്ടു കാപ്പി കൊണ്ടുവന്നു മേശപ്പുറത്തു വയ്ക്കുന്നു. മേരി ഒരു ഗ്ലാസ്സെടുത്തു ജോസഫിനു കൊടുക്കുന്നു. ഇരുവരും കുടിയ്ക്കുന്നു. സഖറിയാ പ്രവേശിക്കുന്നു. ഈ കാഴ്ചകണ്ട് ഒരുവശത്തേക്ക് ഒഴിഞ്ഞുമാറി നിന്നു വീക്ഷിക്കുന്നു.)

മേരി: എന്തു മധുരം. രണ്ടു കാപ്പിയ്ക്കുള്ള പഞ്ചസാരയുണ്ട് ഒന്നിൽ.

തൊ: രണ്ടു പേരുണ്ടല്ലോ. അതുകൊണ്ടിച്ചിരി കൂടുതലിട്ടതാ.

മേരി: ഇവനൊരു വിഡ്ഢിയാണ്.

തൊ: അതേയതേ. തൊമ്മിയ്ക്കിതെല്ലാം അറിയാം കൊച്ചമ്മേ!

മേരി: എന്തോന്നാടാ?

തൊ: ചേട്ടാ, ചേട്ടനിവിടെ വന്നേപ്പിന്നെ ഈ കൊച്ചമ്മയ്ക്ക് അപ്പിടി ദീർഘശ്വാസോം ഒക്കെയാ. അല്ലേ ഒന്നു തെരക്കിനോക്ക്.

മേരി: (സഗൗരവം) പോടാ അപ്പുറത്ത്. (തൊമ്മി കുറേ നടന്നിട്ടു തിരിഞ്ഞു നിന്ന്.)

തൊ: ഇന്നാള്ല രണ്ടു പേരുംകൂടി പറയണതു ഞാൻ കേട്ടേ.

മേരി: പോടാ. ഉം. (തൊമ്മി പോകുന്നു.)

ജോസ: താക്കോൽ തരുക; ഞാൻ എൻെറ ജോലിക്കു പോകട്ടേ.

മേരി: അങ്ങ് ആ കസേരയിലിരിക്കുക. എനിക്കു ചിലതെല്ലാം പറയുവാനുണ്ട്.

ജോ: വേണ്ടാ. ഒന്നും പറയാതിരിക്കുകയാണു നന്ന്.

മേരിയുടെ ഔദാര്യബുദ്ധിക്ക ഞാൻ എന്നും കൃതജ്ഞനായിരിക്കും. (സഖറിയാ മുന്നോട്ട നീങ്ങി കലിതുള്ളിക്കൊണ്ട്.)

സഖ: ഫാ!! തെണ്ടി!!! (ഇരുവരും ഞെട്ടിയകലുന്നു. ഭയന്നു വിറയ്ക്കുന്നു. സഖറിയാ ജോസഫിൻെറ നേരേ അലറി അടുത്തു്) എടാ, എനിക്ക് എല്ലാം മനസ്സിലായി. ദുരാഗ്രഹം പെരുത്ത ദുഷ്ടാ, തെണ്ടിത്തിരിഞ്ഞുവന്ന നിനക്ക് അഭയം തന്ന എൻെറ മുഖത്തു കരിതേയ്ക്കുവാൻ ശ്രമിക്കുന്ന നിന്നെ ഞാൻ—(അടിയ്ക്കാൻ വടി ഓങ്ങുന്നു. മേരി തടഞ്ഞിട്ട്.)

മേരി: അപ്പച്ചാ, ഞാനാണു കുററക്കാരി.

സഖ: പോ അവിടന്നു്. (തിരിഞ്ഞു ജോസഫിനോട്ട്) എടാ, നീ ഇതിനാണ് ഇവിടെ വന്നതു്, അല്ലേ? അവനു വല്ല കുലുക്കവുമുണ്ടോന്നു നോക്കിക്കേ; എടാ, വഞ്ചകാ, (ജോസഫ് വിഷണ്ണനായി നില്ക്കുന്നു.) പോ എൻെറ മുമ്പിൽ നിന്നു്. (അലറി) നിന്നെ ഇനി ഇവിടെ കാണരുതു്.

ജോ: (പരിഭ്രമചിത്തനായി) ഞാൻ........ഞാൻ........

സഖ: ഞാൻ, ഞാൻ.... (കലി പൂണ്ടലറി കൈയിലിരുന്ന വടികൊണ്ടടിയ്ക്കുന്നു. അടിതടയാൻ ശ്രമിച്ച മേരിയുടെ തലയ്ക്കു ശക്തിയായി അടികൊള്ളുന്നു. 'അമ്മേ', എന്നു നിലവിളിച്ചുകൊണ്ടു മേരി വീഴുന്നു. സഖറിയാ സ്തബ്ധനായി നില്ക്കുന്നു. ജോസഫിൻെറ കണ്ണിൽ ജലം നിറയുന്നു.

ജോ: (ആവേശഭരിതനായി) മേരീ,....മേരീ! (കുനിഞ്ഞു തലയിൽ തൊടുവാൻ ശ്രമിയ്ക്കുന്നു.)

സഖ: (സഗൗരവം) ഛേ! തൊട്ടുപോകരുതു്. (ജോസഫ് ആ പ്രവൃത്തിയിൽനിന്നു വിരമിയ്ക്കുന്നു. സഖറിയാ തുറിച്ച നേത്രങ്ങളോടെ, വിറയ്ക്കുന്ന കൈ ചൂണ്ടി) കടക്കു പുറത്തു്—

ജോ: മേരീ, ഹാ! പാവം! ബോധം കെട്ടുപോയല്ലോ.

സഖ: ഇറങ്ങെടാ പുറത്തു്. ഹും!

ജോ: (സ്വയം മറന്ന്) മേരീ,....

സഖ: (ചവിട്ടാൻ കാലുപൊക്കി) പോടാ ഇറങ്ങി.

(ജോസഫ് പോകുന്നു.)

കർട്ടൻ

## രംഗം 9

(കുറേദിനങ്ങൾക്കുശേഷം—മംഗലശ്ശേരി—അർദ്ധരാത്രി—സഖറിയാ ഗാഢനിദ്രയിലാണ്ടിരിക്കുന്നു—കറുത്ത വേഷവും മുഖംമൂടിയും ധരിച്ച ഒരു തസ്കരൻ പ്രവേശിക്കുന്നു—ഒരു കൈയിൽ ടോർച്ച്—മറുകൈയിൽ കഠാരി—തലയിണക്കീഴിൽനിന്നു താക്കോൽ എടുക്കുന്നു—ശ്വാസവേഗതയോടെ അലമാരി തുറന്നു നോട്ടുകെട്ടുകൾ വലിച്ചെടുത്തു തൽക്ഷണം മറയുന്നു. അണിയറയിൽ തൊമ്മി അയ്യോകെട്ടി നിലവിളിയ്ക്കുന്നു. ശബ്ദംകേട്ടു സഖറിയാ ഞെട്ടി എഴുന്നേല്ക്കുന്നു. വിളക്കു കത്തിച്ച്)

സഖ: എടാ, തൊമ്മീ, എന്താടാ അവിടെ?

തൊമ്മി: (കരഞ്ഞുകൊണ്ടു വരുന്നു. മുതുകിൽ ഇടയ്ക്കിടയ്ക്കു തടവിക്കൊണ്ട്) വല്യങ്ങുന്നേ എൻെറ മുതുകു പൊളിഞ്ഞേ! അയ്യോ! ഒന്നു തെരക്കി നോക്കേ.

സഖ: എന്തെടാ, കാര്യം പറയെടാ?

തൊ: പള്ളിയിലേ അച്ചൻ പ്രസംഗത്തി പറയണ ഒരു തടിച്ച കറുമ്പൻ ചെകുത്താൻ എൻെറ മുതുകത്തു ചവുട്ടിക്കൊണ്ടോടിപ്പോയേ! അയ്യോ!........

സഖ: (അത്ഭുതത്തോടെ) ഹാ! വാതിൽ തുറന്നു കിടക്കുകയാണല്ലോ! (അലമാരി കാണുന്നു.) അയ്യോ! (നെഞ്ചത്തടിച്ച്) എന്നെ ചതിച്ചു!!! (അലമാരി പരിശോധിക്കുന്നു. നോട്ടുകെട്ടുകൾ കാണാത്തതിൽ തലയ്ക്കിടിച്ചുകൊണ്ട് കട്ടിലിൽ കിടക്കുന്നു.)

തൊ: അങ്ങുന്നിന് അലമാരീം വാതലും തുറന്നു കിട ന്നിട്ട്. എനിക്കെൻെറ മുതുക പോയിട്ട്! അയ്യോ!........

(ജോണും മേരിയും വരുന്നു.)

ജോൺ: അപ്പച്ചാ, എന്താണിത്?

മേരി: അപ്പച്ചാ!........

സഖ: എടാ, രൂപാ അയ്യായിരം! ഇൻസ്പെക്ടറെ ഫോ ണിൽ വേഗം വിളിയ്ക്കടാ. (നെഞ്ചത്തടിച്ച്) ഇരുന്നതു മുഴ വൻ അവൻ കൊണ്ടുപോയെടാ!!

കർട്ടൻ

## രംഗം 10

(കളവുനടന്ന അതേ രാത്രി—മംഗലശ്ശേരിയിലേ മ തിൽക്കെട്ടിനു പുറത്ത് ഇരുളടഞ്ഞ ഒരു മൂലയിൽ കൈയിൽ തോക്കുമായി, വലിയ മുണ്ടുകൊണ്ട് ആപാദചൂഡം മറച്ച് ഒ രാറം ആരെയോ പ്രതീക്ഷിച്ചു നില്ക്കുന്നു—കുറേകഴിഞ്ഞു ത സ്കരനും, അതേ വേഷത്തിൽ വേറൊരുവനും ആ വഴി വരുന്നു —പെട്ടെന്ന് തോക്കുധാരി മുന്നിൽ ചാടിവീണ്.)

തോക്കുധാരി: (സഗൗരവം) അനങ്ങിപ്പോകരുത്. (ഇരുവ രും അമ്പരക്കുന്നു.) എടാ, ആ കഠാരി താഴെയിട്ടു. ഹും! വേഗം. എൻെറ കൈയിലിരിക്കുന്നത് എന്താണെന്നറിയാമോ? ഹും. (കഠാരി താഴെയിടുന്നു. അതെടുത്തിട്ട്) ഇനി ഇരുവരും കൈ പൊക്കു. (അവർ മടിക്കുന്നു. തോക്കു ഒരുവൻെറ നെഞ്ചിനു നേരേ നീട്ടുന്നു) പൊക്കെടാ കൈ. (ഇരുവരും കൈപൊക്കുന്നു.)

തസ്കരർ: ഞങ്ങളെ രക്ഷിയ്ക്കണം!

തോ: രക്ഷിയ്ക്കാനോ? ശിക്ഷിക്കുവാനാണു പോകുന്ന ത്. ശരി, രണ്ടുപേരും കണ്ണടയ്ക്കു. വേഗം വേണം. എനി യ്ക്കു വേറെ ജോലിയുണ്ട്.

തസ്സ: അയ്യോ! ഞങ്ങളെ കൊല്ലരുതേ!എന്തു വേണമെങ്കിലും തരാം!

തോ: നിങ്ങളെ കൊല്ലാതെ വിട്ടാൽ, നിങ്ങഠം ഇനിയും എവിടെയെങ്കിലും കയറി കൊള്ളനടത്തും. അതുകൊണ്ടു രണ്ടുപേരും മരിക്കണം. വേഗം കണ്ണടയ്ക്കു. ഹും!

തസ്സ: ഞങ്ങളിനി ഒരിക്കലും മോഷ്ടിക്കയില്ല. ഞങ്ങളെ രക്ഷിയ്ക്കണം.

തോ: ശരി. ഇപ്പോഠം നിങ്ങഠം എന്താണു മോഷ്ടിച്ചതു്?

തസ്സ: കുറേ രൂപാ.

തോ: അതിങ്ങെടുക്കു. വേഗം വേണം. (ഒരുവൻ പണമെടുത്തു കൊടുക്കുന്നു. വാങ്ങിയിട്ടു്.) ഹും! തിരിഞ്ഞു നോക്കാതെ ഓട്ടു്; ഓടെടാ! (ഇരുവരും ഓടുന്നു.)

കർട്ടൻ.

# രംഗം 11

(മംഗലശ്ശേരി—സഖറിയാ, ജോൺ, മേരി, തൊമ്മി മുതലായവർ.)

സഖ: ആ തെണ്ടി! അവൻ എന്നെ ചതിച്ചു! രൂപാ അയ്യായിരം! ഒന്നുരണ്ടാണോ! തെരുവുതെണ്ടിയെ വിളിച്ചു കയററിയതിൻെറ ഫലം! എന്തിനു്? ആ കത്തനാരാണു് ഇതിനെല്ലാത്തിനും കാരണക്കാരൻ. "ഒന്നു വിശ്വസിച്ചുനോക്കു്. വിശ്വാസത്തിൻെറ പേരിലല്ലേ ലോകം മുന്നോട്ടു പോകുന്നതു്;" എന്നൊക്കെ പറഞ്ഞു് എന്നെ വിശ്വസിപ്പിച്ച ആ കത്തനാരിൽനിന്നു വേണം ഇതെല്ലാം ഈടാക്കാൻ.

ജോൺ: അച്ചനെ വെറുതേ പഴിയ്ക്കുന്നതെന്തിനു്?

തൊമ്മി: വല്യങ്ങുന്നേ, അയാളെ ഞാനാദ്യം കണ്ടപ്പഴേ നിശ്ചയിച്ചതാ അവനൊരു കള്ളനാണെന്നു്.

മേരി: പോടാ അപ്പുറത്ത്.

തൊ: ഒന്നു ചുമ്മാതിരി കൊച്ചമ്മേ! (മേരി അവനെ ഗൗരവത്തിൽ നോക്കുന്നു.) അല്ലെങ്കിലും ഈ കൊച്ചമ്മയുടെ കാര്യം പറയുമ്പം ഗൗരവാ. കൊച്ചമ്മയെന്തറിഞ്ഞു? എന്റെ മുതുകാ പൊളിഞ്ഞത്! അല്ലേ ഒന്നു തെരക്കി നോക്ക്.

സഖ: എടാ മിണ്ടരുത്. (ജോണിനോട്) എടാ, നിനക്കെന്തു തോന്നുന്നു?

ജോൺ: ഏതായാലും സാമാന്യക്കാരനല്ല ഈ കളവു നടത്തിയത്.

സഖ: എടാ, ഈ മോഷണം നടത്തിയിരിക്കുന്നതു ജോസഫാണെന്നാണ് എന്റെ വിശ്വാസം.

തൊ: അവൻതന്നെയാ വല്യങ്ങുന്നേ.

ജോൺ: അടുത്തറിഞ്ഞിടത്തോളം ജോസഫ് ഈ കൃത്യത്തിനു മുതിരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

തൊ: കൊച്ചങ്ങുന്നു പറഞ്ഞതാ കാര്യം.

മേരി: വെറും ഊഹത്തിന്റെ പേരിൽ ഒരാളുടെമേൽ കുററമാരോപിക്കുന്നതു ശരിയാണോ ചേട്ടാ?

തൊ: അതാണു തൊമ്മീം പറയണത്. തൊമ്മിയ്ക്കൊരു സംശയമുണ്ട്.

ജോൺ: എന്തോന്നാടാ, നിന്റെ സംശയം?

തൊ: ഇതാരോ കട്ടതാണ്. അല്ലേ ഒന്നു തെരക്കി നോക്ക്.

സഖ: പോടാ മരങ്ങോടാ, (മേരിയോട്) ഇവളൊരുത്തിയാണിതിന്റെ കാരണക്കാരി. (ഹാസ്യമായി) കിട്ടിയില്ലേടീ പ്രതിഫലം?

മേരി: അപ്പച്ചാ........

സഖ: അപ്പച്ചൻ! (പല്ലുകടിച്ച്) നിന്റെ അപ്പച്ചൻ! നീ ശബ്ദിച്ചുപോകരുത്.

ജോൺ: അപ്പച്ചാ, അവളെ എന്തിനു പഴിക്കുന്നു. ഏതായാലും അതു സംഭവിച്ചു. ഇനി അനന്തരനടപടികളെക്കുറിച്ച് ആലോചിയ്ക്കാം.

(ഇൻസ്പെക്റ്റർ, കോൺസ്റ്റബിൾ എന്നിവർ പ്രവേശിക്കുന്നു. സഖറിയാ ഉപചാരം ചെയ്യുന്നു. മേരിയും തൊമ്മിയും പോകുന്നു.)

ഇൻസ്പെക്റ്റർ: മിസ്റ്റർ സഖറിയാ, ഇവിടെത്തന്നെയോ മോഷണം നടന്നത്?

സഖ: അതേ, അയ്യായിരം രൂപാ മോഷണം പോയിരിക്കുന്നു!

ഇൻ: എപ്പോഴാണു സംഭവമുണ്ടായതു്?

സഖ: ഉദ്ദേശം അരമണിക്കൂർ മുമ്പ്.

ഇൻ: പണം സൂക്ഷിച്ചിരുന്നതെവിടെയാണ്?

സഖ: (കൈ ചൂണ്ടി) അതാ, ആ കാണുന്ന അലമാരിയിലാണ്.

(ഇൻസ്പെക്റ്ററും കോൺസ്റ്റബിളും അലമാരിയുംമററും പരിശോധിക്കുന്നു.)

ഇൻ: ശരി. അലമാരി ഇന്നലെ നിങ്ങൾ പൂട്ടിയിരുന്നോ?

സഖ: പൂട്ടിയിരുന്നു.

ഇൻ: വെറും ഊഹമാണോ?........

സഖ: അല്ല, അലമാരി പൂട്ടി താക്കോൽ എൻെറ തലയിണയുടെ അടിയിൽ സൂക്ഷിച്ചിരുന്നു.

ഇൻ: അയ്യായിരമാണോ കളവു പോയിരിക്കുന്നതു്?

സഖ: അതേ. കുറേദിവസങ്ങൾക്കുമുൻപ് ഒരു പ്രത്യേകാവശ്യത്തിലേയ്ക്കായി ഏഴായിരം രൂപായുടെ ഒരു ചെക്കു മാറിച്ചു. അതിൽനിന്നു രണ്ടായിരം രൂപാ ഇന്നലെ രാത്രി ഒരാൾക്കു കൊടുത്തു. ബാക്കി അയ്യായിരം രൂപായാണു കളവു പോയിരിക്കുന്നതു്.

ഇൻ: അരാണു ചെക്കു മാറിയതു്?

സഖ: ഇവിടെ ക്ലാർക്കായിരുന്ന ജോസഫ്.

ഇൻ: കളവു നടന്നതു നിങ്ങൾ എങ്ങനെയറിഞ്ഞു?

സഖ: വേലക്കാരൻെറ ശബ്ദകോലാഹലം കേട്ട ഞാനുണർന്നപ്പോൾ അലമാരിയും മുറിയും തുറന്നു കിടക്കുന്നതായിട്ടാണു കണ്ടതു്.

ഇൻ: വേലക്കാരൻ ശബ്ദമുണ്ടാക്കുവാൻ കാരണം?

സഖ: ആരോ അവൻെറ മുതുകിനു ചവുട്ടിക്കൊണ്ടോടിയെന്നു്.

ഇൻ: ആ വേലക്കാരനെ ഇങ്ങു വിളിക്കൂ. (ജോൺ പോകുന്നു.) നിങ്ങൾ ആരെയെങ്കിലും സംശയിക്കുന്നുണ്ടോ?

സഖ: ഉവ്വ്. ജോസഫിനെ.

ഇൻ: കാരണം?

സഖ: ഇവിടത്തെ സകല ചുററുപാടും അവനറിയാം. തന്നെയുമല്ല ചില കാരണങ്ങൾമൂലം കുറേ ദിവസങ്ങൾക്കു മുൻപ് അവനെ ഞാൻ ഇവിടെനിന്നും പിരിച്ചുവിടുകയും ചെയ്തു.

(ജോൺ തൊമ്മിയെ കൊണ്ടുവരുന്നു. അവൻ പേടിച്ചു വിറയ്ക്കുന്നു.)

തൊ: പൊന്നേമാനേ! തൊമ്മിയൊന്നുമറിഞ്ഞതല്ലേ?

ഇൻ: നീ നിലവിളിച്ചതെന്തിനാണ്?

തൊ: ഒരു കറമ്പൻ ചെകുത്താൻ എൻെറ മുതുകത്തു ചവിട്ടിക്കൊണ്ടോരോട്ടം. അതുകൊണ്ടാണേ കരഞ്ഞതു്. അല്ലേ, ഒന്നു തെരക്കിനോക്കു്.

ഇൻ: എന്തെടാ, തെരക്കാനോ?

ജോൺ: അതു് അവൻെറ ഒരു വെച്ചുകെട്ടാണ്. പ്രത്യേകം ഒന്നും ഉദ്ദേശിച്ചല്ല. അങ്ങു് അതു കാര്യമാക്കേണ്ടാ.

തൊ: പൊന്നേമാനേ....(കരയുന്നു.)

ഇൻ: ആ്ആളെ നീ കണ്ടോ?

തൊ: കണ്ടേ!

ഇൻ: ആരാണെന്നു നിനക്കറിയാമോ?

തൊ: അറിയാം.

ഇൻ: (ജിജ്ഞാസയോടെ) ആരാണു സത്യം പറയണം.

തൊ: പള്ളിയിലെ അച്ചൻ പ്രസംഗത്തി പറഞ്ഞ കറമ്പൻചെകുത്താനായിരുന്നു. തൊമ്മിക്കെന്നാ നൊണ പറഞ്ഞിട്ടു കാര്യം.

ഇൻ: (കുപിതനായി) എന്തെടാ, നീ പറഞ്ഞതു്?

തൊ: പൊന്നേമാനേ!! (കരയുന്നു.)

സഖ: (ഇൻസ്പെക്റ്ററോടു്) ഇവനൊരു കഴുതയാണു്.

ഇൻ: അങ്ങനെയോ! (തൊമ്മിയോടു്) എടാ, ഇന്നലെ നീ എവിടെയാണു കിടന്നതു്?

തൊ: കെടന്നതു പായേലാണേ!

ഇൻ: ഫൂ! ഇഡിയററു്! ഇവനൊരു കഴുത തന്നെയാണു്. മിസ്റ്റർ സഖറിയാ, ഞാൻ കാര്യമായി അന്വേഷിച്ചുകൊള്ളാം. (പോകുന്നു.)

കർട്ടൻ

## രംഗം 12

(കനകമംഗലം—റീത്ത പട്ടിണികൊണ്ടും കഷ്ടതകൊണ്ടും വിവശയായി കാണപ്പെടുന്നു.)

റീത്ത: ദൈവമേ! എൻെറ ചേട്ടൻെറ വഞ്ചനയെത്തെ അങ്ങു മയപ്പെടുത്തണമേ. ജഗൽപിതാവേ, ഈ പാപിയുടെ ഒടുങ്ങാത്ത കണ്ണുനീരിനൊരവസാനം വരുത്തണമേ. തീരാത്ത കഷ്ടതയിൽക്കിടന്നു നെരുങ്ങുന്ന ഈ അശരണയുടെമേൽ അങ്ങു കനിയണമേ. (കണ്ണുനീർ തുടയ്ക്കുന്നു.)

(പീററർ പ്രവേശിക്കുന്നു.)

പീററർ: എന്തെടീ മൂധേവി! നോക്ക്, അവളുടെ മോറ് കടന്നല്ല് കുത്തിയതുപോലെയിരിക്കുന്നു! ഒരു സമയമെങ്കിലും ഇവളുടെ മുഖം ഒന്നു തെളിഞ്ഞുകണ്ടിരുന്നെങ്കിൽ!

റീത്ത: (നിശ്വസിച്ച്) ഞാൻ കരയാൻവേണ്ടി ജനിച്ചവളല്ലേ?

പീററ: അതിനെന്ത്; ഇനി നീ സുഖിച്ചോളൂ.

റീത്ത: സുഖം, അതെൻെറ ജീവിതത്തിലുണ്ടാകയില്ല ചേട്ടാ.

പീററർ: അതുണ്ടാകാൻ പോകയാണ്. (പോക്കററിൽനിന്നു നോട്ടുകൾ എടുത്തു കാണിച്ച്) ഇതു നോക്ക്. നിന്നെ അയാൾക്കു വിവാഹം ചെയ്തു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടു രൂപാ രണ്ടായിരം ഞാൻ വാങ്ങിച്ചു കഴിഞ്ഞു.

റീത്ത: ഞാനതിന് അനുകൂലിക്കയില്ലെങ്കിലോ?

പീററ: അനുകൂല്യം. എടീ, ഞാനൊന്നുനിശ്ചയിച്ചാൽ അതു നടക്കും. അല്ലെങ്കിൽ നടത്തും. നിനക്കറിയാമോ?

റീത്ത: അപ്പോൾ അതു വിവാഹമാണോ ചേട്ടാ?

പീററ: പിന്നെ?

റീത്ത: അതൊരുതരം കച്ചവടമാണ്.

പീററ: നീ എന്തെല്ലാം പറഞ്ഞാലും ശരി, ഞാൻ നിശ്ചയിച്ചതു നടത്തും. എടീ, നാളെ നാലുമണിക്ക് അദ്ദേഹം നിന്നെ കാണാൻ ഇവിടെ വരും.

റീത്ത: ചേ....ട്ടാ!....

പീററ: റീത്താ....

റീത്ത: ചേട്ടാ, (സങ്കടത്തോടെ) ആ പണം ചേട്ടനെന്തിനായി വാങ്ങി?

പീററ: നിൻെറ വിവാഹത്തിന്.

റീത്ത: ചേട്ടൻ തീർച്ചപ്പെടുത്തിയോ?

പീററ: തീരുമാനിച്ചു കഴിഞ്ഞു.

റീത്ത: (വികാരാവേശത്തോടെ) ചേട്ടൻ തനിച്ചു തീരുമാനിക്കേണ്ടതല്ലല്ലോ അത്.

പീററ: എടീ, മിണ്ടരുത്.

റീത്ത: ചേട്ടാ!....

പീററ: എടീ റീത്താ!........

റീത്ത: (പെട്ടെന്നു ഭാവംമാറി) വേണ്ടാ. നിങ്ങൾ സംസാരിക്കേണ്ട. (അടുത്തു ചെന്നു കൈചൂണ്ടി) സ്വന്തം സഹോദരിയെ വിററു പണം വാങ്ങിയ സഹോദരനല്ലേ നിങ്ങൾ. (ശാന്തമായി) സഹോദരിയെ വിററ പണംകൊണ്ടു ചേട്ടനു ധൂത്തടിക്കുവാൻ! ചേട്ടാ!........(ഗദ്ഗദപൂണ്ണയായി) ചേ........ട്ടാ!........ (ഭാവപ്പകച്ചയോടെ) ചേട്ടൻ! അല്ല, നിങ്ങൾ ചേട്ടനല്ല. വെറും അന്യൻ. ഹൃദയമില്ലാത്ത മനുഷ്യൻ.

പീററ: (രോഷപൂവ്വം) എടീ, (മുഷ്ടി ചുരുട്ടി) നിന്നെ ഞാൻ....

റീത്ത: (അടുത്തു ചെന്ന്)നിങ്ങൾ എന്നെ കൊല്ലണം; (ശബ്ദമുയത്തി)നിങ്ങളുടെ കൈകൊണ്ടു എനിക്കു മരിക്കണം! ....മരിക്കണം!! (പീററർ രോഷാകുലനായി തുറിച്ചു നോക്കിയിട്ടു പോകുന്നു.)

റീത്ത: ദൈവമേ! എനിക്കാരാണാശ്രയം! എനിക്കാരുമില്ല........പക്ഷേ, ചേട്ടനു എന്നെ കല്യാണത്തിനു കിട്ടുകില്ല. കണ്ടുകൊള്ളട്ടെ. (റീത്ത പോകുന്നു.)

(കർട്ടൻ വീഴുന്നു. വീണ്ടും അതേ സീൻതന്നെ.)

(തൊമ്മി പ്രവേശിക്കുന്നു. ആരേയും കാണാത്തതുകൊണ്ടു ഒരു കസേരയിൽ കയറി ഇരിക്കുന്നു. രണ്ടുകുപ്പി ചാരായവുമായി ആൻറു വരുന്നു. തൊമ്മി പെട്ടെന്നു എഴുന്നേല്ക്കുന്നു. ഇരുവരും പരസ്പരം തുറിച്ചു നോക്കുന്നു.)

തൊ: എന്താ ഇത്ര ഗൗരവം?

ആൻറു്: ഛേര, അതു കള.

തൊ: ഏതു കളയാൻ?

ആ: നീ എന്തിനിവിടെ വന്നു?

തൊ: അതൊക്കെ പറയാം. ചേട്ടൻ വളരെ നല്ലവനാ.

ആ: ഛേര, അതുകള.

തൊ: അപ്പോ, ചേട്ടൻ ചീത്തയാ? അതു തൊമ്മിയറിഞ്ഞില്ല.

ആ: നീയല്ലേ, അന്നു ഞാനവിടെ വന്നപ്പോഠം പട്ടിയെ വിട്ടു കടിപ്പിക്കമെന്നു പറഞ്ഞതു്.

തൊ: അല്ലേ, തെരക്കിനോക്കു്. ഞാനോർക്കണില്ല.

ആ: എടാ, സത്യം പറയൂ.

തൊ: അ ഓത്തു. അന്നു ചേട്ടൻ പൊടിത്തട്ടിപ്പുമായി വന്നപ്പോഠം....

ആ: (തൊമ്മിയുടെ കൈയ്യു പിടിച്ചു ഞെരിയ്ക്കുന്നു. തൊമ്മി ഉച്ചത്തിൽ നിലവിളിയ്ക്കുന്നു.) നീ എന്തു പറഞ്ഞു?

തൊ: എനിക്കു നോവുന്നുണ്ടേ! അല്ലേ ഒന്നു തെരക്കിനോക്കു്!

ആ: നോവട്ടെ. നിനക്കു കുറേ നോവണം.

തൊ: (ഗൗരവത്തിൽ) ചേട്ടാ, ഇതു കളിയോ കാര്യമോ?

ആ: കാര്യംതന്നെ. ഇനി അങ്ങനെ പറയുമോ?

തൊ: (ദയനീയമായി) ഇല്ല, പറയൂല്ലേ. ചേട്ടാ, എൻെറ ഞരമ്പൊക്കെ വലിയുന്നു.

ആ: (കൈ വിടുന്നു.) ഇപ്പോഠം എന്നെ മനസ്സിലായോ?

തൊ: ചേട്ടാ, അതൊക്കെ ഞാൻ വെറുതെ പറഞ്ഞതല്ലായിരുന്നോ?

ആ: എടാ, അതു നീ നേരത്തേ പറഞ്ഞില്ലല്ലോ? അവട്ടെ, നിന്നോടൊരു കാര്യം ചോദിക്കാനുണ്ടു്.

തൊ: എന്തോന്നാ ചോദിക്കു ചേട്ടാ.

ആ: (കുപ്പി കാണിച്ച്) നിനക്കിതു കുറച്ചു വേണോ?

തൊ; അതോ, അയ്യോ! എനിക്കു വേണ്ടാ.

ആ: ങ്ട്, അതെന്താ?

തൊ: അതു കൈവെഷമല്ലേ?

ആ: ഛേ! കൈവിഷമോ: "പട്ടിക്കൊണ്ടോ....? ഞാൻ ബാക്കി പറയുന്നില്ല.

തൊ: ചേട്ടാ, എന്റെ കൈ. അയ്യോ! എന്തു വേദന. (ദൂരെ നോക്കി കൈ ചൂണ്ടി) ഇല്ലേ വന്നതാരാ? ഒരു മീശക്കാരൻ (ആൻറു് അങ്ങോട്ടു നോക്കുന്ന സമയം തൊമ്മി ഒരു കുപ്പിയുമായി കടക്കുന്നു. ആൻറു തിരിഞ്ഞുനോക്കി) ഛടാ പററിച്ചല്ലോ!

(പീററർ പ്രവേശിക്കുന്നു)

പീററ: ആരാണു പററിച്ചതു്?

ആ: ആ തൊമ്മി കുപ്പി ഒന്നുംകൊണ്ടു കടന്നു.

പീററ: അതാണോ കാര്യം? എടാ, അവിടത്തെ വേലക്കാരൻ ഒന്നല്ല പത്തു കൊണ്ടുപോകട്ടെ. നമുക്കതൊരു നഷ്ടമല്ല. നീ അതിങ്ങൊഴിക്കു. അടുത്ത ഭാവിയിൽ, ആ വേലക്കാരൻ മാത്രമല്ല സഖറിയായും സവ്വസ്വത്തും ഈ പീററിന്റെ ചവിട്ടടികളിൽ വരുമെന്നു നിനക്കറിഞ്ഞുകൂടേ?

ആ: അക്കാര്യത്തിൽ എനിക്കു് അല്പം സന്ദേഹമുണ്ടു്.

പീററ: (കുടിച്ചിട്ടു്) കണ്ടോ, ഇതാണു നിനക്കു മൂളയില്ലെന്നു ഞാൻ പറയുന്നതു്. അടുത്ത പ്രഭാതത്തിൽ റീത്തയുടെ ബലിഷ്ഠകരങ്ങളായിരിയ്ക്കും സഖറിയായേയും, കുടുംബത്തെയും നയിക്കുന്നതു്.

ആ: റീത്തയോ? അവൾ വളരെ സങ്കടഭാവത്തോടെ അങ്ങു പോകുന്നതു കുറച്ചുമൻപു ഞാൻ കണ്ടല്ലോ?........

പീററ: എടാ, അവൾ പോയെങ്കിൽ പോകട്ടെ. അ

തൊരു നഷ്ടമല്ല. എടാ, ആ കൊച്ചു നക്ഷത്രം—മേരി—ഈ പീററിൻെറ ധർമ്മപത്നീപദം അലങ്കരിക്കുന്ന സുദിനം അത്ര വിദൂരമല്ല.

ആ: (ഗ്ലാസ്സിൽ പകർന്നുകൊണ്ടു്) ഛേ, ഞാനതു വിശ്വസിക്കുന്നില്ല.

പീററ: എടാ, ഞാനൊരു ഭാഗ്യവാനല്ലേ? നീ ഒന്നാലോചിച്ചു നോക്കു്. അവൻ ഈ കളവു നടത്താനും, നാടുവിട്ടു പോകുവാനുമിടയായതു് ഈ പീററിൻെറ ഭാഗ്യാതിരേകം കൊണ്ടല്ലെന്നു് ആർക്കു പറയുവാൻ കഴിയും?

ആ: അതൊക്കെ ശരി. ജോസഫ് നാടുവിട്ടതുകൊണ്ടു് എല്ലാ സാഹചര്യങ്ങളും നമുക്കനുകൂലമാണെന്നാണോ പീററർ പറയുന്നതു്?

പീററ: എടാ, അവനുണ്ടായിരുന്നെങ്കിൽ നമുക്കു പല ദുർഘടസന്ധികളും നേരിടേണ്ടിവരുമായിരുന്നു. ആ ധൂമകേതു അങ്ങനെ അസ്തമിച്ചു. ആ ജോൺ?....

ആ: ഛേ അതുകള!

പീററ: നിൻെറ അതുകള. ഇങ്ങൊഴിക്കെടാ (ഇരുവരും പകർന്നുകുടിക്കുന്നു. ഒരു യാചകൻ പ്രവേശിക്കുന്നു.)

യാചകൻ: (ഒരു നിമിഷം നിശ്ചലനാകുന്നു.) കുഞ്ഞേ, എനിക്കു വല്ലാതെ വെശക്കുന്നു; എന്തെങ്കിലും.... (പീററർ കുടിയിൽമാത്രം ശ്രദ്ധിയ്ക്കുന്നു. അയാൾ യാചകനെ നോക്കുന്നതേയില്ല.

ആ: നല്ല തടിയാണല്ലോ. പോയി വേലയെടുത്തു തിന്നോടോ!

പീററ: വന്നല്ലോ നാശം വലിഞ്ഞുകയറി! പറഞ്ഞുവിഴഴാ, അവിടന്നു്. (കുടിക്കുന്നു.)

യാച: കുഞ്ഞേ, ഛാകാറായി നടക്കുന്ന ഞാൻ എന്നാ വേലയെടുക്കാനാ?

ആ: ഛേര, അതുകള.

യാച: ഏതു്?

ആ: പോയി മരിക്കെടോ.

യാച: എങ്കിൽ എത്ര നന്നായിരുന്നു. എന്നെ അങ്ങോട്ടെടുത്തേക്കണേന്നു് ഞാൻ എന്നും പ്രാൎത്ഥിക്കാറുണ്ടു കുഞ്ഞേ!

ആ: എടോ, മരിക്കുന്നതിനു വല്ലവരും പ്രാൎത്ഥിക്കാറുണ്ടോ? വേണമെങ്കിൽ അതിനു് ഒരായിരം വഴി ഞാൻ പറഞ്ഞുതരാം.

യാച: അതൊക്കെ എനിക്കുമറിയാം കുഞ്ഞേ.

ആ: പിന്നെയങ്ങു മരിച്ചാലെന്താ?

യാച: അങ്ങനെ മരിച്ചാൽ ദൈവദോഷമുണ്ടു കുഞ്ഞേ!

പീററ: ആഴെടാ, ദൈവവുമായി വന്നി.......ഴി....ക്കുന്നതു്? അടിക്കെടാ ഷ.......വ....ത്തിനെ. (ഗ്ലാസിൽ പകരുന്നു.)

യാച: ഇപ്പൊഴത്തെ നല്ലകാലം! (നിശ്വസിയ്ക്കുന്നു)

ആ: ഇറങ്ങെടാ, പുറത്തു്.

പീററ: അഴിയ്ക്കു....ഴാ അവനെ!

യാച: നിന്നേപ്പോലുള്ളവർ ഉണ്ടായപ്പൊഴാ ലോകം തലകീഴ മറിഞ്ഞതു്!!

പീററ: എഴാ, ആൻേറ! അഴിച്ചെഴക്കഴാ അവനെ.ഹും!

ആ: ഇറങ്ങെടാ പുറത്തു്.

യാച: (സങ്കടത്തോടെ) കരുണയില്ലാത്തോരു്.

ആ: ഹൊ! പട്ടി!! (കഴുത്തിനുപിടിച്ചു തള്ളി അടിക്കുന്നു, അടികൊണ്ടു യാചകൻ മറിയുന്നു. ഇതു കണ്ടുകൊണ്ടു് വൈദികൻ പ്രവേശിയ്ക്കുന്നു. അദ്ദേഹം യാചകനെ പിടിച്ചു് എഴ

ന്നേല്പിക്കുന്നു. യാചകൻ പോകുന്നു. ആൻറു് കുപ്പിയും മററും മാററുന്നു. പീററിൻെറ മത്തു പമ്പ കടക്കുന്നു.)

വൈദികൻ: സഹോദരാ, നിങ്ങൾ എന്താണീ ചെയ്തതു്? ഒരു പാവപ്പെട്ടവനെ മർദ്ദിക്കുകയാണോ ചെയ്യേണ്ടതു്; നിങ്ങളും മനുഷ്യരല്ലേ?

പീററ: (എഴുന്നേററു് കസേര നീക്കിയിട്ടു്) ഇരിക്കാം.

വൈ: (ഇരിക്കുന്നു.) അപരനെ സഹോദരനെപ്പോലെ സ്നേഹിക്കുവാൻ പഠിപ്പിച്ച ക്രിസ്തുവിൻെറ അനുഗാമിക്കു ചേ ന്നതാണോ നിങ്ങൾ ചെയ്ത പ്രവൃത്തി?

(ആൻറു് നെററി ചുളിയ്ക്കുന്നു. പീററർ ഹാസ്യമായി ചിരിക്കുന്നു.)

പീററ: ഗ്രന്ഥത്തിലേ പശു പുല്ലു തിന്നുകയില്ല. ഇവ ററകൾക്കു് ഒരു പൈപോലും കൊടുക്കരുതെന്നാണു് എൻെറ പക്ഷം!

വൈ: കാരണം?

പീററ: ആദർശമെന്നും പറഞ്ഞു് ഇക്കൂട്ടക്കു കൊടു ക്കാൻ ആളുള്ളതുകൊണ്ടാണു് ഇവന്മാരു് നാണമില്ലാതെ കൈനീട്ടുന്നതു്. തന്മൂലം അനേകം മടിയന്മാരെ നാം സൃഷ്ടി യ്ക്കുന്നു.

വൈ: അർഹിക്കുന്നവക്കു കൊടുക്കുകയെന്നതു നമ്മുടെ കടമയല്ലേ?

ആ: ഞാനൊന്നു ചോദിക്കട്ടെ. എൻെറ ശരിയുടേയും തെററിൻേറയും പരിധി നിർണ്ണയിക്കുവാൻ അച്ചനെന്തവ കാശം?

വൈ: സഹോദരങ്ങളുടെ സങ്കടാവസ്ഥയിൽ സഹതാ പമുള്ള ഏതൊരുവനും അതു പറയും.

ആ: അച്ചനു സഹതാപമുണ്ടെന്നു പറയുന്നതു് അ സ്ഥാനത്താണു്.

വൈ: കാരണം?

ആ: അച്ഛോ, ആ ദാരിദ്ര്യവാസി പറയുന്നു, ഞങ്ങൾ മദ്യപാനികളാണെന്നും ദുന്നടപ്പുകാരാണെന്നും മററും.

വൈ:(മൂലയിലിരിക്കുന്ന കുപ്പിയേയും അവരേയും മാറി മാറി നോക്കുന്നു.) പ്രവൃത്തിയ്ക്കുന്നതിൽ തെററില്ല. അതു പറയുന്നതിലാണു തെററ്. അല്ലേ?

പീററ: (അക്ഷമനായി)വിശേഷിച്ച് അച്ചൻ ഇങ്ങോട്ടിറങ്ങിയത്?

വൈ: സ്വല്പം കാര്യമുണ്ട്.

പീററ: എന്താണെന്ന് മനസ്സിലായില്ലല്ലോ?

വൈ: നിങ്ങളുടെ ജീവിതം അനുദിനം അധഃപതിച്ചു വരുകയാണെന്നു ഞാൻ മനസ്സിലാക്കി.

പീററ: അതിന്?

വൈ: അതു സംബന്ധിച്ചു നിങ്ങളോട് അല്പം സംസാരിക്കുവാനാണു ഞാനിങ്ങോട്ടു വന്നിരിക്കുന്നത്.

ആ: എന്തു സംബന്ധിച്ചാണച്ചാ?

പീററ: (ഹാസ്യത്തിൽ) എല്ലാവരും സ്വർഗ്ഗത്തിലേയ്ക്കു പോയാൽ അവിടെ സ്ഥലം കാണുകയില്ലല്ലോ? ഇപ്പോൾത്തന്നെ എന്തു തിരക്കായിരിയ്ക്കും അവിടെ?

വൈ: നിങ്ങളുടെ ഹാസ്യഭാഷണത്തിൽ ഞാൻ ഖേദിക്കുന്നു!

പീററ: നരകത്തിൽ പോണോ മോക്ഷത്തിൽ പോണോ എന്നു തീരുമാനിക്കേണ്ടതു് എന്നെസംബന്ധിച്ചു ഞാൻ തന്നെയാണു്. എൻെറ ചിന്താസ്വാതന്ത്ര്യത്തിൽ കൈവയ്ക്കുവാൻ മറെറാരുവ്യക്തിയ്ക്കും അവകാശമില്ല.

ആ: അങ്ങനെ ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ അച്ചൻെറ കൈകടത്തൽ പൗരാവകാശവിധ്വംസനമാകുന്നു!

വൈ: എൻെറ വാക്കുകളെ സ്വീകരിക്കുവാനോ നിരസിക്കുവാനോ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ചുമതല നിവ്വഹിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണു്.

പീററ: ആയിരിക്കാം. അതിനു്?

വൈ: മരണമില്ലാത്ത ഒരാത്മാവിനെക്കാൾ വലുതല്ല ക്ഷണഭംഗുരമായ ലോകസുഖങ്ങൾ.

പീററ: അച്ചാ, ഇത്തരം മതപ്രസംഗവുമായി മേലാൽ എൻെറ വീട്ടിൽ വരരുതു്.

ആ: ചരടാ! ഇതു നാശമായല്ലോ!

വൈ: അതേ, "വെളിച്ചത്തിൻെറ മക്കളേക്കാൾ അന്ധകാരത്തിൻെറ മക്കൾക്കു ബുദ്ധികൂടിയിരിക്കും!!"

പീററ: (സരോഷം) നിത്തണം! ഈ വികടഭാഷണങ്ങൾ കേൾക്കുവാൻ ഞങ്ങൾക്കു സമയമില്ല!

വൈ: ലോകായതികത്വംകൊണ്ടു മുരടിച്ച ഹൃദയത്തിൽ ശാശ്വതശാന്തിയുടെ സ്വൎഗ്ഗീയസന്ദേശത്തിനു സ്ഥാനമില്ല. എന്നാൽ ഒരു യാഥാൎത്ഥ്യമുണ്ടു സഹോദരരേ, ക്ഷണികമോഹങ്ങളെല്ലാം ജീവിതവും മരണവുമായുള്ള സംഘട്ടനത്തിലടിഞ്ഞമരും. ഒന്നേ ഒന്നു ശേഷിക്കും; ആത്മാവു്! പരമോന്നതമായ ആനന്ദത്തെ കൈവരിയ്ക്കേണ്ട ആത്മാവു്! അതു നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെട്ടു.

പീററ: വെറുതെ സമയം കൊല്ലാതെ സ്ഥലം വിടണമെന്നു പറഞ്ഞില്ലേ. ഇതൊന്നും ഞങ്ങൾക്കു കേൾക്കേണ്ടാ.

വൈ: നിങ്ങൾക്കു, സമയമില്ല, അല്ലേ? ഇപ്പോഴത്തെ സാഹചര്യത്തിൽ നിങ്ങൾക്കു് ഇതും ഇതിലപ്പുറവും തോന്നും. എന്നാൽ,ഒരവസരം വരും. ഒരു മിനിററു കിട്ടിയിരുന്നെങ്കിൽ എന്നു് ആഗ്രഹിക്കുന്ന അവസരം.ദൈവം നിങ്ങളോടു ക്ഷമിക്കട്ടെ. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കും. (വൈദികൻ പോകുന്നു.)

പീററ: വെറുതേ ബുദ്ധിമുട്ടേണ്ടാ. ആസമയത്തു വേറേ വല്ല പണിയും നോക്കിയാൽ നന്നായിരിക്കും.

കർട്ടൻ

## രംഗം 13

(മംഗലശ്ശേരിയിലേ ഭക്ഷണമുറി—ജനലിനോടു ചേർത്ത് ഒരു മേശ— കുറേ കസേരകൾ— സഖറിയാ കാപ്പി കുടിച്ച് എഴുന്നേല്ക്കുന്നു. തൊമ്മി പാത്രങ്ങൾ എടുത്തുകൊണ്ടു പോകുന്നു. സഖറിയാ മടിയിൽ വച്ചിരുന്ന പത്രം മറിച്ചുനോക്കുന്നു— മടക്കിവച്ചിട്ട് അലക്ഷ്യമായി അങ്ങുമിങ്ങും നടക്കുന്നു—ചിന്തകൾ തീവ്രങ്ങളാണ്— ഇടക്കിടെ നെററി ചുളിക്കയും പല്ലു കടിക്കയും ചെയ്യുന്നു.)

സഖ: അവൻ! ആ തെണ്ടി! പാൽകൊടുത്ത കൈയ്ക്കു കടിച്ച കൊടിയസർപ്പം. എങ്കിലും, എടാ, ദ്രോഹീ, നീ എവിടെ ഒളിച്ചിരിക്കുന്നു? ആ ഇൻസ്പെക്ടർ വിചാരിച്ചിട്ട് ഇതുവരെയും അവനെ ഒന്നു പിടിക്കുവാൻ സാധിച്ചോ! ഉത്തരവാദിത്വമില്ലാത്ത ഉദ്യോഗസ്ഥന്മാർ; (മൗനം. ആലോചന. വീണ്ടും രോഷം വർദ്ധിച്ച്) പീററർ! എടാ നീയും എന്നെ വഞ്ചിച്ചു! രൂപാ 2000-- നീയുമെന്നെ വഞ്ചിച്ചു. ഞാനവളെ കാണാൻ ചെന്നപ്പോൾ അവൻ പറഞ്ഞ സമാധാനം കേട്ടില്ലേ? അവൾ ഒളിച്ചോടിപ്പോയെന്ന്!! (ആലോചിച്ച്) അതു ഞാനെങ്ങനെ വിശ്വസിക്കും? ഛേയ്, അങ്ങിനെ വരാൻ ന്യായമില്ല. പോരെങ്കിൽ, അവൾക്കും സമ്മതമായിരുന്നല്ലോ? ഇതു് ആ ജോസഫിന്റെ പണിയാണ്. എന്നോടുള്ള വൈരാഗ്യം തീക്കുവാൻവേണ്ടി ആ ദ്രോഹി ചെയ്തതാണിതു്. (ഗോഷ്ടികാട്ടി) ഇല്ലെടാ, നിന്നെയൊരിക്കൽ (മേരി വരുന്നു. ദുഃഖമയമായ മുഖഭാവം— സഖറിയാ അവളെ കാണുന്നില്ല) ഇരുമ്പുചങ്ങല

കൊണ്ടു ബന്ധിച്ച് ആ കടവാക്കൂട്ടിൽ ഇട്ട് ഇടിച്ചിടിച്ചു ചതച്ചില്ലെങ്കിൽ (നെഞ്ചത്തടിച്ച്) ഈ സഖറിയാ, സഖറിയാ അല്ലെടാ!! (രോഷഹാസത്തോടെ തിരിയുമ്പോൾ മേരിയെ കാണുന്നു.)മൂധേവി,വന്നിരിക്കുന്നു. പോക്രു,എൻെറ മുമ്പിൽനിന്ന്; കണ്ടവനൊക്കെ കാപ്പീം പലഹാരോം കൊടുക്കാൻ നടക്കുന്ന അസത്ത്. പോക്രു എൻെറ മുമ്പിൽനിന്ന്. കുടുംബം നശിപ്പിച്ച പിശാച്!

മേരി: (നിരുദ്ധകണ്ഠയായി) അ........പ്പ........ച്ചാ!

സഖ: ഹാ; അപ്പച്ചൻ! ആരെടീ നിൻെറ അപ്പച്ചൻ. ഞാനോ? അതോ ആ തെണ്ടിയുടെ പിതാവോ? ആരെടീ?

മേരി: അ.....പ്പച്ചാ! ഞാ.....ൻ........

സഖ: നീ ശബ്ദിച്ചുപോകരുത്. എനിക്കു നിന്നെ കാണേണ്ട. പോക്രു എൻെറ കൺമുമ്പിൽനിന്ന്. (മേരി മടിക്കുന്നു. സഖറിയാ സരോഷം) പോകാനല്ലേ പറഞ്ഞത്. (മേരി കരഞ്ഞുകൊണ്ടു പോകുന്നു.)

സഖ: ദൈവമേ! ഒരു സൈ്വരവുമില്ല. ഹയ്യോ (തലക്കടിച്ചുകൊണ്ടു പോകുന്നു.)

(തൊമ്മി ജോണിനുള്ള കാപ്പിയും പലഹാരവും മേശമേൽ കൊണ്ടുവന്നുവയ്ക്കുന്നു.)

തൊ: ഹോ ഈ കൊച്ചുങ്ങുന്നിനെക്കൊണ്ടു മടുത്തു. എപ്പൊഴും പൊസ്തകോം പത്രക്കടലാസും വായനേം, ഈ സംഘത്തിനുപോക്കുംതന്നെ ജോലി. കാപ്പീം വേണ്ടാ; ചോറും വേണ്ടാ. വല്ല കോൺഗ്രീസിനോ, 'ഐമൂസഖാവി'നോ പോയിരുന്നെങ്കി വല്ലകാലത്തും ഒരു കേബനററുമന്തിരിയെങ്കിലും ആകായിരുന്നു. കൊച്ചുങ്ങുന്നേ! ഇങ്ങു വന്നിതു കുടിഃച്ചേ. അല്ലാ, വിളിച്ചിട്ടു വന്നൊണ്ടോന്നു നോക്കിക്കേ? ദൈവമേ! ഈ ക്രന്ി,പ്പിടിച്ചുകൊണ്ടുള്ള വായന കണ്ടു സങ്കടപ്പെടാൻ ഒരാളൊണ്ടായിരുന്നെങ്കിൽ ഈ തൊമ്മിയ്ക്കൊരൊഴിവു കിട്ടുമായിരുന്നു. ഏതായാലും ഒന്നു ചെന്നു നോക്കട്ടെ. (പോകുന്നു.)

(തത്സമയം ജനലഴികൾക്കിടയിൽക്കൂടി ആരോ കൈകടത്തിഒരു ദ്രാവകം കാപ്പിയിൽ കലത്തിക്കൊണ്ടു മറയുന്നു. ജോണും തൊമ്മിയും പ്രവേശിക്കുന്നു. ജോൺ ഇരുന്നിട്ട്)

ജോൺ: നീ ഇന്നു റീത്തയുടെ വീട്ടിൽ പോയിരുന്നോ?

തൊ: അതെങ്ങനെ പോവാനാ? ആട്ടെ വൈകുന്നേരമാട്ടേ.

ജോ: അല്ല, നീ ഇപ്പോൾതന്നെ പോകണം. (പോക്കററിൽനിന്ന് ഒരു കവറെടുത്തു കൊടുത്തിട്ട്.) ഇതു റീത്തയുടെ കൈയിൽ കൊടുക്കണം. നീ പൊട്ടിച്ചു നോക്കരുത്.

തൊ: ഇതു പൊട്ടിക്കാതെ തുറന്നുനോക്കാമല്ലോ.

ജോ: തുറന്നാൽ നീ തല്ലുകൊള്ളും. (തൊമ്മി കവർ മടിയിൽ വയ്ക്കുന്നു.)

തൊ: കൊച്ചങ്ങുന്നു കാപ്പി കുടിക്ക്; തൊമ്മി ഇപ്പം വരാമേ. (പോകുന്നു.)

ജോൺ: റീത്ത ഇപ്പോൾ പട്ടിണികൊണ്ടു വലയുകയായിരിക്കും; എന്തുചെയ്യാം? ഇല്ല. അവൾ ഇനി അധികനാൾ കഷ്ടപ്പെടേണ്ടിവരുകയില്ല.

(കാപ്പികുടിക്കുന്നു. തത്സമയം മത്തുപിടിച്ചവനെപ്പോലെ കസേരയിൽ മറിയുന്നു. നീണ്ട നിമിഷങ്ങൾ. ജോണിനു ചലനമില്ല. മേരി വരുന്നു. ഈ രംഗം കണ്ടു ഞെട്ടുന്നു. അടുത്തുചെന്ന്)

മേരി: ചേട്ടാ, ചേട്ടാ! (കുലുക്കിക്കൊണ്ട്) ചേട്ടാ! എന്റെ ചേട്ടാ! ചേട്ടാ! അയ്യോ! ദൈവമേ!! എന്റെ ചേട്ടനെന്തുപററിയോ!! (ഉച്ചത്തിൽ) അപ്പച്ചാ! അപ്പച്ചാ! ഓടിവായോ! (തൊമ്മി ഓടിക്കിതച്ചു വന്ന് ഒന്നും മനസ്സിലാകാതെ വാപൊളിച്ചു നില്ക്കുന്നു.) (ജോൺ മരിച്ചുവെന്നു ധരിച്ചു തൊമ്മി അയ്യോകെട്ടി നിലവിളിക്കുന്നു. ബഹളം കേട്ടു സഖറിയാ വരുന്നു. നിശ്ചലനാകുന്നു.)

സഖ: (നെഞ്ചത്തടിച്ച്) എ........ൻെറ........മോനേ!! (കണ്ണുനിറയുന്നു)

മേരി: ചേട്ടാ, ചേട്ടാ!

സഖ: (കുലുക്കിവിളിക്കുന്നു.) എടാ,എടാ മോനേ!........ അയ്യോ!!

തൊ: (തന്നത്താനിടിച്ചുകൊണ്ട്) എൻെറ ദൈവം തമ്പുരാൻ കർത്താവേ! എൻെറ കൊച്ചുങ്ങുന്നിനെന്തുപററി. അ....യ്യോ............ഞാം കാപ്പികൊടുത്തിട്ടു പൊറത്തേക്ക് എറങ്ങിയേ ഒള്ളു.

സഖ: എടാ തൊമ്മി, നീ പോയി ആ ഡോക്ടരെ വിളിച്ചുകൊണ്ടുവരൂ. വേഗം വേണം (തൊമ്മി പോകുന്നു.)

(പീററർ പ്രവേശിക്കുന്നു.)

പീററ: എന്തു്! എന്താണിവിടെ സംഭവിച്ചതു്!?

മേരി: ചേട്ടൻ(ഗദ്ഗദം) കാ....പ്പി കുടി....ച്ച്........!! ........എൻെറ....ചേട്ടാ!........

പീററ:കാപ്പി കുടിച്ചപ്പൊഴാണോ ഇതു സംഭവിച്ചതു്?

മേരി: അതേ. (പീററർ അടുത്തുചെന്നു നാഡിപിടിച്ചു നോക്കുന്നു.)

പീററ: സാരമില്ല. ഉടനെ ഡോക്ടരെ കൊണ്ടുവരണം. ഞാൻതന്നെ പോകാം.

സഖ: വേണ്ടാ. ആളു പോയിട്ടുണ്ട്.(ഡോക്ടരും ഒരു ചെറിയ പെട്ടിയുമായി തൊമ്മിയും വരുന്നു.)

സഖ: ഡോ....ക്ടർ....എ....ൻെറ... മ....കൻ!!!....

(ഡോക്ടർ ജോണിനെ പരിശോധിക്കുന്നു.)

ഡോക്ട: എന്താണു സംഭവിച്ചതു്?

തൊ: അതു തൊമ്മി പറഞ്ഞില്ലേ!

സഖ: നീ ശബ്ദിച്ചുപോകരുതു്.

തൊ: ഇല്ല.

സഖ: അവൻ കാപ്പി കുടിച്ചതിനുശേഷമാണിങ്ങനെ സംഭവിച്ചതു്?

ഡോ: (കാപ്പിപാത്രം എടുത്തു മണത്തുനോക്കിയിട്ടു്) ഇദ്ദേഹം കഴിച്ച കാപ്പി ഇതല്ലേ?

സഖ: അതേ.

ഡോ: കാപ്പിയിൽ വിഷം കലർന്നിട്ടുണ്ടു്. (പെട്ടി തുറന്നു ഒരു മരുന്നെടുത്തു മണപ്പിയ്ക്കുന്നു. ഫലം നാസ്തി)

ഡോ: ആരാണു കാപ്പി കൊടുത്തതു്?

സഖ: തൊമ്മിയാണു്. ഇതാ, ഇവൻതന്നെ.

ഡോ: നീയാണോ കാപ്പി കൊടുത്തതു്?

തൊ: അതേ.

ഡോ: എടാ, സത്യം പറയൂ; നീ ഈ കാപ്പിയിൽ എന്തെങ്കിലും ചേർത്തോ?

തൊ: ഒവ്വ്.

ഡോ: എന്തൊന്നാടാ നീ ചേർത്തതു്? സത്യം പറയണം.

തൊ: ഞാൻ സത്യം പറയാം. കാപ്പിയിൽ ഞാൻ പഞ്ചാര ചേത്തു.

ഡോ: (സരോഷം) അധികപ്രസംഗി! നീ ഇതിൽ വിഷം കലർത്തിയോ?

തൊ: (പൊട്ടിക്കരഞ്ഞു്) എന്റെ കൊച്ചങ്ങുന്നു കഴിക്കണ കാപ്പീല് ഞാൻ വെഷം ചേക്കോ? എന്റെ കർത്താവേ, ഇതും കേൾക്കാനിടയായല്ലോ? എന്റെ പൊന്നങ്ങുന്നേ, ഞാനിവിടെ കാപ്പി വെച്ചേച്ചും പോയ തരത്തിനു വല്ല എട്ടുകാലീം മുങ്ങിയതായിരിക്കും. അല്ലേ, ഒന്നു തെരക്കി നോക്കേ....! (കരയുന്നു.)

പീററ: അതായിരിക്കും പരമാർത്ഥം.

ഡോ: ഏതായാലും കാപ്പിയിൽ വിഷം കലർന്നിട്ടുണ്ടു്. ഒരു കാര്യം; ആരുംതന്നെ ഇദ്ദേഹത്തെ അലട്ടരുതു്. എ

ൻെറക്കൂടെ അിളയച്ചാൽ ഒരു മരുന്നു കൊടുത്തയക്കാം. അതു മയക്കത്തിൽനിന്നുണരുമ്പോൾ കൊടുക്കുക. ആരും ഉപദ്രവിയ്ക്കരുതു്. എന്നാൽ, ഇറങ്ങട്ടെ. ഇന്നു് 12–മണിക്കുശേഷം വിവരമറിയിക്കണം. (ഡോക്റ്റർ, തൊമ്മിഎന്നിവർ പോകുന്നു.)

പീററ: എന്നാൽ ഞാനും ഇറങ്ങുകയാണു്.(പോകുന്നു.)

സഖ: ദൈവമേ! (തലയ്ക്കടിച്ചു) കഷ്ടകാലം!!

(സഖറിയായും മേരിയും ജോണിനെ നോക്കികൊണ്ടിരിക്കുന്നു. കുറേ മിനിട്ടുകൾക്കുശേഷം ജോൺ കണ്ണു തുറന്നു ചുററും നോക്കുന്നു. അവരുടെ മുഖത്തു സന്തോഷം സ്ഫുരിക്കുന്നു. ജോണിനു വീണ്ടും മയക്കം. കുറേ സമയത്തിനുശേഷം വീണ്ടും കണ്ണുതുറന്നു ചുററും നോക്കുന്നു. വികൃതചേഷ്ടകളോടെ ചാടി എഴുന്നേൽക്കുന്നു. മേരി ഭയന്നു വിറക്കുന്നു. ജോൺ അട്ടഹസിച്ചുകൊണ്ടു് മേരിയുടെ നേരേ അടുക്കുന്നു. "ഹൂ!" എന്നാട്ടിക്കൊണ്ടു തിരിയുന്നു. സഖറിയാ കടന്നുപിടിക്കാൻ ശ്രമിക്കുന്നു. ജോൺ സഖറിയായെ ഭയപ്പെടുത്തികൊണ്ടു പുറത്തേക്കോടുന്നു.)

മേരി: അയ്യോ, ചേട്ടൻ.... (എന്തു ചെയ്യണമെന്നറിയാതെ സഖറിയാ കുഴങ്ങുന്നു. തത്സമയം ഒരു സന്ന്യാസി ജോണിനെ ബലമായി പിടിച്ചുകൊണ്ടു വരുന്നു. ജോൺ കുതറുകയും ആട്ടുകയും മററും ചെയ്തുകൊണ്ടിരിക്കുന്നു. പിറകേ വൈദികനും പ്രവേശിക്കുന്നു.)

വൈ: (ആകാംക്ഷാപൂർവ്വം) ഇവിടെ എന്താണു് ഒരു ബഹളം കേട്ടതു്. അടുത്തു് ഒരു രോഗിയെ സന്ദർശിക്കാൻ പോകുകയായിരുന്നു. പതിവില്ലാത്ത ഒരു ഒച്ചപ്പാടു കേട്ടു് ഇങ്ങോട്ടു കയറിയതാണു്. (ജോണിൻെറ ഭാവവ്യത്യാസംകണ്ടു്) അല്ല, ജോണിനു് എന്തു പററി? (ജോണിനെ സമീപിക്കുന്നു.)

സഖ: (തൊണ്ടയിടറി) അച്ചാ, വൈകിട്ടു കാപ്പി കുടിച്ചതിൽ പിന്നെ തുടങ്ങിയതാണു്. എൻെറ തലേവിധി! (തലയ്ക്കു കൈകൊട്ടുത്തു കരയുന്നു.)

വൈ: ഹേ, ഇങ്ങനെ കുഞ്ഞുങ്ങളെപ്പോലെ കരഞ്ഞാലോ? സമാധാനമായിരിക്കൂ. ജോണിന്ന് ഒരാപത്തും വരുകില്ലെന്ന് എനിക്കുറപ്പുണ്ട്.

മേരി: (കണ്ണു തുടച്ചുകൊണ്ട്) ഡോക്ടരെ കൊണ്ടുവന്നു. പരിശോധിച്ചിട്ട് അദ്ദേഹം പറഞ്ഞതു കാപ്പിയിൽ വിഷം കലർന്നിരുന്നുവെന്നാണ്.

വൈ: വിഷമോ?

മേരി: അതേ. ഒരു മരുന്നു കൊടുത്തു. ഇനി വിവരം അറിയിക്കാൻ പറഞ്ഞിട്ടുണ്ട്.

വൈ: (ജോണിനെ വലതുകൈകൊണ്ടു കെട്ടിപ്പിടിച്ചിട്ട്) ജോൺ; എന്താ ഒന്നും മിണ്ടാത്തത്?

ജോൺ: (തുറിച്ചു നോക്കുന്നു. കുറച്ചു സമയം അങ്ങനെ നിന്നിട്ടു കുതറി ഓടാൻ ശ്രമിക്കുന്നു.)

സന്ന്യാ: ഒരു മുറിയിലിട്ട് അടക്കുകയായിരിക്കും ഭേദം.

സഖ: അതാ, ആ കാണുന്നമുറിയിൽത്തന്നെയാകട്ടെ.

വൈ: അതുതന്നെ. (ജോണിനെ പിടിച്ചുകൊണ്ടു പോകുന്നു.)

കർട്ടൻ

# രംഗം 14

(പള്ളിമേട. സന്ന്യാസിയും വൈദികനും.)

വൈ: മംഗലശ്ശേരിയിൽവച്ചാണു ഞാനാദ്യമായി കാണുന്നത്.

സന്ന്യാ: അതേ, യാദൃച്ഛികമായിട്ടാണു നാം തമ്മിൽ കണ്ടുമുട്ടിയത്.

വൈ: സ്വദേശം?

സന്ന്യാ: വിശാലമായ ഈ ലോകം.

വൈ: ചോദ്യത്തിന്ന സമാധാനമായില്ല.

സന്ന്യാ: സമാധാനംതന്നെയാണതു്. നാടും വീടുമില്ലാതെ, ഉററവരുമുടയവരുമില്ലാതെ, നിയതിയെമാത്രം ആശ്രയിച്ചു് ഈ ലോകത്തിൻെറ വിരിമാററിൽ ജീവിക്കുന്ന കോടാനുകോടികളിൽ ഒരുവനാണു ഞാനും. ചെല്ലുന്നതുനാടു്. താമസിക്കുന്നതു വീടു്.

വൈ: അപ്പോഠം താങ്കഠം ഒരു തികഞ്ഞ സന്ന്യാസി. അല്ലേ?

സന്ന്യാ: എന്നു ഞാനഭിമാനിയ്ക്കുന്നില്ല.

വൈ: കൊള്ളാം. വളരെ നല്ലതു്. താങ്കളുടെ പേരു്?

സന്ന്യാ: ബെണ്ണാർഡ്ഡ്.

വൈ: ഇന്നലെ ആ ഭ്രാന്തനെ എങ്ങനെയാണു പിടികിട്ടിയതു്?

സന്ന്യാ: ഞാൻ ആ വഴിയേ പോകുമ്പോഠം അവിടെ ഒരു ബഹളം കേട്ടു. അയാഠം എതിരേ പാഞ്ഞു വന്നപ്പോഠം, ഞാൻ ബലമായി പിടിക്കയാണുണ്ടായതു്.

വൈ: ഏതായാലും അതു നന്നായി.

സന്ന്യാ: ആ ഭ്രാന്തൻെറ പിന്നീടുള്ള അവസ്ഥയെപ്പററി ഒന്നും തന്നെ എനിക്കറിയാൻ കഴിഞ്ഞിട്ടില്ല.

വൈ: അയാളുടെ സ്ഥിതി അന്നത്തേതിൽനിന്നു് ഒട്ടും തന്നെ വ്യത്യസ്തമല്ല.

സന്ന്യാ: ഡോക്ടറുടെ അഭിപ്രായമെന്താണു്?

വൈ: അദ്ദേഹം ഖണ്ഡിതമായി ഒന്നുംതന്നെ പറഞ്ഞില്ല.

സന്ന്യാ: നീചമായ ഈ കൃത്യത്തിന്നു മുതിർന്നവർ ആരായിരിക്കാം.

വൈ: ജോസഫല്ലാതെ മററാരുമല്ലെന്നാണു സഖറിയായുടെ അഭിപ്രായം. എന്നാൽ, എനിക്കതു വിശ്വസിക്കാൻ കഴിയുന്നില്ല. അടുത്തറിയുവാൻ കഴിഞ്ഞിടത്തോളം അയു

വാവു ഹീനവും നികൃഷ്ടവുമായ ഈ കൃത്യത്തിനു മുതിരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. തന്നെയുമല്ല, അയാൾ സ്ഥലത്തില്ലതാനും.

സന്ന്യാ: ഏതാണീ ജോസഫ്?

വൈ: മംഗലശ്ശേരിയിലെ ക്ലാർക്കായിരുന്ന ഒരു യുവാവ്. അയാൾ അപ്രത്യക്ഷനായിട്ടു കുറേനാളായി.

സന്ന്യാ: അതിനുള്ള കാരണം?

വൈ: അതെല്ലാം സൗകര്യംപോലെ പറയാം.

(സഖറിയാ പ്രവേശിക്കുന്നു. മ്ലാനവദനം)

വൈ: (ജിജ്ഞാസയോടെ) ഡോക്ടർ വല്ലതും പറഞ്ഞോ?

സഖ: (ഗദ്ഗദപൂർണ്ണനായി) ഉടൻ ഭ്രാന്താസ്പത്രിയിൽ കൊണ്ടുപോകണമെന്നാണ്........

(നിശ്ശബ്ദത.)

വൈ: എന്തു തീരുമാനിച്ചു?

സഖ: എനിക്ക് ഒരു രൂപവുമില്ല.

സന്ന്യാ: ഡോക്ടർ അങ്ങനെ അഭിപ്രായപ്പെട്ട സ്ഥിതിക്ക് ഇനി താമസിക്കുവാൻ പാടില്ല.

വൈ: നാളെ രാവിലെതന്നെ കൊണ്ടുപോകാം.

സഖ: (നിശ്വസിച്ച്) അച്ചൻ പറയുന്നതുപോലെ തന്നെ.

വൈ: എന്നാൽ ഉടൻ തയ്യാറാവുക.

കർട്ടൻ

## രംഗം 15

(മംഗലശ്ശേരി—മേരി മ്ലാനവദനയായി മേശമേൽ ചാരിയിരിക്കുന്നു—ഇടയ്ക്കിടയ്ക്കു ചുടുനിശ്വാസങ്ങൾ ഉദ്ഗമിക്കുന്നുണ്ട്—തികച്ചും ശോകാത്മകപ്രതീതിയുളവാക്കുന്ന അന്ത

രീക്ഷം—ചില നിമിഷങ്ങൾക്കശേഷം പീററർ സുസ്മേരവദനനായി പ്രവേശിക്കുന്നു—മേരി എഴുന്നേററു് അല്പം ഒതുങ്ങി നില്ക്കുന്നു—സമയം സായഹ്നം.)

പീററർ: (സസ്മിതം) അപ്പച്ചനില്ലേ?

മേരി: അപ്പച്ചൻ ചേട്ടനേയുംകൊണ്ടു്!........(ഗദ്ഗദം വാക്കുകളെ തടയുന്നു.)

പീററ: ഓ ഹോ! ഞാനതു മറന്നുപോയി; ഹോ! ഹതഭാഗ്യനായ ജോൺ!!

(നീണ്ട നിശ്ശബ്ദതയ്ക്കുശേഷം.)

പീററ: അതല്ലേ, മേരിയുടെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായതു്?

മേരി: ഇരിക്കൂ.

പീററ: പോകാൻ തിടുക്കമുണ്ടു്. എന്നാലും.......(ഇരിക്കുന്നു.)

മേരി: വിശേഷിച്ചു ഇങ്ങോട്ടിറങ്ങിയതു്?

പീററ: (ഊറിച്ചിരിച്ചിട്ടു്) അപരൻെറ സങ്കടാവസ്ഥയിൽ സഹതപിക്കാൻ സാധിക്കാത്ത മനുഷ്യൻ മനുഷ്യനല്ലല്ലോ.

മേരി: വളരെ ശരിയാണതു്.

പീററ: സഹോദരിയുടെ ഈ സങ്കടാവസ്ഥകണ്ടുകൊണ്ടു ഹൃദയമുള്ള എനിക്കു് ഒരു നിമിഷം ജീവിക്കുവാൻവയ്യാ. ജീവിതം സുഖദുഃഖസമ്മിശ്രമാണു്. അടുത്തുതന്നെ ഭവതിയെ താലോലിക്കുവാൻ കാത്തുനില്ക്കുന്ന ആനന്ദസംദായകമായ സുപ്രഭാതത്തിൻെറ മംഗളശംഖധ്വനിയാണു ഭവതിയെ ഇപ്പോൾ അലട്ടിക്കൊണ്ടിരിക്കുന്ന തിക്തകാനുഭവങ്ങൾ! ഒന്നു ധരിക്കണം, ബുദ്ധിയുള്ള മനുഷ്യൻ സന്തോഷത്തിൽ അപരിമിതമായി ആഹ്ലാദിക്കുകയോ, ദുഃഖത്തിൽ സീമയററു് സഹതപിക്കുകയോ ചെയ്യുകയില്ല.

മേരി: അപ്പറഞ്ഞതു് അത്ര പ്രായോഗികമല്ല. ഓരോ

ൽത്തന്നെ ഓരോവിധത്തിലുള്ള അനുഭവങ്ങൾ നേരിടുമ്പോൾ മാത്രമായിരിക്കും അതിൻെറ മാററ ശരിയായി അറിയുന്നതു്.

പീററ: അതു ശരിയാണെങ്കിൽതന്നെയും, മേരി ഇത്ര മാത്രം ക്ലേശിക്കുവാനുണ്ടോ? രണ്ടു ദിവസംകൊണ്ടു് ആ കോമളഗാത്രം എത്രമാത്രം ക്ഷീണിച്ചിട്ടുണ്ടെന്നു സഹോദരി അറിയുന്നില്ല. ഒരു കണ്ണാടി എടുത്തു നോക്കു്; അപ്പോഴറിയാം ആ സുന്ദരമുഖം എത്ര ക്ഷീണിച്ചിട്ടുണ്ടെന്നു്.

മേരി: (ശാന്തമായി) ഞാൻ കരയുന്നതിലോ, എൻെറ ശരീരത്തിനു ക്ഷീണം ഭവിച്ചതിലോ സഹോദരൻ ഇത്രമാത്രം വ്യഗ്രത കാണിക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

പീററ: മനസ്സിലായില്ലേ?

മേരി: ഇല്ല.

പീററ: ഞാൻ ഭവതിയെ ആത്മാർത്ഥമായി സ്നേഹിക്കുന്നു എന്നതാണു് അതിൻെറ കാരണം.

മേരി: (അതേസ്വരത്തിൽ) സഹോദരനു് ഇഷ്ടപ്പെട്ടാലും കൊള്ളാം; ഇഷ്ടപ്പെട്ടില്ലെങ്കിലും കൊള്ളാം. ഞാൻ നിങ്ങളുടെ സാമീപ്യത്തെ ആത്മാർത്ഥമായി വെറുക്കുന്നു.

പീററ: കാരണം?

മേരി: തൽക്കാലം പറയാൻ ഉദ്ദേശിക്കുന്നില്ല.

പീററ: ഇത്ര വജ്രതുല്യമായ ഒരു ഹൃദയമാണു് ആ ആകാരസുഷമയ്ക്കുള്ളിൽ ഒളിച്ചിരിക്കുന്നതെന്നു ഞാനറിഞ്ഞിരുന്നില്ല.

മേരി: ഇപ്പോൾ മനസ്സിലായില്ലേ?

പീററ: ഹ! ഹ! ഹ! ഹ! (പൊട്ടിച്ചിരിയ്ക്കുന്നു.)

മേരി: എൻെറ വിലയേറിയ സമയം നിങ്ങൾ പാഴാക്കരുതു്.

പീററ: (ഹാസ്യമായി) വിലയേറിയ സമയം!

(തത്സമയം സന്ന്യാസി വരുന്നു. ഈ രംഗം കണ്ടു പെട്ടെന്നു മറഞ്ഞു നില്ക്കുന്നു.)

പീററ: മേരീ, മൗഢ്യത്തരത്തിന്റെ പരമകാഷ്ഠ! ശുദ്ധഗതിക്കാരി! മേരിയുടെ ശുദ്ധഗതിയോർത്തു ഞാൻ സഹതപിക്കുന്നു. അതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുവാൻകൂടി തയ്യാറായിരുന്നുകൊള്ളണമെന്നു മാത്രമേ തൽക്കാലം പറയുന്നുള്ളൂ.

മേരി: സഹോദരാ, ശുദ്ധഗതിക്കാരും ജീവിച്ചുകൊള്ളട്ടെ. ജീവിക്കുക; ജീവിക്കുവാൻ അനുവദിക്കുക; അതല്ലേ വേണ്ടതു്.

പീററ: അതാണു കണ്ടറിയേണ്ടതു്.

മേരി: (ശാന്തമായി) സഹോദരാ! ദയവുചെയ്തു നിങ്ങൾ പോകണം. വെറുതേ ഉപദ്രവിക്കുന്നതെന്തിനു്?

പീററ: ഞാൻ ഒരു ഉപദ്രവകാരിയുമാണോ?

മേരി: തീർച്ചയായും.

പീററ: കാരണം?

മേരി: നിങ്ങളുടെ സാമീപ്യം ഞാനഭിലഷിക്കുന്നില്ലെന്നു പറഞ്ഞു കഴിഞ്ഞില്ലേ. അതുകൊണ്ടു്........

പീററ: (സഗൗരവം) നീയിത്ര ധിക്കാരിയാണെന്നു് ഞാനറിഞ്ഞിരുന്നില്ല. നിനക്കറിയാമോ ഈ പീറററേ? എടീ, നിന്റെ തന്തയില്ലേ, ആ വയസ്സൻ. അയാൾപോലും എന്റെ അംഗുലീചലനത്തിനൊത്തു തുള്ളുന്ന കാലമത്രയും നീ എന്റെ കൂട്ടിലെ കിളിയാണു്. മനസ്സിലായോ? അമ്പടി അഭിസാരികേ! (മേരി ചെവിപൊത്തുന്നു.)

മേരി: (സഗൗരവം)മര്യാദകേടു്; നിറുത്തണം; ഒരു നിമിഷംപോലും എന്റെ വീട്ടിൽ നില്ക്കുവാൻ നിങ്ങൾക്കർഹതയില്ല. (കൈ ചൂണ്ടി) ഹും, കടക്കു പുറത്തു്.

പീററ: (അട്ടഹസിച്ചുകൊണ്ടു് അടുക്കുന്നു.) ഈ സിംഹത്തിന്റെ വായിലേ മാൻപേടയാണു നീ.... (വീണ്ടും അട്

ക്കുന്നു. മേരി എന്തുചെയ്യണമെന്നറിയാതെ അമ്പരക്കുന്നു. പെട്ടെന്നു നീട്ടിയ തോക്കുമായി സന്യാസി പീററിൻെറ മുമ്പിൽ ചാടി വീഴുന്നു. പീററർ നിശ്ചേഷ്ടനാകുന്നു. തൊമ്മി വരുന്നു. ഈ രംഗം കണ്ടു് ഉച്ചത്തിൽ നിലവിളിക്കുന്നു. പരാജിതഭാവത്തോടെ പീററർ ഇറങ്ങിപ്പോകുന്നു.)

മേരി: അങ്ങിപ്പോൾ വന്നതു ഭാഗ്യം!!

സന്യാ: ദൈവാനുഗ്രഹംതന്നെ!

കർട്ടൻ

## രംഗം 16

(മംഗലശ്ശേരി—സഖറിയാ ഒരു കസേരയിൽ ക്ഷീണിതനായി കിടക്കുന്നു—പീററർ പ്രവേശിക്കുന്നു.)

സഖ: (കസേര ചൂണ്ടി) ഇരിയ്ക്കാം.

പീററ: ഇരിക്കുന്നതിനു വിരോധമില്ല; പക്ഷേ........

സഖ: പക്ഷേ?

പീററ: അന്തസ്സുമഭിമാനവുമുള്ളവർക്കു് ഇവിടത്തെ കസേരയിൽ ഇരിക്കാൻ അർഹതയില്ല.

സഖ: എൻെറ കസേരയിലോ?

പീററ: ഈ കസേരയിൽ ഇരിക്കുവാൻ മാത്രമല്ല, ഈ കുടുംബത്തിൽ കാലുകുത്തുവാൻപോലും അഭിമാനമുള്ളവർ മടിക്കും.

സഖ: എനിക്കു മനസ്സിലാകുന്നില്ല?

പീററ: നിങ്ങൾക്കു മനസ്സിലാകുകയില്ല. ലോകം മുഴുവനും അറിഞ്ഞു കഴിഞ്ഞാൽത്തന്നെയും നിങ്ങളെ സംബന്ധിച്ച ഈ രഹസ്യം നിങ്ങളറിയുകയില്ല; അഥവാ, ഇക്കാര്യം ഏററവും ഒടുവിൽ അറിയുന്ന വ്യക്തിയും നിങ്ങളായിരിക്കും. (ഇരിക്കുന്നു.)

സഖ: ഏതു രഹസ്യം? പറയൂ പീററർ.

പീററ: പുരാതനത്വം വഴിഞ്ഞൊഴുകുന്നുവെന്നഭിമാനിക്കുന്ന ഈ മംഗലശ്ശേരിഭവനത്തിന് അപമാനംവന്നുഭവിച്ചിരിക്കുന്നു.

സഖ: (രോഷാന്ധനായി ചാടിയെണീററു്) എന്തു്? എന്തു പറഞ്ഞു നീ! എൻെറ കുടുംബത്തിനപമാനമെന്നോ!!

പീററ: ഞാൻ പറയട്ടെ. അങ്ങിത്ര ക്ഷോഭിച്ചാലോ?

സഖ: ക്ഷോഭമോ? എന്തു ക്ഷോഭം? പറയൂ, എൻെറ കുടുംബത്തിനു നേരിട്ട അപമാനമെന്തെന്നു്.

പീററ: അവിടെ ഇരിക്കൂ. ഞാൻ പറയാം. (സഖറിയാ ഇരിക്കുന്നു.) ആ ജോസഫിനെ ഈ കുടുംബത്തിൽ എന്നു പ്രവേശിപ്പിച്ചുവോ, അന്നുമുതൽ ഇവിടെ വളർന്നുവരുന്ന ദുഷ്പ്രവൃത്തികൾ, ആ കള്ളസന്യാസിയുടെ അടുപ്പംമൂലം അതിൻെറ മൂർധന്യത്തിൽ എത്തിയെന്നു പറഞ്ഞാൽ അങ്ങു വിശ്വസിക്കുമോ?

സഖ: (ജിജ്ഞാസയോടെ) ഒന്നു തുറന്നു പറയൂ?

പീററ: ജോസഫിൻെറ കൂട്ടുപിടിച്ചതുമുതൽ ഏററവും നികൃഷ്ടമായ നിലയിൽ ഈ കുടുംബം അധഃപതിച്ചുപോയി.

സഖ: എന്തു്? (ആവേശത്തോടെ) ഞാനിതെങ്ങനെ വിശ്വസിക്കും?

പീററ: നിങ്ങളിതു വിശ്വസിക്കണമെന്നില്ല. അതിനുവേണ്ടിയല്ല ഞാനിതു പറഞ്ഞതും. ആ കള്ളസന്യാസി ഇവിടെ വന്നുകൊണ്ടിരിക്കുന്ന വിവരം അങ്ങേക്കറിവില്ല; അല്ലേ? ഞാൻ ഒരിക്കൽ അയാളെ കണ്ടു, ഈ മതിലിനകത്തുവെച്ചു്, ഈ വീട്ടിൽവെച്ചു്. അങ്ങയുടെ പുത്രി ഒരു പുണ്യവതിയെന്നായിരിക്കാം അങ്ങു കരുതുന്നതു്. എനിക്കു വിരോധമില്ല. അങ്ങനെതന്നെ കരുതിക്കൊള്ളുക. ഈ ദുർന്നടപടികൾക്കെല്ലാം കളമൊരുക്കുന്ന തൊമ്മിയും ആ സന്യാസിയും കൂടി അന്നു് എന്നെ ഏല്പിച്ച പ്രഹരം! അതൊന്നും സാരമില്ല, അല്ലേ?

സഖ: പീററർ........

പീററ: അഹോ! ഭയങ്കരം! സ്വന്തം ഹീനകൃത്യങ്ങൾ മറച്ചുവയ്ക്കുന്നതിനുവേണ്ടി എന്തെന്തു പ്രവൃത്തികൾ ചെയ്യാനും മനുഷ്യർ മടിക്കുന്നില്ല. എന്നാൽ, ഞാൻ പ്രതികാരത്തിനു മുതിരുന്നില്ല. കാരണം നാം തമ്മിലുള്ള അഭേദ്യമായ സ്നേഹബന്ധം ഒന്നുമാത്രം. എനിക്കുമുണ്ട് അഭിമാനം. എനിക്കുമുണ്ട് അന്തസ്സ്. എനിക്കുമുണ്ട് പണവും പ്രതാപവും സംസ്കാരവും.

സഖ: പീററർ, അങ്ങനെയെങ്കിൽ ഞാൻ അവളോടും ആ തൊമ്മിയോടും ഒന്നു ചോദിച്ചു നോക്കട്ടെ.

പീററ: ഛെ, അതല്ലേ മൗഢ്യം! മോഷ്ടാവു കുററം സമ്മതിച്ചതായി എന്നെങ്കിലും കേട്ടിട്ടുണ്ടോ? തന്നെയുമല്ല, കേവലം മ്ലേഛമായ ഈ വക കാര്യങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിന് അങ്ങയുടെ പുത്രിയോടും അവളുടെ ദുർവൃത്തിക്കു കൂട്ടുനില്ക്കുന്ന ആ തൊമ്മിയോടും ചോദിച്ചാൽ സത്യത്തിൻെറ കണികപോലും മനസ്സിലാക്കുവാൻ സാധിക്കുമെന്ന് അങ്ങു വിശ്വസിക്കുന്നുണ്ടോ?

സഖ: എന്തുകൊണ്ട്?

പീററ: അവർ തങ്ങളുടെ നിലയെ സാധൂകരിക്കുന്നതിന് ആയിരമായിരം പച്ചക്കള്ളങ്ങൾ അങ്ങയുടെ മുമ്പിൽ നിരത്തും.

സഖ: ഹോ! ഇതെല്ലാം ഞാനെങ്ങനെ വിശ്വസിക്കും?

പീററ: ഞാൻ പറയുന്നതൊന്നും അങ്ങു വിശ്വസിയ്ക്കുണ്ടാ. എന്നാൽ........

സഖ: എന്നാൽ?

പീററ: അങ്ങ് ഒരിക്കൽ വിശ്വസിക്കും, പ്രകൃതിതരുന്ന അനിഷേധ്യമായ തെളിവിനെ അടിസ്ഥാനമാക്കി. പക്ഷേ, അന്നു വളരെ വൈകിയിരിക്കും.

സഖ: പ്രകൃതി തരുന്ന തെളിവോ! എന്നു പറഞ്ഞാൽ?

പീററ: അങ്ങേയ്ക്കു മനസ്സിലായില്ല അല്ലേ? (അടുത്തു ചെന്നു ചെവിയിൽ എന്തോ പറയുന്നു.)

സഖ: (രോഷപൂൎണ്ണനായി) ഹയ്യോ!!! (അസഹ്യമായി) ഞാനെന്താണീ കേട്ടതു്! ദൈവമേ! (തലയ്ക്കടിച്ചു്) ഈ ഭവനം........ഹയ്യോ! നരകം!! എടീ, നീ ഈ കുടുംബത്തിൻെറ സൽപേരു തകൎത്തു! (രൂക്ഷനയനങ്ങളോടെ) എടീ ചണ്ഡാലീ! നീ എൻെറ മുഖത്തു കരിതേച്ചു. ഈ കുടുംബം അപമാനിതമായി. ഇത്രനാളും കാത്തുസൂക്ഷിച്ച കുടുംബപവിത്രത നീ തകൎത്തു (പല്ലുകടിച്ചു്) ഹയ്യോ! ഭയങ്കരം!........

(മേരി പ്രവേശിക്കുന്നു. ഏങ്ങിയേങ്ങി കരയുന്നു.)

മേരി: അപ്പ....ച്ചാ!....അ....പ്പ....

സഖ: ഹാ! തെണ്ടിപ്പിശാചേ! (അട്ടഹസിച്ചുകൊണ്ടു കഴുത്തു ഞെരിക്കുവാനടുക്കുന്നു.) ഒരു നിമിഷംപോലും ഇനി നീ ജീവിച്ചുകൂടാ. ദുഷ്ടേ!!

പീററ: (തടഞ്ഞിട്ടു്) ഛേ, സാഹസമരുതു്. എല്ലാം മനുഷ്യസഹജം. പോരെങ്കിൽ അങ്ങയുടെ പുത്രി........

മേരി: (അത്ഭുതത്തോടെ) അപ്പച്ചാ, എന്താണു് ഈ പറയുന്നതിൻെറയെല്ലാം അൎത്ഥം. എനിക്കൊന്നും മനസ്സിലാകുന്നില്ല. (കരയുന്നു.)

സഖ: ഹാ! നിനക്കു മനസ്സിലാകുന്നില്ലപോലും! (തൊമ്മി വാതുക്കൽവന്നു നില്ക്കുന്നു.) അമ്പടീ, നിൻെറ കള്ളക്കണ്ണുനീരു്! ഇനി ഒരു നിമിഷംപോലും നീ ഇവിടെ താമസിക്കുവാൻ പാടില്ല. രാക്ഷസീ!........

മേരി: എൻെറ ദൈവമേ! അപ്പച്ചാ....

സഖ: (തടഞ്ഞുകൊണ്ടു്)വേണ്ടാ, എന്നെ ഒന്നും വിളിക്കേണ്ടാ. ലജ്ജയില്ലല്ലോ എൻെറ മുഖത്തുനോക്കി അപ്പച്ചാ എന്നു വിളിക്കുവാൻ!.... (തൊമ്മി പെട്ടെന്നു മുന്നോട്ടുവന്നു്)

തൊ: വല്യങ്ങുന്നേ! തൊമ്മിയ്ക്കൊരു സംശയവുമില്ലേ.

സഖ: (രോഷാന്ധനായി കൈവലിച്ചടിക്കുന്നു.) ഇറങ്ങെടാ പുറത്ത്. നിനക്കിന്നുമുതൽ ഇവിടെ കാര്യമില്ല.

തൊ: അടികൊണ്ടു മിന്നാമിനുങ്ങു പറക്കണു. എന്റെ ചമ്പളം തന്നാൽ തൊമ്മി പോകാം.

സഖ: (കണ്ണുമിഴിച്ചു) അല്ലെങ്കിൽ?

തൊ: അല്ലെങ്കിൽ ചമ്പളം തന്നേച്ചാമതി.

സഖ: (പല്ലു കടിച്ച്) ശമ്പളം!

പീററ: എന്തെടാ ഇത്ര ധിക്കാരം?

തൊ: അപ്പൊഴേ എന്നോടു കളിച്ചാലുണ്ടല്ലോ? ഓക്കണോണ്ടോ ഇന്നാളത്തേതിന്റെ പുളി....(സഖറിയായോടു) അല്ല വല്യങ്ങുന്നേ ഇന്നാള നടന്നതറിയാമോ?........

സഖ: നീ ശബ്ദിച്ചുപോകരുത്. നീയും നിന്റെ കൊച്ചമ്മയും ഇക്ഷണം ഇവിടെനിന്നിറങ്ങണം.

തൊ: അയ്യോ! കൊച്ചമ്മേനെ ഞാനെവിടെ കൊണ്ടു പോകാനാ?

സഖ: (അടിയ്ക്കാൻ അടുത്തുകൊണ്ട്) പോടാ, ഇറങ്ങി പോടാ അവിടെന്ന്.

തൊ: എന്റെ ചമ്പളം?

സഖ: (ചവിട്ടാൻ കാലുപൊക്കി) നിനക്കു ഞാൻ തന്നുവിട്ടം. (തൊമ്മി പോകുന്നു.)

സഖ: എടീ, എന്തെടീ മിഴിച്ചു നില്ക്കുന്നത്? ഹും! ഇറങ്ങ്!........ (മേരി നാലഞ്ചടി നടന്നു തിരിഞ്ഞു നോക്കുന്നു. സഖറിയാ അലറിക്കൊണ്ടു വീണ്ടുമൊരു കല്പന "ഹും!!" മേരി പോകുന്നു. പീററർ പുഞ്ചിരിക്കുന്നു. ക്ഷീണിതനായ സഖറിയാ കസേരയിൽ കിടക്കുന്നു. ഇടക്കിടയ്ക്കു ഭാവം മാറിക്കൊണ്ടിരിക്കുന്നു.)

പീററ: എന്നാൽ ഞാനിറങ്ങട്ടെ.

സഖ: നിങ്ങൾക്കു പോകണമല്ലേ? ഹാ, ഹാ, ഹാ, ഹ! (ഭാവഭേദത്തിൽ പീററർ അമ്പരക്കുന്നു.)

കർട്ടൻ.

# രംഗം 17

(പള്ളിമേട—അച്ചനും ഇൻസ്പെക്റ്ററും.)

ഇൻ: ഇന്നലെ ഫാദർ എപ്പോഴാണു കിടന്നത്?

വൈ: പത്തുമണിക്ക്.

ഇൻ: സംഭവമുണ്ടായപ്പോൾ എത്രമണിയായിക്കാണും?

വൈ: സംഭവം കഴിഞ്ഞു ഞാൻ ക്ലോക്കിൽ നോക്കിയപ്പോൾ 2–15 കഴിഞ്ഞിരുന്നു. (സഖറിയാ പ്രവേശിക്കുന്നു.)

സഖ: (വെമ്പലോടെ) അച്ചാ, ഇന്നു രാവിലെമുതൽ മേരിയെ കാണുന്നില്ല?

വൈ: എന്ത്? മേരിയെ കാണുന്നില്ലെന്നോ!!

ഇൻ: ഇന്നലെ രാത്രിയിൽ വീട്ടിലില്ലായിരുന്നോ?

സഖ: ഉണ്ടായിരുന്നു. അവൾ കിടക്കമുറിയിൽ കയറി വാതിൽ ബന്ധിക്കുന്നതു കണ്ടുകൊണ്ടാണു ഞാൻ കിടക്കാൻ പോയത്. അപ്പോൾ പത്തരമണി കഴിഞ്ഞിരുന്നു. രാവിലെ ഞാനുണർന്നു നോക്കിയപ്പോൾ മുറിതുറന്നു കിടപ്പുണ്ട്. ആളില്ല. ഞാൻ പല സ്ഥലത്തും ആളയച്ചിട്ടുണ്ട്. എന്റെ മകൾ!........

(പീററർ പ്രവേശിക്കുന്നു.)

വൈ: (സന്തോഷത്തോടെ) ഇരിക്കാം.

പീററ: അന്നു ഞാൻ അച്ചനോടു കുറേ ധിക്കാരമായി പെരുമാറിയതിന് എന്നോടു ക്ഷമിക്കണം.

വൈ: ദൈവം ക്ഷമിക്കട്ടെ!

ഇൻ: എന്താ വിശേഷിച്ച്?

പീററ: ഞാൻ (സഖറിയായെ ചൂണ്ടി) ഇദ്ദേഹത്തെ അന്വേഷിച്ചു വന്നതാണ്. എന്താണ് എല്ലാവരുംകൂടി?

വൈ: ഇന്നലെ ഇവിടെ ഒരു മോഷണം നടന്നു.

പീററ: മോഷണമോ? എപ്പോൾ?

വൈ: ഇന്നലെ രാത്രിയിൽ. കുറേസംഖ്യ എന്നെ കബളിപ്പിച്ചു രണ്ടു തസ്കരന്മാർ തട്ടിക്കൊണ്ടു പോയി.

പീററ: തസ്കരന്മാർ ആരാണെന്നു വല്ല ഊഹവുമുണ്ടോ?

വൈ: എങ്ങനെ അറിയും? കറുത്ത ഉടുപ്പും മുഖംമൂടിയും ധരിച്ചിരുന്ന ആ തസ്കരന്മാരെ എങ്ങനെ തിരിച്ചറിയാനാണ്.

(ആൻറു് പ്രവേശിക്കുന്നു.)

പീററ: എന്താ ആൻേറ വിശേഷം?

ആൻറു്: (എല്ലാവരോടുമായി) ഈയിടെ ഒരു സന്ന്യാസി പ്രത്യക്ഷപ്പെട്ടില്ലേ. അയാളെക്കുറിച്ച് എന്തെല്ലാമാണ് ആളുകൾ സംസാരിക്കുന്നതു്. ആളുകൾ കൂട്ടംകൂടിനിന്നു സംസാരിക്കുകയാണ്, അയാളെ ഇപ്പോൾ കാണാനില്ലെന്നോ ഒളിച്ചു കടന്നെന്നോ ഒക്കെ.

വൈ: എന്തു്! കാണാനില്ലെന്നോ? ഒളിച്ചു കടന്നതാവില്ല. ഇന്നു കാലത്തു് ഇവിടെ വരാമെന്നു പറഞ്ഞിരുന്നതാണ്. പക്ഷേ, ഇതുവരെ കണ്ടില്ല. എവിടെയോ പോയതായിരിക്കും.

ആ: വരുമച്ചോ വരും; നോക്കിയിരുന്നോണ്ടാ മതി. അയാൾ മഹാ കള്ളനല്ലേ അച്ചാ.

വൈ: ഒരാളെക്കുറിച്ചു പെട്ടെന്നിങ്ങനെ വിധികല്പിച്ചാലോ? നിങ്ങൾ അവിടെ ഇരിക്കണം. പറയട്ടേ.

ആ: ക്ഷമിക്കണം. ഞാൻ അത്യാവശ്യമായിട്ട് ഒരിടത്തു പോകാനിറങ്ങിയതാ. പീററർ ഇങ്ങോട്ടു കയറിയെന്നു കേട്ടു വന്നെന്നേയുള്ളൂ. അദ്ദേഹത്തോട്ട് അല്പം സംസാരിക്കാനുണ്ട്. (പീററും ആൻറും അല്പം മാറിനിന്നു സംസാരിക്കുന്നു. സന്തോഷഭരിതമായ മുഖം. ആൻറു പോകുന്നു. പീററർ തിരിച്ചുവന്നിരിക്കുന്നു. ഇതിനിടയ്ക്കു സഖറിയാ സംഭാഷണം തുടരുന്നു.)

സഖ: (ചുഴിഞ്ഞാലോചിച്ച്) ശരി! ഇപ്പോൾ എല്ലാം തെളിഞ്ഞു.

ഇൻ: എന്താണിപ്പറയുന്നത്?

സഖ: വേറൊന്നുമല്ല. ഇന്നു രാവിലെമുതൽതന്നെയാണു മേരിയേയും കാണാത്തത്.

വൈ: അതുകൊണ്ടു?

പീററ: (കയ്യടിച്ചുകൊണ്ടു) ഇപ്പോൾ ഈ പീററർ പറഞ്ഞതു ശരിയോ? ആ കള്ളസന്ന്യാസി അവളേയുംകൊണ്ടു ഇന്നലെ രാത്രി കടന്നുകളഞ്ഞു. അച്ചനു മനസ്സിലായോ?

ഇൻ: ഏതാണീ സന്ന്യാസി?

വൈ: ഒരു ഭിക്ഷു എന്നു വേണമെങ്കിൽ പറയാം. നല്ല മനുഷ്യൻ! അയാളെ ഞാൻ അനാഥമന്ദിരത്തിൽ സ്വീകരിച്ചു. എന്നാൽ, ആ സന്ന്യാസിയേയും മേരിയേയും ബന്ധപ്പെടുത്തി ഇവർ പറയുന്നതിൻെറ പൊരുൾ എനിക്കു മനസ്സിലാകുന്നില്ല!

പീററ: അച്ചോ, അതിൻെറ പിന്നിൽ ഒരു വലിയ ചരിത്രമുണ്ടു. അതെല്ലാം സൗകര്യംപോലെ ഞാൻ പറയാം.

സഖ: അമ്പടാ, കള്ളസന്ന്യാസി! നിന്നെക്കണ്ടാൽ ഇതു വല്ലതും തോന്നുമോ? (ഇൻസ്പെക്ടറോട്) എന്തു ചിലവുവന്നാലും വേണ്ടില്ല അവനെ പിടിച്ചിട്ടു ബാക്കികാര്യം.

ഇൻ: ശരി. ഞാൻ വേണ്ടതുപോലെ അന്വേഷിക്കുന്നതാണു്.

പീററ: അവനൊരു തികഞ്ഞകള്ളനാണു്! സന്ന്യാസി!

സഖ: ആ സ്ഥിതിക്കു അച്ചനെ കബളിപ്പിച്ചു പണം തട്ടിയതും അവൻതന്നെയാണു്.

പീററ: സംശയമുണ്ടോ? അവൻ ഇതിനു വല്ലതിനും മടിക്കുമോ!

വൈ: ദൈവമേ! (നിശ്വസിച്ച്) ഒരു കുഴഞ്ഞ പ്രശ്നം!

കർട്ടൻ

## രംഗം 18

(മംഗലശ്ശേരി—സഖറിയാ ആലോചനാമഗ്നനായി അങ്ങുമിങ്ങും അലക്ഷ്യമായി നടക്കുന്നു—ഇടയ്ക്കിടയ്ക്കു നെററി ചുളിക്കയും വപ്പുകടിച്ച് എന്തോ ആന്ത്യം കാണിക്കയും ചെയ്യുന്നു.)

സഖ: തീർന്നു! എന്റെ ആശകളെല്ലാം അസ്തമിച്ചു! ഇനി ശേഷിക്കുന്നതു മൃതപ്രായമായ ഈ ശരീരംമാത്രം! അവനു ഭ്രാന്ത്! എന്റെ മകനു ഭ്രാന്ത്!! ഏകാവലംബമായ ഓമനപുത്രനു ഭ്രാന്ത്!!! (തലയ്ക്കടിച്ച്) അയ്യോ!!! (മൗനം.) അവൾ! ഓമനിച്ചു ലാളിച്ചു വളത്തിയ എന്റെ മകൾ!!........(പെട്ടെന്നു ക്രൂരമായി) എന്ത്? ആ തേവിടിശ്ശി! എന്റെ കുടുംബത്തിനപമാനം വരുത്തിക്കൊണ്ടു കടന്നു കളഞ്ഞ ആ രാക്ഷസി!! അയ്യോ!!!........ദൈവമേ! ഇത്ര ഭയങ്കരമായി ശിക്ഷിക്കപ്പെടത്തക്കവിധത്തിൽ ഞാൻ എന്തപരാധമാണു ചെയ്തത്!! (പീററർ പ്രവേശിക്കുന്നു.)

പീററ: എന്താണൊരു വല്ലാത്ത ഭാവം!

സഖ: പീററർ, എന്നെപ്പോലൊരു ഭാഗ്യഹീനൻ ഈ ലോകത്തിലുണ്ടോ?

പീററ: എന്ത് അങ്ങു പറയുന്നു. (പ്യൂൺ വരുന്നു.)

പ്യൂൺ: സർ, ഒരു കമ്പിയുണ്ട്.

സഖ: എനിയ്ക്കോ?

പ്യൂൺ: അതെ. (സഖറിയാ ഒപ്പിട്ടു വാങ്ങി പീററിനെ ഏല്പിക്കുന്നു. പ്യൂൺ പോകുന്നു.)

സഖ: (വ്യഗ്രതയോടെ) എന്താണു സംഗതി?

പീററ: ഡോക്ടരുടെ കമ്പിയാണിത്.

സഖ: (അതിശയത്തോടെ) ഡോക്ടരുടെ?

പീററ: അതെ.

സഖ: ങേ്!

പീററ: ജോൺ...........

സഖ: (ത്രപ്പെട്ട്) ജോൺ! പറയൂ പീററർ! വേഗം പറയൂ?

പീററ: ജോൺ മ....രി....ച്ചു....പോയി!!........

(സഖറിയാ ദീനരോദനത്തോടെ പിറകോട്ടു മറിയുന്നു.)

കർട്ടൻ

## രംഗം 19

(മംഗലശ്ശേരി—സഖറിയാ ഇരുകരങ്ങളും പിറകിൽ കെട്ടി നയനങ്ങളെ ശൂന്യതയിലർപ്പിച്ചു നില്ക്കുന്നു.)

സഖ: ഹാ! ദൈവമേ നീ എൻെറമേൽ കനിയുകയില്ലേ? എൻെറ ഓമനമകൻ എനിക്കു നഷ്ടപ്പെട്ടു. (കണ്ണു നിറയുന്നു. സഗദ്ഗദം) ഇല്ല! ഇതെല്ലാം ഞാൻ അനുഭവിക്കേണ്ടവനാണ്. അത്രയ്ക്കു പാപിയാണു ഞാൻ! (നെഞ്ചു തടവിക്കൊണ്ട്) എൻെറ ഹൃദയവേദന ശമിപ്പിക്കുവാൻ, എന്നെ തെല്ലാശ്വസിപ്പിക്കുവാൻ ഒരു മനുഷ്യനുമില്ലല്ലോ! ഞാനേകൻ! എൻെറ മകനേ! നീയുമെന്നെ പിരിഞ്ഞല്ലോ!........ അതിനു ഞാനാണോ കുററക്കാരൻ? നീ കന്യാത്വത്തിനു കളങ്കം വരുത്തിയിട്ടു എൻെറ കുടുംബത്തിനപമാനം വരുത്തിക്കൊണ്ട് ആ ദ്രോഹിയുടെകൂടെ ഇറങ്ങിപോയതിന്........ ഞാനാണോ കുററക്കാരൻ! (പീററർ വരുന്നു.)

പീററ: അല്ല; ആ തെണ്ടിയാണു കുററക്കാരൻ.

സഖ: പീററർ, എനിക്കു നിങ്ങൾ മാത്രമാണൊരാശ്രയം.

പീററ: തീർച്ചയായും. ഈ പീററർ ജീവിച്ചിരിക്കു

ന്നിടത്തോളംകാലം അങ്ങേയ്ക്കു യാതൊരനർത്ഥവും നേരിടു വാൻ ഞാൻ അനുവദിയ്ക്കയില്ല. ഞാൻ അങ്ങേയ്ക്കുവേണ്ടി എന്തു ത്യാഗങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് അങ്ങ് അറിയുന്നില്ലേ? അങ്ങയുടെ ജീവിതം ഏററവും സുന്ദരമാക്കിത്തീർക്കുന്നതിന ഞാൻ അക്ഷീണയത്നം ചെയ്തുകൊണ്ടാണിരിക്കുന്നത്. ത ന്മൂലം അങ്ങയുടെ പുത്രിയും ആ വിടാഗ്രേസരനുംകൂടി ആലു വായ്ക്കപ്പുറമുള്ള ഒരു ഗ്രാമത്തിൽ സുഖമായി താമസിക്കുന്നുണ്ടെന്ന വസ്തുത സൂക്ഷ്മമായി അറിഞ്ഞതിനുശേഷമാണു ഞാനിങ്ങോട്ടു വന്നിരിക്കുന്നത്.

സഖ: (അത്ഭുതാനന്ദിതം) ഹേ! അവർ ആലുവായ്ക്കപ്പുറമുണ്ടെന്നോ?

പീററ: അതേ. നമ്മുടെ ആൻറാണ് ഇതു കണ്ടുപിടിച്ചതു്.

സഖ: അഹാ! അങ്ങനെയോ! എന്നാൽ........

പീററ: ഉടൻ പുറപ്പെടുകതന്നെ. വേഗമാകട്ടെ.

സഖ: അതാണു ഞാനും ആലോചിക്കുന്നതു്.

പീററ: ഒട്ടും താമസം പാടില്ല. വേഗം.

കർട്ടൻ

## രംഗം 20

(ഒരു കുന്നിൻെറ താഴ്വരപ്രദേശം—സഖറിയാ, പീററർ, ആൻറു് എന്നിവർ പ്രവേശിക്കുന്നു.)

സഖ: അവ്വൂ! ഇനി ഒരടിപോലും നടക്കുവാൻ എനിക്കു വയ്യാ.

പീററ: ഇനി നടക്കണമെന്നില്ല.

ആ: നമുക്ക് ഇവിടെ ഇരുന്നുകളയാം.

സഖ: ഏതായാലും നമുക്ക് അങ്ങോട്ടു പോകാം.

പീററ: (അട്ടഹസിച്ചിട്ട്) എങ്ങോട്ടു പോകാൻ?

ആ: (ഹാസ്യസ്വരത്തിൽ) അങ്ങോട്ടു പോകാനോ? തന്നെ ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും വിടത്തില്ല.

സഖ: (ഒന്നും മനസിലാകാതെ) ഇതിൻെറ അത്ഥം?

പീററ: അത്ഥമോ? (കഠാരിയെടുത്ത്) ഇതുതന്നെ. (സഖറിയാ പരിഭ്രാന്തനാകുന്നു.) ഹേ, വയസ്സാ, നിങ്ങളുടെ ജീവൻ ഈ കഠാരിയുടെ മുനയിലാണു തങ്ങിനില്ക്കുന്നത്. അതു ആ വൃദ്ധ ശരീരത്തിൽനിന്നു വേർപെടുവാൻ ഇനി അധികസമയമില്ല. മനസ്സിലായോ?

(ആൻറു പരിസരങ്ങളെ ശ്രദ്ധിക്കുന്നു.)

സഖ: (ഭയവും സങ്കടവും കലർന്നസ്വരത്തിൽ) അയ്യോ!........പീററർ........കൊടുംചതി!!!

പീററ: ചതി! (പോക്കററിൽനിന്ന് ഒരു കടലാസ്സെടുത്ത്) ഇതിൽ ഒപ്പിടു! ഹും! വേഗം.

സഖ: (ദയനീയമായി) പീററർ!........

പീററ: ഹേ, മനുഷ്യാ! നിങ്ങൾ അനുസരിക്കുന്നോ, അതോ........

സഖ: അയ്യോ! ഞാനതൊന്നു വായിച്ചുനോക്കട്ടെ.

ആ: ഛേ, അതു കള. പീററർ, വല്ലവരും ഇങ്ങോട്ടുവന്നാൽ....

പീററ: നിങ്ങളുടെ സവ്വസ്വത്തുക്കളും എനിക്ക് ഇഷ്ടദാനമായി തന്നിരിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുള്ള പത്രമാണിത്. ഉം, വേഗം ഒപ്പിടു.

സഖ: ദൈ....വ....മേ!!....

പീററ: ദൈവം! ശബ്ദിച്ചുപോകരുത്! എടോ, തനിക്കു ജീവൻ വേണോ? അതോ........

സഖ: (നെഞ്ചത്തടിച്ച്) പീററർ, നീയെന്നെ വഞ്ചിച്ചു! അയ്യോ! ദുഷ്ടാ!!.... (തലയ്ക്കടിക്കുന്നു.)

പീററ: (പേനാ കൊടുത്തിട്ട്) ഉം, വേഗം ഒപ്പിടണം. (സഖറിയാ മടിക്കുന്നു. പീററർ കഠാരി ഓങ്ങുന്നു. സഖറിയാ ഒപ്പിട്ടു കൊടുക്കുന്നു.)

സഖ: ഇനി എന്നെ വിട്ടേക്കാമല്ലോ?

പീററ: അത്ര മഠയനല്ല ഞാൻ. ഇനി ഒരുനിമിഷംപോലും തനിക്കു ജീവിക്കുവാൻ അവകാശമില്ല! (പീററർ സഖറിയായെ കുത്തുന്നു. സഖറിയാ വീഴുന്നു. ദീനരോദനമുയരുന്നു. വീണ്ടും കുത്തുവാൻ കഠാരി ഓങ്ങുന്നു. തത്സമയം അണിയറയിൽ കൈതോക്കൊഴിയുന്ന ശബ്ദം കേൾക്കുന്നു.)

അന്തോ: ആരോ ഇങ്ങോട്ടു വരുന്നുണ്ട്. (ഇരുവരും ഓടുന്നു.)

സഖ: ദൈ....വ....മേ!........

(സ്വല്പസമയത്തിനുള്ളിൽ സന്യാസി പ്രവേശിക്കുന്നു. രക്താഭിഷിക്തനായ സഖറിയായെ കണ്ട് ഒരു നിമിഷം സ്തബ്ധനായി നില്ക്കുന്നു.)

സന്യാ: ചതിച്ചു. എന്റെ വരവു വൈകിപ്പോയി!!

സഖ: (ദീനസ്വരത്തിൽ) ദൈ....വ....മേ!!

കർട്ടൻ.

## രംഗം 21

(മംഗലശ്ശേരി—സമയം രാത്രി—കണ്ടാൽ ഭ്രാന്തനാണെന്നു തോന്നുന്ന ഒരുവൻ പതുങ്ങിപതുങ്ങി പ്രവേശിക്കുന്നു.—മുറിയിൽ ഭിത്തിയോടു ചേർന്ന് ഒരു മേശ—പുറമേ ഇട്ടിരിക്കുന്ന വിരിപ്പു മുൻവശം തിണ്ണവരെ നീണ്ടു കിടക്കുന്നു. മേശമേൽ പത്രങ്ങളുംമററും—ഭ്രാന്തൻ കൈയിലുള്ള ചില സാധനങ്ങളുപയോഗിച്ചു മേശ തുറക്കുന്നു. ഒരു കടലാസ്സെടുത്തു നോ

ക്കി തിട്ടംവരുത്തി മടിയിൽ വയ്ക്കുന്നു. അണിയറയിൽ പീററർ, ആൻറു് എന്നിവർ സംസാരിക്കുന്ന ശബ്ദംകേട്ട് ഭോന്തൻ മേശയ്ക്കടിയിൽ ഒളിക്കുന്നു. അവർ പ്രവേശിക്കുന്നു.)

പീററ: എടാ, ഞാനീ മുറി അടയ്ക്കാതെയാണോ് പോയതു്?

ആ: വിചാരം പലതല്ലേ, പിന്നെ എങ്ങനെ ഓക്കും?

പീററ: എന്തെടാ, വിചാരം?

ആ: ഛേര, അതുകള. എല്ലാം കൈവശംകിട്ടിയതിൻെറ ആഹ്ലാദംകൊണ്ടു സ്വയം മറന്നു നടക്കുകയല്ലേ?

പീററ: മതിയെടാ നിൻെറ ഫാസ്യഭാഷണം.

ആ: മതിയെങ്കിൽ മതി. പക്ഷേ, ഒരു കാര്യം........

പീററ: ഉം? (ഇൻസ്പെക്റ്റർ പ്രവേശിക്കുന്നു. അവർ ആചാരം ചെയ്യുന്നു.)

ഇൻ: മി. സഖറിയാ ഇവിടെ ഇല്ലേ?

പീററ: ഇല്ലല്ലോ?

ഇൻ: ങ്?

പീററ: അങ്ങ് അതറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു?

ഇൻ: എനിക്കു മനസിലാകുന്നില്ല?

ആ: ഛേര, അതുകള.

ഇൻ: ഛേ!! എന്തെടോ താൻ പറഞ്ഞതു്? (ഇൻസ്പെക്റ്ററുടെ തുറിച്ച നോട്ടത്തിൽ ആൻറു് പരിഭ്രാന്തിയോടുകൂടി എന്തോ പറയുവാൻ തത്രപ്പെടുന്നു.)

പീററ: സഖറിയാ എൻെറ ഒരാത്മസുഹൃത്താണെന്ന വസ്തുത അങ്ങേയ്ക്കറിവില്ലേ?

ഇൻ: എനിക്കറിവില്ല.

പീററ: എന്നാൽ അങ്ങനെ ആയിരുന്നു.

ഇൻ: അതുകൊണ്ട്?

പീററ: അദ്ദേഹത്തിനു നേരിട്ട ദുരന്താനുഭവങ്ങൾ അങ്ങേയ്ക്കറിയാമല്ലോ?

ഇൻ: കുറെയൊക്കെ അറിയാം.

പീററ: ഭയങ്കരമായ കളവ്, ജോണിൻെറ ഭ്രാന്തും മരണവും, ഏകപുത്രിയായ മേരിയുടെ അന്തർദ്ധാനം, ഇങ്ങനെ നിരവധി നിരാശാജനകമായ അനുഭവങ്ങളാൽ തകർന്ന ഹൃദയത്തെ ആററിത്തണുപ്പിക്കുവാൻ എല്ലാം എന്നെ ഏല്പിച്ചിട്ട ദേശാടനാത്ഥം പുറപ്പെട്ടിരിക്കയാണ്. അദ്ദേഹം റോമിൽ ചെന്നു മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ച് അനുഗ്രഹാശിസ്സുകൾ വാങ്ങി തിരിച്ചുവരുമെന്നാണു പറഞ്ഞത്.

ഇൻ: എന്നു തിരിച്ചുവരും?

പീററ: മറുപടി പറയുവാൻ നിവ്വാഹമില്ലാത്ത ചോദ്യമാണത്.

ഇൻ: (വാച്ചു നോക്കി) ഉം. ശരി. ഞാനിറങ്ങുന്നു. (ഇൻസ്പെക്റ്റർ പോകുന്നു.)

പീററ: നീ എന്താണു പറഞ്ഞത്?

ആ: മനസ്സിലായില്ലേ? ഞാൻ കുറെ ദിവസങ്ങളായി ആവത്തിക്കാറുള്ള ആ കാര്യം.

പീററ: എനിക്കു മനസ്സിലാകുന്നില്ല.

ആ: അഹിക്കാത്തതു ലഭിക്കുമ്പോൾ പരിസരങ്ങളെ മറക്കുക മനുഷ്യസഹജമാണ്.

പീററ: അഹിക്കാത്തതു അനുഗ്രഹിക്കുന്നതും മനുഷ്യസഹജമാണ്.

ആ: വെറും പരമാത്ഥം.

പീററ: നീ ഇന്നു വലിയ തത്വജ്ഞാനിയായിട്ടാണല്ലോ പുറപ്പാട്.

ആ: അതു ശരിയാണെങ്കിൽ, നിങ്ങളാണ് എന്നെ അ

നിലയിലെത്തിച്ചതു്. യാഥാർത്ഥ്യങ്ങളുമായി നിങ്ങൾ എന്നെ കൂട്ടിമുട്ടിച്ചു.

പീററ: യഥാർത്ഥ്യങ്ങൾ (ഊറിയൂറിച്ചിരിക്കുന്നു.)

ആ: ഛേ, അതുകള. അതു വെറും പച്ചച്ചിരിമാത്രമല്ലേ? സ്നേഹിതാ, വളരെ ബുദ്ധിമുട്ടേണ്ടിവന്നെങ്കിലും, ഒരിക്കലും കിട്ടുവാൻ അർഹതയില്ലാത്ത ഈ മംഗലശ്ശേരിയും സ്വത്തുക്കളും നിങ്ങൾക്കു ലഭിച്ചു. എന്നാൽ തൽകാര്യസിദ്ധിക്കായി അഹോരാത്രം സജീവമായി യത്നിച്ച എനിക്ക്— സ്വജീവനെപ്പോലും പണയപ്പെടുത്തി നിഷ്ഠൂരകൃത്യങ്ങൾ ചെയ്യുവാൻ മുതിന്ന എനിക്ക്— സ്നേഹിതാ, കേവലം നിസ്സാരമായ ഒരു തുക ഞാൻ ആവശ്യപ്പെട്ടിട്ട് അതിന്റെ മുന്നിൽ വെറും അന്ധത അഭിനയിക്കുന്ന നിങ്ങൾതന്നെ, എന്നെ ഇരുത്തി ചിന്തിപ്പിച്ച് ഒരു തത്വജ്ഞാനിയാക്കി!

പീററ: ഓഹോ! ഇതാണോ കാര്യം. നിന്റെ സംസാരം കേട്ടപ്പോൾ എനിക്കു തോന്നി ഏതോ ബ്രഹ്മാണ്ഡമായ കാര്യമാണു പറയുന്നതെന്നു്.

ആ: എനിക്കിതു ബ്രഹ്മാണ്ഡംതന്നെയാണു്.

പീററ: നീ ഒട്ടുംതന്നെ ചിന്തിക്കാതെയാണു സംസാരിക്കുന്നതു്. നമ്മുടെ സുദൃഢമായ സ്നേഹബന്ധത്തെ ശിഥിലമാക്കത്തക്കവിധത്തിൽ നീ സംസാരിക്കുന്നതിൽ ഞാൻ ഖേദിക്കുന്നു.

ആ: ഛേ, അതുകള. നമ്മുടെ ബന്ധത്തെ മുറിക്കത്തക്ക പരിതസ്ഥിതിയെ സൃഷ്ടിച്ച താങ്കളുടെ ദയാഹീനമായ മനഃസാക്ഷിയെ ഓർത്തു താങ്കൾ ഖേദിച്ചിരുന്നെങ്കിൽ!!

പീററ: (സഗൗരവം) നിർത്തടാ നിന്റെ പ്രസംഗം. നീ അത്ര വിളഞ്ഞാൽ 5000- രൂപായല്ല, 5-പൈപോലും നിനക്കു ഞാൻ തരില്ല!

ആ: (ഹാസ്യമായി) ഛേ അതു കള. 5-പൈയുല്ല,

5000 രൂപാതന്നെ നിങ്ങളോടു വാങ്ങിക്കുവാൻ എനിക്കു കഴിയും.

പീററ: കഴിയും, കഴിയും! നിൻെറ ഈ ലോകത്തിലേ ജീവിതം കഴിയും. മനസ്സിലായോ?

ആ: നിങ്ങളെ മനസ്സിലായി.

പീററ: (സഗൗരവം) എന്തൊന്നാടാ മനസ്സിലായതു്?

ആ: നിങ്ങൾ സ്വന്തവാളാൽ സ്വയം വെട്ടുകയാണെന്നു്.

പീററ: ആ വെട്ടു നിനക്കും കൊള്ളുമെന്നറിയാമോ?

ആ: നിങ്ങളെപ്പോലുള്ള ഇരുകാലിമൃഗങ്ങൾക്കു കൂട്ടുനിന്നാൽ വെട്ടുമാത്രമല്ല അതിലപ്പുറവും ഉണ്ടാകുമെന്നു ഞാൻ പഠിച്ചു. വഞ്ചകൻ.

പീററ: വഞ്ചകൻ! എന്തിനാണു വഞ്ചകനായ എനിക്കു നീ കൂട്ടുനിന്നതു്? (പല്ലു ഞെരിച്ചു്) പറയെടാ.

ആ: സ്നേഹിതാ, ദരിദ്രരായ മാതാപിതാക്കൾക്കു് ഏകസന്താനമായി ജനിച്ച ഒരു ഹതഭാഗ്യനാണു ഞാൻ! കൂലിവേലക്കാരനായിരുന്ന പിതാവു വളരെ കഷ്ടപ്പെട്ടു്, അദ്ദേഹത്തിൻെറ ആയുസ്സിൻെറ ദൈർഘ്യത്തെ കുറച്ചുകൊണ്ടു് എനിക്കു സാമാന്യവിദ്യാഭ്യാസം തന്നു. അങ്ങനെ താണ നിലയിൽനിന്നു് ഉയരുവാൻ വ്യാമോഹിച്ച ഞാൻ, മാതാപിതാക്കളുടെ വിയോഗത്തോടെ ജീവിതവുമായി ഏററുമുട്ടേണ്ടിവന്നു. ദുരഭിമാനപ്രമത്തതയാൽ കൂലിവേല ചെയ്യാൻ മടിച്ച ഞാൻ കേവലം ഒരു 'ഇത്തിക്കണ്ണി' ആയി മാറി. അല്ല, മാറേണ്ടിവന്നു! മനസ്സാക്ഷി നല്കിയ പ്രേരണകൾക്കു മുമ്പിൽ അന്ധനായിക്കൊണ്ടു്—ഒരു ചാൺ വയറിനുവേണ്ടി 'ഇത്തിക്കണ്ണി'യായി മാറിയ ഞാൻ, വഞ്ചകനും നിഷ്ഠുരനുമായ നിങ്ങൾക്കു കൂട്ടുനില്ക്കേണ്ടിവന്നു. അതിൻെറ പ്രതിഫലമാണു് നിങ്ങളുടെ കൃതഘ്നത!

പീററ: എടാ, ആൻേറ, നിൻെറ വ്യഗ്രത കുറേ കൂടുതലാണ്. ഇത്രയുംകാലം നാം ഒരുമിച്ചു ജീവിച്ചിട്ടു നീയെന്നെ ശരിക്കു മനസ്സിലാക്കിയില്ല. എടാ, നീ വിചാരിക്കുന്നതുപോലെ ഞാൻ വഞ്ചകനൊന്നുമല്ല.

ആ: ഛേ, അതു കള. നിങ്ങൾ ഒരു ഭയങ്കര വ്യാഘ്രമാണ്.

പീററ: (ചിരിച്ചുകൊണ്ടു്) എടാ, ആൻേറ, നിന്നെ ഒന്നു ശരിക്കു മനസ്സിലാക്കുന്നതിനല്ലേ ഞാനിതെല്ലാം പറഞ്ഞതു്. (അടുത്തുചെന്നു് ആൻറിൻെറ ഇരുഭുജങ്ങളിലും പിടിച്ചു കുലുക്കിക്കൊണ്ടു്) പാവം ആൻറ്! പരിഭ്രമിച്ചുപോയി, അല്ലേ? എടാ, നിൻെറ ആവശ്യവും, എൻെറ ആവശ്യവും രണ്ടും രണ്ടാണോ? അല്ലെടാ, എല്ലാം ഒന്നുതന്നെ. നിനക്ക് 5000 അല്ല 50000 ഞാൻ തരുന്നുണ്ടു്. നീ ഒന്നു ചിരിക്കൂ! ഉം. സംതൃപ്തിയോടെ ചിരിക്കൂ.

ആ: നിങ്ങൾ ആത്മാർത്ഥമായാണോ സംസാരിക്കുന്നതു്. ഇത്രയും കണ്ടതിൽനിന്നു ഇതു വെറുമൊരു അടവല്ലെ എന്നു ഞാൻ സംശയിക്കുന്നു.

പീററ: സംശയിക്കുകയോ? എന്തൊരു സംശയക്കാരനാണ് നീ. എടാ, നീ എന്നെ ചതിക്കരുതു്. നിന്നെ ഞാൻ ചതിക്കയില്ല: തീർച്ച.

കർട്ടൻ

## രംഗം 22

(പള്ളിമേട— വൈദികൻ പത്രം വായിച്ചുകൊണ്ടു കിടക്കുന്നു— തത്സമയം ഇൻസ്പെക്ടർ, P. C. എന്നിവർ സന്യാസിയെ ബന്ധിച്ചുകൊണ്ടുവരുന്നു—വൈദികൻ ആചാരം ചെയ്തിട്ടു സന്യാസിയെ സൂക്ഷിച്ചുനോക്കുന്നു— സന്യാസി പുഞ്ചിരിക്കുന്നു.)

വൈ: ഇയാളെ എവിടെവച്ചു പിടിച്ചു?

ഇൻ: ഇവനോത്തു ഞങ്ങളെല്ലാം മറയന്മാരാണെന്നാണു്. കള്ളറാസ്കൽ. (സന്ന്യാസി ചിരിക്കുന്നു.)

(തത്സമയം പീററും ആൻറും വരുന്നു.)

പീററ: (പൊട്ടിച്ചിരിച്ചിട്ടു്) ഈ കടുവായെ ഏതു കാട്ടിൽച്ചെന്നു പിടിച്ചു?

ഇൻ: (അഭിമാനപൂർവ്വം) കടുവായെ പിടിക്കുന്ന കിടുവാ ഇവിടെ ഉണ്ടെന്നു് ഇവനറിഞ്ഞില്ല. (സന്ന്യാസി ചിരിക്കുന്നു.) എന്തെടാ, നീ ഇളിക്കുന്നതു്. റാസ്കൽ. നോക്കു, വല്ല കുലുക്കവുമുണ്ടോയെന്നു്. കള്ളസന്ന്യാസി! (സന്ന്യാസി വീണ്ടും ചിരിക്കുന്നു. ഇൻസ്പെക്ടർ ചാടിയെണീററു് അടിയ്ക്കാൻ ഓങ്ങുന്നു. വൈദികൻ തടഞ്ഞിട്ടു്)

വൈ: തല്ലരുതേ. അതുകൂടാതെതന്നെ നമുക്കു് ഇയാളെ ശരിയാക്കാമല്ലോ.

പീററ: ഈ ആദർശം വച്ചുകൊണ്ടിരുന്നിട്ടാണു് അച്ചനു് ഈവിധമുള്ള അനുഭവമുണ്ടായതു്.

വൈ: ഉപ്പുതിന്നുന്നവൻ വെള്ളം കുടിക്കും പീറററേ, തത്രപ്പെടാതെ.

പീററ: (അല്പം മഞ്ഞളിപ്പോടെ) കാഴ്ചയിൽ വെറും പശു. പ്രവൃത്തിയിൽ ചെന്നായെക്കാൾ ഭയങ്കരൻ. (സന്ന്യാസി ചിരിക്കുന്നു.)

ആ: (ഹാസ്യത്തിൽ) അവൻെറ നില്പു കണ്ടില്ലേ?

ഇൻ: ഇവിടെനിന്നു നീ അപഹരിച്ച പണം എന്തു ചെയ്തു? സത്യം പറയണം.

സന്ന്യാ: സത്യമാണു പറയേണ്ടതെങ്കിൽ, ഞാൻ പണം അപഹരിച്ചില്ല.

പീററ: എന്തു്! നീ അച്ചൻെറ മുഖത്തുനോക്കിപ്പറയൂ, പണമപഹരിച്ചില്ലെന്നു്.

സന്ന്യാ: ഞാൻ ഏതുവിധത്തിൽ പറയണമെന്നു നിർദ്ദേശിക്കേണ്ടതു് നിങ്ങളല്ല.

ആ: ഛേര, അതു കള.

ഇൻ: (ആൻറിനോട്ട്) എടോ, താൻ ശബ്ദിക്കരുതു്. (സന്ന്യാസിയോട്ട്) മര്യാദയ്ക്കു ഞാൻ ചോദിച്ചതിനു സമാധാനം പറയൂ?

സന്ന്യാ: ഇൻസ്പെക്ടർ, സദയം അനുവദിക്കുമെങ്കിൽ എനിക്കു രണ്ടുവാക്കു പറയുവാനുണ്ടു്.

ഇൻ: ഏതുകാര്യത്തെസംബന്ധിച്ച്?

സന്ന്യാ: ഈ കളവിനെസംബന്ധിച്ചതന്നെ.

ഇൻ: (വൈദികനുമായി എന്തോ സ്വകാര്യം പറഞ്ഞിട്ടു്) ഉം. ശരി, പറയൂ. കളവുപറഞ്ഞാല്വണ്ടല്ലോ? റാസ്കൽ.

സന്ന്യാ: ഭാഗ്യഹീനനായ ഞാൻ ഈ ബ. വൈദികൻെറ ഔദാര്യത്താൽ അനാഥമന്ദിരത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു. ഈ കളവു നടന്ന രാത്രി ഉദ്ദേശം ഒരുമണിസമയത്തു മംഗലശ്ശേരിബംഗ്ലാവിൻെറ മുൻവശത്തുകൂടി ഞാൻ കടന്നുപോകുമ്പോൾ, ആരോ രണ്ടുപേർ മംഗലശ്ശേരിവാതിലിനു വെളിയിലേയ്ക്കു കടന്നുവരുന്നതു ഞാൻ കാണുവാനിടയായി. ഞാൻ മറഞ്ഞുനിന്നു. മേരിയുടെ കൈകൾ ബന്ധിച്ചു വായും മൂടി കെട്ടി, രണ്ടു മനുഷ്യപിശാചുക്കൾ അവളെ എടുത്തുകൊണ്ടുവരുന്നതാണു ഞാൻ കണ്ടതു്. (പീററും ആൻറും പരസ്പരം നോക്കുന്നു.)

പീററ: (ഇൻസ്പെക്ടരോട്ട്) സർ, എനിക്കു പോകാൻ കുറേ തിടുക്കമുണ്ടു്. ഞാനിറങ്ങട്ടെ.

ഇൻ: ഇരിക്കണം മിസ്റ്റർ. ഇത്ര തിടുക്കമെന്താണു്?

പീററ: അല്ല, എനിക്കു പോകാൻ കുറേ തിടുക്കമുണ്ടു്. അൻേറ, വരൂ.

സന്ന്യാ: (ഇൻസ്പെക്ടരോട്ട്) സർ, ഞാൻ ഈ പറയുന്ന

സംഗതികളുടെ പയ്യവസാനത്തിന് ഇവരുടെ സാന്നിദ്ധ്യവും വളരെ അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് അവർ പോകാൻ അനുവദിച്ചുകൂടാ.

ആ: അതു നിങ്ങൾ അല്ലല്ലോ തീരുമാനിക്കേണ്ടതു്.

ഇൻ: അതു ഞാൻതന്നെ തീരുമാനിക്കാം. നിങ്ങളിവിടെ ഇരിക്കു. (സന്ന്യാസിയോട്) ഉം, എന്നിട്ട്?

സന്ന്യാ: ഞാൻ അവരെ പിൻതുടന്നു. അവർ മേരിയേയുംകൊണ്ട് ഈ പീറററിന്റെ വീട്ടിലേയ്ക്കു കയറുന്നതാണു ഞാൻ കണ്ടതു്.

പീററ: (വികാരാധീനനായി) എന്റെ വീട്ടിലേയ്ക്കോ! ഇതു പച്ചക്കള്ളമാണ്!

സന്ന്യാ: അധികം ചാടാതെ പീററർ. ഞാൻ അവിടെ ഒളിച്ചുനിന്നു. മേരിയെ മുറിക്കകത്തിട്ടു പൂട്ടിയിട്ട് ഉടനേ അവർ എങ്ങോ ഇറങ്ങിപ്പോയി. തത്സമയം, എന്റെ പക്കലുണ്ടായിരുന്ന ചില സാധനങ്ങൾ ഉപയോഗിച്ചു മുറി തുറന്നു ഞാൻ മേരിയെ രക്ഷിച്ചു.

ഇൻ: അവർ ആരാണെന്നറിയാമോ നിങ്ങൾക്ക്?

സന്ന്യാ: കറുത്ത തുണികൊണ്ട് നഖശിഖാന്തം ആച്ഛാദനം ചെയ്തിരുന്ന അവരെ എങ്ങനെ തിരിച്ചറിയാനാണ്? ഏതായാലും അച്ഛനെ ഭയപ്പെടുത്തി രൂപാ തട്ടിയതും അവർ തന്നെയാണ്, സംശയമില്ല.

വൈ: ആരായിരിക്കാം അവർ?

സന്ന്യാ: ഈ പീററും ആൻറും അല്ലാതെ മററാരുമല്ല. നിശ്ചയം.

പീററ: (ചാടിയെണീററ്) ഇതു പച്ചക്കള്ളം.

സന്ന്യാ: ക്ഷമിക്കണം പീററർ, ചാടാതെ.

ഇൻ: പീററർ, ഇപ്പറഞ്ഞതു് സത്യംതന്നെയോ?

പീററ: അതു് എന്റെ അഭിമാനത്തെ കളങ്കപ്പെടുത്താൻമാത്രമേ പര്യാപ്തമാകൂ.

ഇൻ: ഉം. (സന്ന്യാസിയോട്) മേരി ഇപ്പോൾ എവിടെയാണ്?

സന്ന്യാ: മേരി എൻെറ സംരക്ഷണയിലുണ്ട്.

ഇൻ: എവിടെയാണ്?

സന്ന്യാ: അല്പസമയത്തിനുള്ളിൽ മേരി ഇവിടെ വന്നുചേരും. (തത്സമയം സഖറിയാ വരുന്നു. എല്ലാവരും അത്ഭുതസ്തബ്ധരാകുന്നു. പീററെറ കണ്ട ക്ഷണത്തിൽ ഇരകണ്ട പുലിയെപ്പോലെ മുന്നിൽ ചാടി കഴുത്തുപിടിച്ചു ഞെരിച്ചുകൊണ്ട്)

സഖ: എടാ ദ്രോഹി! ദുഷ്ടാ! നിന്നെ ഞാൻ കൊല്ലും! കൊല്ലും! ദ്രോഹി ചാകട്ടെ............(മററുള്ളവർ സഖറിയായെ ആ സാഹസത്തിൽനിന്നു പിന്തിരിപ്പിക്കുന്നു.)

വൈ: ഇത്ര അക്ഷമനായാലോ?

സഖ: (സന്ന്യാസിയെ കണ്ട് സന്തോഷത്തോടെ) ഹാ! സന്ന്യാസി എന്നെ രക്ഷിച്ച സഹോദരൻ! (ആലിംഗനം ചെയ്യുന്നു.) അച്ചോ, ഇദ്ദേഹമാണ് എന്നെ രക്ഷിച്ചതു്! ആ സമയത്തു് ഇദ്ദേഹം വരാതിരുന്നെങ്കിൽ എൻെറ സ്ഥിതി!!........ (തിരിഞ്ഞു പീററിൻെറനേരെ വപ്പുകടിച്ചു്) നിന്നെ ഞാൻ കൊല്ലുമെടാ ദ്രോഹി!!

വൈ: നിങ്ങൾ ഇവിടെ ഇരിക്കൂ. (സഖറിയാ ഇരിക്കുന്നു.)

ഇൻ: താങ്കൾ ഇത്രയുംനാൾ എവിടെയായിരുന്നു?

സഖ: ആശുപത്രിയിൽ ആയിരുന്നു. അച്ചൻെറ കമ്പി കിട്ടിയതിനുശേഷമാണു ഞാൻ ഇങ്ങോട്ടു തിരിച്ചതു്.

വൈ: (അതിശയത്തോടെ) എൻെറ കമ്പിയോ! ഞാൻ നിങ്ങൾക്കു കമ്പിയടിച്ചോ! എന്നു്?

സന്ന്യാ: അച്ചനല്ല, ഞാനാണു കമ്പിയടിച്ചതു്.

സഖ: നിങ്ങളോ? കാര്യം?

സന്ന്യാ: പറയാം കേൾക്കൂ. മംഗലശ്ശേരിയിൽനിന്നു മോഷണംപോയ 5000 രൂപായെസംബന്ധിച്ച കേസ്സ്, അന്നവിടെ ക്ലാക്കായിരുന്ന ജോസഫിൻെറമേൽ ആരോപിച്ചിരിക്കയാണല്ലോ?

ഇൻ: അതെ. അതുസംബന്ധിച്ച് നിങ്ങൾക്ക്........

സന്ന്യാ: വളരെ പറയുവാനുണ്ട്.

സഖ: നിങ്ങൾക്കോ?

സന്ന്യാ: അതേ.

വൈ: നിങ്ങൾ ആ സംഭവങ്ങൾക്കും മററും ശേഷമാണല്ലോ ഈ നാട്ടിൽ വന്നതു്?

സന്ന്യാ: അല്ല. അതിനുമുൻപും ഞാനീനാട്ടിലുണ്ടായിരുന്നു. പണം മോഷണംപോയ അന്ന് എൻേറതായ ചില സംശയങ്ങളെ അടിസ്ഥാനമാക്കി വേണ്ട കരുതലോടുകൂടി ഞാൻ ഒരു സ്ഥലത്തേക്കു പോകുമ്പോൾ രണ്ടുപേർ മുഖംമൂടിയും മററും ധരിച്ച് ഒളിച്ചും മറഞ്ഞും പോകുന്നതു കണ്ടു. ഞാൻ അവരെ രഹസ്യമായി പിന്തുടർന്നു. ഇരുവരും മംഗലശ്ശേരിഭവനത്തിൻെറ മതിൽചാടി അകത്തുകടന്നു. ഞാൻ ശ്രദ്ധിച്ചു. കുറേ കഴിഞ്ഞപ്പോൾ അവർ അതുവഴി പുറത്തുചാടി. തത്സമയം അവിടെ വേലക്കാരൻ ബഹളമുണ്ടാക്കുന്നതു ശ്രദ്ധിക്കാതെ ഞാൻ തോക്കുമായി ആ തസ്കരന്മാരുടെ മുമ്പിൽ ചാടിവീണു. അവർ അവിടെനിന്നും മോഷ്ടിച്ച 5000 രൂപായും ഞാൻ കൈയ്ക്കലാക്കി. പ്രാണരക്ഷാർത്ഥം പലായനംചെയ്ത അവരെ ഞാൻ പിൻതുടന്നു. ആകമാനം കറുത്തവേഷം ധരിച്ചിരുന്ന അവർ അവരുടെ വീട്ടിൽചെന്നു മങ്ങിയ വെളിച്ചത്തിൽ വേഷംമാറുന്നതു ഞാൻ കണ്ടു.

സഖ: (ഇടയ്ക്കുകയറി) അവർ ആ ജോസഫും മററുമായിരുന്നില്ലേ?

സന്ന്യാ: അവിടെയാണു നിങ്ങൾക്കു തെററുപററിയതു്.

അതു മററാരുമായിരുന്നില്ല; അങ്ങയുടെ നിതാന്തസഖാക്കളെന്നഭിനയിച്ചിരുന്ന ഈ പീററും ആൻറും ആയിരുന്നു.

പീററ: (ചാടിയെണീററ്) ഛരായ്, പച്ചക്കള്ളം!!

സഖ: (വീണ്ടും പീററിൻെറ മുമ്പിൽ ചാടിവീണിട്ട്) നിന്നെ ഞാൻ കൊല്ലുമെടാ, കൊല്ലും.

ഇൻ: (സഖറിയായെ തടഞ്ഞിട്ട്, പീററരോട്) പീററർ, ഇതു സത്യമോ?

പീററ: എനിക്കറിഞ്ഞുകൂടാ. എനിക്കാ പാരമ്പര്യമില്ല.

ഇൻ: നിങ്ങളെക്കൊണ്ടു ഞാൻ സത്യം പറയിപ്പിക്കും. (ആൻറിനോട്ട്) എടാ, സത്യം പറയണം. നിങ്ങളാണോ രൂപാ മോഷ്ടിച്ചതു? ജീവനിൽ കൊതിയുണ്ടെങ്കിൽ ഉള്ള നേരു പറഞ്ഞേക്ക്. അല്ലെങ്കിൽ നിൻെറ 'പൂട്ട്' ഞാൻ തെറിക്കും. (ആൻറ് ഭയവിഹ്വലനാകുന്നു. പീററർ ആൻറിനെ നോക്കി കണ്ണുടച്ചുകാണിക്കുന്നു.)

ആ: ഇല്ല, ഞങ്ങൾ............

ഇൻ: (കയത്തുകൊണ്ടു അട്ടക്കുന്നു.) നീ സത്യം പറയുകയില്ല: അല്ലേടാ, പയലേ.

ആ: പറയാമേ, പറയാം. ഈ ദ്രോഹിയാണ് എന്നെ വിളിച്ചുകൊണ്ടുപോയതു്. (ഇൻസ്പെക്ടർ പീററരെ തുറിച്ചു നോക്കുന്നു. പീററർ നമ്രശിരസ്കനാകുന്നു.)

ഇൻ: നിങ്ങൾ രണ്ടുപേരും ഇങ്ങു മാറിനില്ക്കു. ഹും. (ഇരുവരും മാറിനില്ക്കുന്നു. ഇൻസ്പെക്ടർ സന്ന്യാസിയോട്) ശരി. നിങ്ങൾക്കു തുടരാം.

സന്ന്യാ: മംഗലശ്ശേരിയിൽനിന്നും അന്തർദ്ധാനംചെയ്ത ജോസഫ്തന്നെയാണ് ഈ കളവുചെയ്തതെന്നു സഖറിയാ വിശ്വസിച്ചു. അങ്ങനെ അപരാധം അപരൻെറമേൽ ആരോപിതമായതുമൂലം യഥാൎത്ഥ കുററവാളികളായ ഇവരുടെ കുത്സിതവൃത്തികൾ നിർവിഘ്നം തുടർന്നുപോരുകയും ചെയ്തു.

അടുത്ത അശനിപാതം ഉണ്ടായതു ജോണിൻെറമേലായിരുന്നു. ജോൺ കഴിച്ച കാപ്പിയിൽ വിഷം കലന്നിരുന്നു എന്നതു് അവിതക്കിതമാണു്. ഈ വിഷപ്രയോഗവും ഇവർതന്നെയാണു ചെയ്തതു്. സർ, ചോദിക്കണം, ഇതു സത്യമോയെന്നു്.

ഇൻ: എടാ, സത്യം പറയൂ. ഹും! (പീററർ മൗനം)

ആ: ഈ ദുഷ്ടൻ പറഞ്ഞിട്ടാണു ഞാനതു ചെയ്തതു്.

സഖ: എൻെറ മകനു വിഷംകൊടുത്തു കൊന്നതു നീയാണോ! എടാ ദുഷ്ടാ! നിന്നെ ഞാൻ കൊല്ലും.

ഇൻ: (സന്യാസിയോടു്) നിങ്ങൾ തുടരണം.

സന്യാ: പീറററിൻെറ അടുത്ത ലക്ഷ്യം മംഗലശ്ശേരിയിലെ സ്വത്തുക്കൾ കൈവശപ്പെടുത്തുകയെന്നതായിരുന്നു. അതിനുവേണ്ടി ആദ്യമായി ജോൺ മരിച്ചുവെന്നു കാണിച്ചു സഖറിയായ്ക്കു് പീററർ ഒരു കമ്പിയടിച്ചു!

സഖ: അപ്പോൾ എൻെറ മകൻ............

സന്യാ: സുഖമായി ജീവിച്ചിരിക്കുന്നു.

സഖ: (അതിശയിച്ചു്) ദൈവമേ! ഇതു വാസ്തവമോ?

സന്യാ: എന്തിനു സംശയിക്കുന്നു? താമസിയാതെ അവർ ഇവിടെ വന്നുചേരും.

ആലുവായ്ക്കപ്പുറമുള്ള ഒരു ഗ്രാമത്തിൽ മേരിയുമൊത്തു ജോസഫ് താമസിക്കുന്നുണ്ടെന്നും ഉടൻ പുറപ്പെടുന്നപക്ഷം അവരെ പിടികൂടാമെന്നും തെററിദ്ധരിപ്പിച്ചു്, ആശ നശിച്ച സഖറിയായെ പീററർ യാത്രയാക്കി! ഞാനും അവരെ പിൻതുടന്നു. നിർഭാഗ്യവശാൽ ഞങ്ങൾ രണ്ടുവഴിക്കായിപ്പോയി. ഒരു കുന്നിൻചരുവിൽനിന്നു ദീനമായി ആരോ നിലവിളിക്കുന്നതു കേട്ടപ്പോൾ അലക്ഷ്യമായി തോക്കൊഴിച്ചുകൊണ്ടു ഞാൻ പാഞ്ഞെത്തി. അപ്പോൾ കണ്ട കാഴ്ച ഏററവും ദാരുണമായിരുന്നു. സഖറിയാ രക്തത്തിൽ കുളിച്ചു് അർദ്ധപ്രാ

ണനായി കിടക്കുന്നു. പ്രതിയോഗിയെ അന്വേഷിക്കാതെ ഇദ്ദേഹത്തെ ഉടൻതന്നെ ഞാൻ ആശുപത്രിയിലാക്കി.

ഇൻ: (സഖറിയായോട്) ഇതു വാസ്തവമാണോ?

സഖ: അക്ഷരംപ്രതി പരമാൎത്ഥം! പതിനഞ്ചുദിവസത്തിനുശേഷമാണു നല്ല ബോധമുണ്ടായതെന്നും, പനി നിശ്ശേഷം വിട്ടുമാറിയതെന്നും ഡോക്ടർ പറഞ്ഞു.

സന്യാ: (പോക്കററിൽനിന്നും ഒരു കടലാസെടുത്ത്) അന്ന്, സകല സ്വത്തുക്കളും പീററിൻെറ പേരിൽ ഇഷ്ടദാനമായി കൊടുത്തിരിക്കുന്നുവെന്നു സഖറിയായെക്കൊണ്ട് ഒപ്പിടുവിച്ച പത്രമാണിത്. നോക്കൂ! (ഇൻസ്പെക്ടർ വാങ്ങി നോക്കുന്നു.)

ഇൻ: (പീററിനോട്) ഇതുതന്നെയാണോ ആ പത്രം?

പീററ: (ദൃഷ്ടിയുയൎത്താതെ) അതേ. (ഒളികണ്ണാൽ സന്യാസിയെ നോക്കുന്നു.)

സന്യാ: പീററർ, നിങ്ങളത്ഭുതപ്പെടേണ്ട. ഗൂഢമായി നിങ്ങളെ അനുധാവനംചെയ്തിരുന്ന ഞാൻതന്നെയാണു നിങ്ങളുടെ മേശയ്ക്കകത്തുനിന്ന് ഇതെടുത്തത്. സർ, സഖറിയായും മററും ഇവിടെ വന്നുചേരുന്നതിന് അച്ഛൻെറ പേരുവച്ചു കമ്പിയടിക്കുകയെന്നതായിരുന്നു എൻെറ അടുത്ത നടപടി. അതിനുശേഷമാണു ഞാൻ നേരിട്ടുവന്നു പിടികൊടുത്തത്.

ഇൻ: ഇനി നിങ്ങൾക്കു വല്ലതും പറയുവാനുണ്ടോ?

സന്യാ: റീത്തായേയും മേരിയേയും ദുൎഘടസന്ധിയിൽനിന്നു രക്ഷിച്ചു ജോണിൻെറ വാസസ്ഥലത്തെത്തിച്ചുവെന്നതും സന്തോഷകരമായ ഒരു വസ്തുതയാണ്.

(തത്സമയം ജോൺ, മേരി, റീത്ത എന്നിവർ പ്രവേശിക്കുന്നു.)

ജോൺ: }
മേരി: } (ഒരുമിച്ച്) അപ്പച്ചാ!

സഖ: മക്കളേ, (ആശ്ലേഷബദ്ധരാകുന്നു.)

(റീത്ത "ചേട്ടാ!" എന്നു വിളിച്ചുകൊണ്ടു പീററെ സമീപിക്കുന്നു. പീററർ ദയനീയമായി നോക്കുന്നു. ഇരുവരുടേയും കണ്ണുകൾ ബാഷ്പകലുഷിതമാകുന്നു.)

വൈ: (സന്ന്യാസിയോട്) വാസ്തവത്തിൽ താങ്കൾ ആരാണ്?

സന്ന്യാ: വിശാലമായ ഈ ലോകത്തിൽ വെറും കൈയ്യുമായിക്കഴിയുന്ന ഒരു ഏഴയാണു ഞാൻ.

വൈ: അത്ഭുതകരമായി ഈ കേസ്സുകൾ തെളിയിച്ച നിങ്ങൾ വെറുമൊരു സാധാരണക്കാരനാണെന്നുമാത്രം പറഞ്ഞാൽ അതു വിശ്വസിക്കുവാൻ പ്രയാസമാണ്? അതുകൊണ്ടു നിങ്ങൾ ആരാണെന്നു തുറന്നുപറയൂ.

സന്ന്യാ: ഞാനോ! ഞാനാരെന്നറിയണം അല്ലേ?

സഖ: അതേ, ഞങ്ങൾക്കറിയണം.

സന്ന്യാ: ഈ ശബ്ദബഹുലമായ സംഭവങ്ങൾക്കെല്ലാം സാക്ഷ്യം വഹിക്കേണ്ടിവന്ന നിർഭാഗ്യനും ദരിദ്രനുമായ ഞാൻതന്നെയാണു (താടിയും മററും അഴിച്ചുമാററിക്കൊണ്ട്) ഹതഭാഗ്യനായ ജോസഫ്!

(സദസ്സ് അത്ഭുതസ്തബ്ധമാകുന്നു.)

(പീററർ പരിഭ്രാന്തനാകുന്നു. ആൻറു കണ്ണിമയ്ക്കാതെ ജോസഫിനെ നോക്കുന്നു.)

സഖ: (ജോസഫിനെ ആലിംഗനം ചെയ്തുകൊണ്ട്) പ്രിയപ്പെട്ട ജോസഫ്!! (കണ്ണുനിറയുന്നു. കണ്ഠമിടറുന്നു.) എൻെറ അപരാധങ്ങൾ നീ ക്ഷമിക്കുമോ. നിന്നെ ഞാൻ തെ

ററിദ്ധരിച്ചു....... (സഖറിയാ ജോസഫിൻെറ മുഖത്തേക്കു ദീനമായി നോക്കുന്നു.)

ജോസ: ഒരു മനുഷ്യനു ക്ഷമിക്കുവാൻവയ്യാത്തതായി അങ്ങെന്തപരാധം ചെയ്തു? ദുർമ്മോഹികളും വഞ്ചകന്മാരുമായ സ്തുതിപാഠകരുടെ വലയിൽ കുടുങ്ങി അപകടങ്ങൾ സ്വയം വരുത്തിവച്ച അങ്ങയുടെ കഴിവില്ലായ്മയിൽ ഞാൻ സഹതപിക്കയാണു വേണ്ടതു്. നന്നായി പശ്ചാത്തപിച്ചു് ഈശ്വരനോടു മാപ്പുചോദിക്കുക. ആ സ്നേഹസമ്പന്നൻ അങ്ങയോടു ക്ഷമിക്കും.

ജോൺ: ജോസഫ്!..........

ജോസ: ജോൺ.......(ആശ്ലേഷബദ്ധരാകുന്നു.)

(യാചകൻ വരുന്നു.)

യാച: അച്ചോ, ആ കള്ളസന്ന്യാസിയെ പിടിച്ചെന്നു കേട്ടല്ലോ. അവൻ എന്തൊരു ആൾക്കാരനെടാ. (റീത്ത ഒരു നിമിഷം യാചകനെ നോക്കിനിന്നശേഷം)

റീത്ത: അ.......പ്പ.......ച്ചാ!!!.......അപ്പച്ചൻെറ....... റീത്ത!.......

യാച: മ.......ക........ളേ!!റീത്തേ!!!........(ആശ്ലേഷിക്കുന്നു. കണ്ണുനീർ പൊഴിയുന്നു.)

റീത്ത: ചേട്ടാ, എൻെറ ചേട്ടാ!! ഇതാ ചേട്ടൻ തെണ്ടിയാക്കിത്തീർത്ത അപ്പച്ചൻ!

പീററ: (കണ്ണു നിറയുന്നു. സഗദ്ഗദം) അ.......പ്പ.... ച്ചാ!!!! (ഇരുകരങ്ങളും നീട്ടി പാദത്തിൽ വീഴുന്നു. യാചകൻ "മകനേ!" എന്നു വിളിച്ചുകൊണ്ടു് എഴുന്നേല്പിച്ചു് ആലിംഗനം ചെയ്യുന്നു. മററുള്ളവർ അതിശയത്തോടെ ഈ രംഗം നോക്കിനില്ക്കുന്നു.)

വൈ: (യാചകനോട്) പീററർ മകനാണെന്ന വസ്തുത എന്തുകൊണ്ടാണു ഞങ്ങളിൽനിന്നു മറച്ചുവച്ചതു്?

യാച: പിതാവേ, ഒരു പ്രഭുകുമാരൻെറ പദവിയോടെ കഴിഞ്ഞിരുന്ന ഇവൻെറ മുമ്പിൽ, കീറമാറാപ്പും പിച്ചച്ചട്ടിയുമായി ആരുകണ്ടാലും അറയ്ക്കുന്ന വേഷത്തിൽ ഞാൻ പ്രത്യക്ഷപ്പെട്ടാൽ, തന്മൂലം ഇവൻെറ അന്തസ്സിനും പ്രതാപത്തിനും വല്ല കുറവും വന്നു ലോകത്തിൻെറ മുമ്പിൽ കേവലം ഒരു തെണ്ടിയുടെ മകനായി മാറിയാൽ, അതു് എൻെറ മകനു സങ്കടത്തിനു കാരണമാകുമല്ലോയെന്നോർത്താണു് തന്തയായ ഞാൻ അതു മറച്ചുവച്ചതു്.

പീററ: (ഇടറിയ സ്വരത്തിൽ)അ........പ്പ........ച്ചാ!.... എൻെറ........അ........പരാ........ധ........ങ്ങൾ........എന്നോട്........ക്ഷ........മി........ക്കേ........ണ........മേ!!!

യാച: മകനേ, ദൈവം നിന്നോടു ക്ഷമിക്കട്ടെ.

പീററ: (സഖറിയായോട്) ജോസഫ് വിവരിച്ച എല്ലാ സംഭവങ്ങൾക്കും പൂർണ്ണ ഉത്തരവാദി ഞാനാണെന്നിതാ ഏററുപറയുന്നു.(ആൻറിനെ ചൂണ്ടി)ഇവൻ ഇതിൽ കുററക്കാരനല്ല. ഞാനാണു് അവനെക്കൊണ്ടു് ഇതെല്ലാം ചെയ്യിച്ചതു്. അവൻ നിരപരാധിയാണു്. നിങ്ങളെല്ലാവരോടും ഞാൻ ചെയ്തിട്ടുള്ള കഠോരമായ പ്രവൃത്തികൾക്കു ഞാൻ മാപ്പുചോദിക്കുന്നു. എന്നോടു ക്ഷമിക്കണേ!!!

സഖ: എൻെറ മക്കളേക്കാൾ വലുതല്ല എൻെറ ധനം. എൻെറ മക്കളെ എനിക്കു തിരിച്ചുകിട്ടി. അതിനാൽ (ഇൻസ്പെക്ടരോട്) ഈ കേസ്സു മുഴുവനും പിൻവലിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

ഇൻ: ശരി. താങ്കളുടെ ഹിതമനുസരിച്ചു വേണ്ടതുപോലെ ആലോചിച്ചു ചെയ്യാം.

സഖ: എന്റെ ജീവിതം എന്നെ ഒരു പാഠം പഠിപ്പിച്ചു. ലൗകികമോഹങ്ങളെല്ലാം തിരസ്കരിച്ച് ഒരു പുതിയജീവിതം തുടങ്ങുവാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. ഇന്നുമുതൽ കഷ്ടതയനുഭവിക്കുന്ന ബഹുഭൂരിപക്ഷത്തിനു സേവനമനുഷ്ടിക്കുവാൻ ഞാൻ നിശ്ചയിക്കുന്നു. എന്റെ ധനത്തിന്റെ അർദ്ധഭാഗവും സാധുജനസേവനത്തിനായി നീക്കിവച്ചിരിക്കുന്നുവെന്നു ഞാനിതാ പ്രസ്താവിച്ചുകൊള്ളുന്നു. തന്നെയുമല്ല, അവശസംരക്ഷണത്തിനായി വീടുവിട്ടിറങ്ങുവാനും ഞാൻ തീരുമാനിച്ചിരിക്കുന്നു. (ജോസഫിന്റെയും മേരിയുടേയും വലതുകരങ്ങൾ തമ്മിൽ ചേർത്തുകൊണ്ട്) ഏതെല്ലാം പ്രതിരോധശക്തികൾ തലയുയർത്തിയാലും പരിശുദ്ധമായ സ്നേഹം വിജയിക്കതന്നെ ചെയ്യും. (മേരി ലജ്ജിതയായി റീത്തയെ സമീപിക്കുന്നു, യാചകൻ സന്തോഷത്തോടെ ജോസഫിനെ സമീപിച്ച്) ..................

യാച: മോനേ, മോനേതാണ്? എവിടെയാണു വ...

ജോസ: എന്റെ വീട് കോട്ടയത്താണ്. ചെറുപ്പത്തിലേ ഞാൻ നാടുവിട്ടു...........

യാച: കോട്ടയത്തോ? ങേ? ചെറുപ്പത്തിലേ നാടുവിട്ടെന്നോ? അവിടെ വീട്ടുപേരെന്തുപറയും?

ജോസ: മലർമുററത്ത് ഔസേപ്പച്ചന്റെ മകനായി ജനിച്ച ഭാഗ്യദോഷിയാണു ഞാൻ.

യാച: (അത്ഭുതവികാരാവേശനായി) മലർമുററത്ത്.... ഔസേ........പ്പച്ചന്റെ.........മ........കനോ!!!.........(ശ്വാസവേഗത കൂടുന്നു. കണ്ണു നിറയുന്നു. വിറയ്ക്കുന്ന കൈകൾ നീട്ടി) മ........ക........നേ!!! എന്റെ മകനേ, നിന്റെ ഭാഗ്യദോഷിയായ അപ്പച്ചനാണെടാ ഞാൻ!!! പൊന്നു........മ........ക.... നേ!!! (ആലിംഗനം ചെയ്യുന്നു.)

ജോസ: (അത്ഭുതസ്തബ്ധനായി) ഹോ! എൻെറ അപ്പ ച്ചാ!!! അപ്പച്ചാ! എൻെറ അപ്പച്ചാ!!! (തഴുകുന്നു.)

റീത്ത: ചേട്ടാ എൻെറ ചേട്ടാ!!! (ഓടിച്ചെന്ന് ആലിം ഗനം ചെയ്യുന്നു.)

ജോസ: എൻെറ കൊച്ചനുജത്തീ!!!

പീററ: (വികാരവിഭ്രാന്തനായി നെഞ്ചത്തടിച്ച്)ഹാ! എൻെറ ചേട്ടൻ/ഹയ്യോ!!! സഹോദരൻ!!!........

ജോസ: (പീററനെ മാറോടു ചേർത്തുകൊണ്ട്) എൻെറ അനുജാ!! ഹാ!......

പീററ: ഹയ്യോ! എൻെറ സഹോദരൻ!!........ എ ൻെറ........ര......ക്തം!! രക്തത്തെ........ഞാൻ........വ........ ലി........ച്ചു!!........(നെഞ്ചു തടവിക്കൊണ്ട്)അയ്യോ! എൻെറ ...! തകരുന്നു! തകരുന്നു!! പൊട്ടിത്തെറിക്കുന്നു!!!(ഒരു ഭാ ...ലെ തലയ്ക്കടിച്ചുകൊണ്ട്) സഹോദരനെ വഞ്ചിച്ച ഞാൻ........ഹാ!!!........(ബോധംകെട്ടു വീഴുന്നു )

ജോസ: എൻെറ അനുജാ!! (താങ്ങി മടിയിൽ കിട

റീത്ത: ചേട്ടാ!!

യാച: എടാ, മോനേ!!............

കർട്ടൻ

സമാപ്തം

---

Cum Permissu Superiorum.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 1/7/94 | | |

DC Library
*00003914*
T62 J61

T62
J61

T62
J61

Indic Digital Archive Foundation
gpura.org